# പതിമൂന്നാം കേരള നിയമസഭ

**(THIRTEENTH KERALA LEGISLATIVE ASSEMBLY)**

# വിഷയനിർണ്ണയ സമിതി XI
# (SUBJECT COMMITTEE XI)

## ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും

**(FOOD, CIVIL SUPPLIES AND CO-OPERATION)**

**പീരിയോഡിക്കൽ റിപ്പോർട്ട്**
**(2014 മാർച്ച് 31 വരെയുള്ളത്)**

## (PERIODICAL REPORT AS ON 31ST MARCH 2014)

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും
സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ
(1)-ാം ഉപചട്ടപ്രകാരമുള്ളത്

[Under Rule 239 (1) of the Procedure and Conduct of Business
in the Kerala Legislative Assembly]

2014 ജൂൺ 25-ാം തീയതി സമർപ്പിച്ചത്
(Presented on 25th June, 2014)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2014

SECRETARIAT OF THE KERALA LEGISLATURE
THIRUVANANTHAPURAM
2014

പതിമൂന്നാം കേരള നിയമസഭ

(THIRTEENTH KERALA LEGISLATIVE ASSEMBLY)

# വിഷയനിർണ്ണയ സമിതി XI

# (SUBJECT COMMITTEE XI)

**ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും**

**(FOOD, CIVIL SUPPLIES AND CO-OPERATION)**

**പീരിയോഡിക്കൽ റിപ്പോർട്ട്**

(2014 മാർച്ച് 31 വരെയുള്ളത്)

**(PERIODICAL REPORT AS ON 31ST MARCH 2014)**

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും
സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ
(1)-ാം ഉപചട്ടപ്രകാരമുള്ളത്

[Under Rule 239 (1) of the Procedure and Conduct of Business in the Kerala Legislative Assembly]

870/2014.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം | .. | 23 |

# വിഷയനിർണ്ണയ സമിതി XI

## ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും

(2013-2016)

**ഘടന**

<u>ചെയർമാൻ</u> :

ശ്രീ. അനൂപ് ജേക്കബ്,
ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി.

<u>എക്സ്-ഒഫീഷ്യോ അംഗങ്ങൾ</u> :

ശ്രീ. സി. എൻ. ബാലകൃഷ്ണൻ,
സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി.

ശ്രീ. അടൂർ പ്രകാശ്,
റവന്യൂവും കയറും വകുപ്പുമന്ത്രി.

<u>അംഗങ്ങൾ:</u>

ശ്രീമതി ഗീതാ ഗോപി

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

ശ്രീ. ലൂഡി ലൂയിസ്

ശ്രീ. കെ. കെ. നാരായണൻ

ശ്രീ. ആർ. സെൽവരാജ്

ശ്രീ. ജി. സുധാകരൻ

ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്:</u>

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി

ശ്രീമതി എസ്. ജയന്തി, ജോയിന്റ് സെക്രട്ടറി

ശ്രീമതി എസ്. ഷാഹിന, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. സഖറിയ പി. സാമുവൽ, അണ്ടർ സെക്രട്ടറി.

# അവതാരിക

ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XI-ന്റെ 1-4-2013 മുതൽ 31-3-2014 വരെയുള്ള കാലയളവിലെ പീരിയോഡിക്കൽ റിപ്പോർട്ട് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ (1)-ാം ഉപചട്ടം അനുസരിച്ച് ഞാൻ സമർപ്പിക്കുന്നു.

പതിമൂന്നാം കേരള നിയമസഭയുടെ 28-6-2011-ന് രൂപീകൃതമായ 2011-13 കാലയളവിലേയ്ക്കുള്ള സബ്ജക്ട് കമ്മിറ്റി-XI, 2013 ഡിസംബർ 26 വരെ തുടരുകയുണ്ടായി. 2013 ഡിസംബർ 27-ാം തീയതിയിലെ ബുള്ളറ്റിൻ നമ്പർ 463 (ഭാഗം-2) പ്രകാരം ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XI (2013-16)-കാലയളവിലേയ്ക്ക് 2013 ഡിസംബർ 28-ന് നിലവിൽ വരുകയുണ്ടായി. പ്രസ്തുത സമിതിയിൽ ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി ചെയർമാനും സഹകരണം, റവന്യൂ എന്നീ വകുപ്പുകളുടെ മന്ത്രിമാർ എക്സ്-ഒഫീഷ്യോ അംഗങ്ങളും മറ്റ് ഏഴ് എം.എൽ.എ.മാർ അംഗങ്ങളായുമുണ്ട്. സമിതി 2013 ഏപ്രിൽ 1 മുതൽ 2014 മാർച്ച് 31 വരെയുള്ള കാലയളവിൽ പരിഗണിച്ച വിഷയങ്ങളാണ് ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

റിപ്പോർട്ട് കാലയളവിൽ സമിതി ആകെ 10 യോഗങ്ങൾ ചേരുകയുണ്ടായി. 18-4-2013, 24-4-2013 എന്നീ തീയതികളിൽ ചേർന്ന യോഗങ്ങളിൽ 2013-14 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധനയും 8-5-2013-ൽ ചേർന്ന യോഗത്തിൽ പ്രസ്തുത ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച കരട് റിപ്പോർട്ടും 1-4-2012 മുതൽ 31-3-2013 വരെയുള്ള പീരിയോഡിക്കൽ റിപ്പോർട്ടും പരിഗണിക്കുകയുണ്ടായി. ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച വിവിധ റിപ്പോർട്ടുകളിൻമേലുള്ള നടപടിക്കുറിപ്പുകളുടെ പരിഗണന, വകുപ്പുകളിൽ നിന്ന് ലഭിച്ച വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ പരിഗണന, കരട് ചട്ടം വിജ്ഞാപനം ചെയ്യുന്നതിന്മേലുള്ള സാധൂകരണം എന്നിവയ്ക്കായി സമിതി 27-5-2013-ൽ യോഗം ചേർന്നു. 2012-13 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശുപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ സംബന്ധിച്ച ആക്ഷൻ ടേക്കൺ റിപ്പോർട്ട് 8-7-2013-ലെ യോഗത്തിൽ സമിതി അംഗീകരിച്ചു. 4-10-2013-ന് സമിതി പത്തനംതിട്ട ജില്ലയിലെ കോന്നിയിലുള്ള കൗൺസിൽ ഫോർ ഫുഡ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് സന്ദർശിക്കുകയും പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്തു. ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച വിവിധ റിപ്പോർട്ടുകളിൻമേലുള്ള നടപടിക്കുറിപ്പുകളുടെ പരിഗണന, കരട് ചട്ടം വിജ്ഞാപനം ചെയ്യുന്നതിന്മേലുള്ള സാധൂകരണം എന്നിവയ്ക്കായി 18-11-2013-ന് സമിതി യോഗം ചേർന്നു. 27-1-2014-ലെ യോഗത്തിൽ 2013-ലെ കേരള സഹകരണ സംഘം (മൂന്നാം ഭേദഗതി) ബിൽ സമിതി പരിഗണിക്കുകയും ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു.

20-2-2014, 4-3-2014 എന്നീ തീയതികളിൽ സമിതി യോഗം ചേരുകയും 2014-15 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധന നടത്തുകയും ചെയ്തു. യോഗങ്ങളിലെ ശരാശരി ഹാജർനില 62% ആയിരുന്നു.

മൂന്ന് അദ്ധ്യായങ്ങളായിട്ടാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്. ഒന്നാം അദ്ധ്യായത്തിന്റെ ആദ്യഭാഗത്ത് 2013-2014, 2014-2015 എന്നീ സാമ്പത്തിക വർഷങ്ങളിലെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച വിവരങ്ങളും സമിതിയുടെ 2012-13-ലെ പീരിയോഡിക്കൽ റിപ്പോർട്ട്, ആക്ഷൻ ടേക്കൺ റിപ്പോർട്ട്, സമിതിയുടെ സ്പെഷ്യൽ റിപ്പോർട്ട് എന്നിവ സംബന്ധിച്ച വിവരങ്ങളും രണ്ടാം ഭാഗത്ത് ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച വിവിധ റിപ്പോർട്ടുകളിലെ ശുപാർശകളും അവയ്ക്ക് സർക്കാരിൽ നിന്ന് ലഭിച്ച മറുപടികളും മൂന്നാം ഭാഗത്ത് ചട്ടം 236(5) പ്രകാരമുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് സഭയിൽ സമർപ്പിച്ച ശേഷം ലഭിച്ച ആക്ഷൻ ടേക്കൺ സ്റ്റേറ്റ്മെന്റുകളും ഉൾപ്പെടുത്തിയിരിക്കുന്നു. രണ്ടാം അദ്ധ്യായത്തിൽ സമിതി പരിഗണിച്ച ബിൽ, കരട് ചട്ടങ്ങൾ, എസ്.ആർ.ഒ.കൾ, വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ എന്നിവയും മൂന്നാം അദ്ധ്യായത്തിൽ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെ ശുപാർശകളിൻമേലുള്ള നടപടി സ്റ്റേറ്റ്മെന്റ് ലഭ്യമാക്കുന്നതിൽ നേരിട്ട കാലതാമസം വിശദമാക്കുന്ന ഡിലേ സ്റ്റേറ്റ്മെന്റ്, സമിതിയുടെ പരിധിയിൽ വരുന്ന ധനാഭ്യർത്ഥനകളുമായി ബന്ധപ്പെട്ട വകുപ്പുകളുടെ വാർഷിക പ്രവർത്തന റിപ്പോർട്ട് എന്നിവ ബന്ധപ്പെട്ട വകുപ്പുമന്ത്രിമാർ സഭയിൽ സമർപ്പിച്ചതു സംബന്ധിച്ച വിവരങ്ങളും ഉൾപ്പെടുത്തിയിരിക്കുന്നു.

സമിതിയുടെ യോഗനടപടിക്കുറിപ്പുകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.

ഈ റിപ്പോർട്ട് 2014 ജൂൺ 9-ാം തീയതി ചേർന്ന സമിതിയോഗം അംഗീകരിച്ചു.

തിരുവനന്തപുരം,
2014 ജൂൺ, 9.

**അനൂപ് ജേക്കബ്,**
*ചെയർമാൻ,*
*വിഷയനിർണ്ണയ സമിതി XI.*

# റിപ്പോർട്ട്

## അദ്ധ്യായം 1

### ഭാഗം 1

(എ) സബ്ജക്ട് കമ്മിറ്റി XI (ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും) 18-4-2013, 24-4-2013 എന്നീ തീയതികളിൽ യോഗം ചേർന്ന് 2013-14 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലെ താഴെപ്പറയുന്ന ധനാഭ്യർത്ഥനകളുടെ പരിശോധന നടത്തുകയും ഇതു സംബന്ധിച്ച സമിതിയുടെ മൂന്നാമത് റിപ്പോർട്ട് 8-5-2013-ലെ യോഗത്തിൽ അംഗീകരിക്കുകയും 10-6-2013-ന് സഭയിൽ സമർപ്പിക്കുകയും ചെയ്തു.

ധനാഭ്യർത്ഥന നമ്പർ XXVII — സഹകരണം

ധനാഭ്യർത്ഥന നമ്പർ XXVIII — പലവക സാമ്പത്തിക സർവ്വീസുകൾ

ധനാഭ്യർത്ഥന നമ്പർ XXX — ഭക്ഷ്യം

(ബി) സബ്ജക്ട് കമ്മിറ്റി XI (ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും) 20-2-2014, 4-3-2014 എന്നീ തീയതികളിൽ യോഗം ചേർന്ന് 2014-15 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലെ ധനാഭ്യർത്ഥന നമ്പർ XXVII (സഹകരണം) ധനാഭ്യർത്ഥന നമ്പർ XXVIII (പലവക സാമ്പത്തിക സർവ്വീസുകൾ) ധനാഭ്യർത്ഥന നമ്പർ XXX (ഭക്ഷ്യം) എന്നിവ സൂക്ഷ്മ പരിശോധന നടത്തുകയും ചെയ്തു.

(സി) 2012 ഏപ്രിൽ 1 മുതൽ 2013 മാർച്ച് 31 വരെയുള്ള കാലയളവിലെ സബ്ജക്ട് കമ്മിറ്റി XI-ന്റെ പീരിയോഡിക്കൽ റിപ്പോർട്ട് 8-5-2013-ലെ സമിതിയോഗം അംഗീകരിക്കുകയും 20-6-2013-ന് സഭയിൽ സമർപ്പിക്കുകയും ചെയ്തു.

(ഡി) സബ്ജക്ട് കമ്മിറ്റ് XI-ന്റെ 2012-2013 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥന കളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശുപാർശകളിൻമേൽ സർക്കാർ സ്വീകരിച്ച നടപടികൾ സംബന്ധിച്ച ആക്ഷൻ ടേക്കൺ റിപ്പോർട്ട് 8-7-2013-ലെ യോഗത്തിൽ സമിതി അംഗീകരിക്കുകയും 9-7-2013-ന് സഭയിൽ സമർപ്പിക്കുകയും ചെയ്തു.

(ഇ) സബ്ജക്ട് കമ്മിറ്റി XI 4-10-13-ന് പത്തനംതിട്ട ജില്ലയിലെ കോന്നിയിലുള്ള ഭക്ഷ്യഗവേഷണ ഇൻസ്റ്റിറ്റ്യൂട്ട് സന്ദർശിക്കുകയും പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ റിപ്പോർട്ട് 20-2-2014-ലെ യോഗത്തിൽ സമിതി പരിഗണിക്കുകയും ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു.

### ഭാഗം 2

ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെ താഴെപ്പറയുന്ന ശുപാർശകളിൻമേൽ സർക്കാരിൽ നിന്നും ലഭിച്ച മറുപടികൾ 27-5-2013, 8-7-2013, 18-11-2013 എന്നീ തിയതികളിൽ ചേർന്ന യോഗങ്ങളിൽ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

സബ്ജക്ട് കമ്മിറ്റി II-ന്റെ ഒന്നാമത് റിപ്പോർട്ട് (2006-07)

# ലീഗൽ മെട്രോളജി വകുപ്പ്

ശുപാർശ

ലീഗൽ മെട്രോളജി വകുപ്പിന് വൈദ്യുതി ചാർജ്ജിനത്തിൽ കുടിശ്ശിക മാത്രം 2 ലക്ഷം രൂപ നൽകേണ്ടതായിട്ടുണ്ട്. ആയതിനാൽ 5 ലക്ഷം രൂപകൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 24)

സ്വീകരിച്ച നടപടി

2006-07 സാമ്പത്തിക വർഷത്തിൽ സമിതിയുടെ ശുപാർശ പരിഗണിച്ച് വൈദ്യുതി ചാർജ്ജിനത്തിൽ 3,40,000 രൂപ അധികം ചെലവഴിക്കുന്നതിന് G.O. (Rt.) No. 8600/2006/Fin. Dated 28-12-2006 പ്രകാരം അനുമതി നൽകി. കൂടാതെ 53,000 രൂപകൂടി റീ-അപ്രോപ്രിയേഷൻവഴി കണ്ടെത്തി ചെലവഴിക്കുകയും ചെയ്തു. സമിതി ശുപാർശ പ്രകാരം 2006-07 സാമ്പത്തികവർഷം വൈദ്യുതി ചാർജ്ജിനത്തിൽ ആകെ 3,93,000 രൂപ അധികമായി അനുവദിച്ചു.

ശുപാർശ

വ്യാപാര സ്ഥാപനങ്ങളിലെ മിന്നൽ പരിശോധന ശക്തമാക്കി അളവ് തൂക്ക കൃത്രിമങ്ങൾ കണ്ടുപിടിച്ച് കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുന്നതിലൂടെ ഉപഭോക്തൃ സംരക്ഷണം ഉറപ്പാക്കുന്നതിനും, റവന്യൂ സമാഹരണം ഊർജ്ജിതപ്പെടുത്തുന്നതിന് വാഹനങ്ങൾ വാടകയ്ക്ക് എടുക്കുന്നതിനുമായി പ്രസ്തുത ശീർഷകത്തിൽ 5 ലക്ഷം രൂപകൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 25)

സ്വീകരിച്ച നടപടി

സാമ്പത്തിക പരിമിതി മൂലം സമിതിയുടെ ശുപാർശ നടപ്പിലാക്കാൻ സാധിച്ചില്ല.

ശുപാർശ

ചരക്കുകളുടെ തൂക്കത്തിൽ കൃത്രിമം കാട്ടി നികുതി വെട്ടിപ്പ് ഒഴിവാക്കുന്നതിനായി വെയ്ബ്രിഡ്ജുകളുടെ കൃത്യത ഉറപ്പുവരുത്തേണ്ടതാണ്. ആയതിലേയ്ക്ക് വെയ്ബ്രിഡ്ജ് കിറ്റ് വാങ്ങുന്നതിന് നിലവിൽ അനുവദിച്ച 30 ലക്ഷത്തിനു പുറമേ 5 ലക്ഷം രൂപകൂടി ബഡ്ജറ്റിൽ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 26)

സ്വീകരിച്ച നടപടി

കേന്ദ്ര സർക്കാർ ഒരു വെയ്ബ്രിഡ്ജ് വെരിഫിക്കേഷൻ യൂണിറ്റ് നൽകാമെന്ന് അറിയിച്ചതിനാൽ, പ്രസ്തുത യൂണിറ്റിന്റെ പ്രവർത്തനം വിലയിരുത്തിയതിനുശേഷം രണ്ടാമതൊരു യൂണിറ്റിനെക്കുറിച്ച് ആലോചിച്ചാൽ മതിയെന്ന് സർക്കാർ തീരുമാനിച്ചു. അതിനാൽ ബഹുമാനപ്പെട്ട സമിതിയുടെ ശുപാർശ നടപ്പിലാക്കിയിട്ടില്ല.

ശുപാർശ

ഇലക്ട്രോണിക് ആട്ടോഫെയർ മീറ്റർ പരിശോധിക്കുന്നതിനായി പൾസ് മീറ്റർ വാങ്ങുന്നതിനും, ഓഫീസുകളിലെ കമ്പ്യൂട്ടർവൽക്കരണത്തിനുമായി ഈ ശീർഷകത്തിൽ 5 ലക്ഷം രൂപകൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 27)

സ്വീകരിച്ച നടപടി

2006-07 സാമ്പത്തിക വർഷത്തിൽ സമിതിയുടെ ശുപാർശ നടപ്പിലാക്കാൻ കഴിഞ്ഞില്ല. എന്നാൽ 2012-13 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതത്തിൽനിന്നും 6,49,179 രൂപ ചെലവഴിച്ച്, ഇലക്ട്രോണിക് ആട്ടോ ഫെയർ മീറ്റർ പരിശോധിക്കുന്നതിനായി 15 പൾസ് മീറ്ററുകൾ വാങ്ങുന്നതിന് 22-6-2012-ലെ G.o. (Rt.) No. 53/12/CAD പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്.

ശുപാർശ

പരസ്യം പ്രചരണം എന്നിവയ്ക്കുള്ള ചെലവുകൾ എന്ന ശീർഷകത്തിൽ 5 ലക്ഷം രൂപകൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 28)

സ്വീകരിച്ച നടപടി

സാമ്പത്തിക പരിമിതി മൂലം സമിതിയുടെ ശുപാർശ നടപ്പിലാക്കാൻ കഴിഞ്ഞില്ല.

ശുപാർശ

ഹൈക്കോടതി, വിജിലൻസ് എന്നിവിടങ്ങളിൽ നിലവിലുള്ള കേസുകൾ സമയബന്ധിതമായി തീർക്കുന്നതിനും വകുപ്പിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കണമെന്നും വിജിലൻസ് മോണിറ്ററിംഗ് സംവിധാനം ശക്തിപ്പെടുത്തണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 29)

**സ്വീകരിച്ച നടപടി**

ജീവനക്കാരുടെ കുറവു കാരണം സമിതിയുടെ ശുപാർശ നടപ്പിലാക്കാൻ കഴിഞ്ഞില്ല.

## സബ്ജക്ട് കമ്മിറ്റി IX-ന്റെ ഒന്നാമത് റിപ്പോർട്ട് (2006-07)

## സഹകരണം

<u>ശുപാർശ</u>

പ്രാഥമിക കാർഷിക വായ്പാസഹകരണ സംഘങ്ങളുടെ കമ്പ്യൂട്ടർവൽകരണം, വിവിധ റിസ്ക് ഫണ്ടുകളിലേയ്ക്കുള്ള സംസ്ഥാന വിഹിതം, ബാങ്കിംഗ് റെഗുലേഷൻ ആക്ടിന്റെ പരിധിയിൽ വരുന്ന വായ്പാ സംഘങ്ങൾക്ക് നിക്ഷേപത്തിന് ഗ്യാരന്റിക്കുള്ള സംസ്ഥാന സഹായം, നല്ല നിലയിൽ പ്രവർത്തിക്കുന്ന സ്വാശ്രയ സംഘങ്ങൾക്ക് പലിശ സബ്സിഡി ഒഴികെയുള്ള പ്രോൽസാഹന സഹായം എന്നിവയ്ക്കായി വകയിരുത്തിയിരിക്കുന്ന തുക ഈ ആവശ്യങ്ങൾ പൂർത്തീകരിക്കാൻ പര്യാപ്തമല്ല. ഈ ഇനത്തിൽ വകയിരുത്തിയിരിക്കുന്ന 3,00,00,000 രൂപ 8,00,00,000 കോടി രൂപ ആയി ഉയർത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 7)

<u>സ്വീകരിച്ച നടപടി</u>

പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളുടെ കമ്പ്യൂട്ടർവൽക്കരണം, വിവിധ റിസ്ക് ഫണ്ടുകളിലേയ്ക്കുള്ള സംസ്ഥാന വിഹിതം, ബാങ്കിംഗ് റെഗുലേഷൻ ആക്ടിന്റെ പരിധിയിൽ വരുന്ന വായ്പാ സംഘങ്ങൾക്ക് നിക്ഷേപത്തിന് ഗ്യാരന്റിക്കുള്ള സംസ്ഥാന സഹായം, നല്ലനിലയിൽ പ്രവർത്തിക്കുന്ന സ്വാശ്രയ സംഘങ്ങൾക്ക് പലിശ സബ്സിഡി ഒഴികെയുള്ള പ്രോൽസാഹന സഹായം എന്നിവയ്ക്കായി വകയിരുത്തിയിരിക്കുന്ന തുക ഈ ആവശ്യങ്ങൾ പൂർത്തീകരിക്കാൻ പര്യാപ്തമല്ലാത്തതിനാൽ ഈ ഇനത്തിൽ വകയിരുത്തിയിരിക്കുന്ന 3 കോടി രൂപ 8 കോടി രൂപയായി ഉയർത്തണമെന്ന് സമിതി ശുപാർശ ചെയ്തിരുന്നു. സമിതിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങൾക്ക് വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിനായി കൂടുതൽ തുക ബഡ്ജറ്റിൽ വകയിരുത്തണമെന്ന് ആവശ്യപ്പെട്ടിരുന്നുവെങ്കിലും 2006-07, 2007-08 വർഷങ്ങളിൽ 3 കോടിരൂപ മാത്രമാണ് വകയിരുത്തിയത്. എന്നാൽ സമിതിയുടെ ശുപാർശ പരിഗണിച്ച് 2008-09, 2009-10, 2010-11, 2011-12, 2012-13 വർഷങ്ങളിൽ ടി പദ്ധതിക്കായി 3.25 കോടി, 6 കോടി, 7 കോടി, 12 കോടി രൂപ വീതം യഥാക്രമം വകയിരുത്തിയിരുന്നു. 2013-14 സാമ്പത്തിക വർഷം ടി പദ്ധതിക്കായി 20 കോടി രൂപയും വകയിരുത്തിയ വിവരം അറിയിക്കുന്നു.

<u>ശുപാർശ</u>

വായ്പാ, വിപണനം, ഭവന നിർമ്മാണം, ഉപഭോക്തൃ മേഖല തുടങ്ങിയ മേഖലകളിൽ പ്രവർത്തിക്കുന്ന ദുർബ്ബലവും എന്നാൽ ശക്തി ആർജ്ജിക്കാൻ സാധ്യതയുള്ളതുമായ സംഘങ്ങൾക്ക് സഹായധനം നൽകി അവയുടെ പ്രവർത്തനം കൂടുതൽ ജനോപകാര പ്രദമാക്കേണ്ടത് അത്യന്താപേക്ഷിതമാണെന്ന് സമിതി കരുതുന്നു. <u>നല്ല പ്രോജക്ടുകളു</u>

ണ്ടെങ്കിൽപോലും സാമ്പത്തിക ബുദ്ധിമുട്ടുകാരണം ഇത്തരത്തിലുള്ളവയ്ക്ക് മുന്നോട്ട് പോകാൻ കഴിയാത്ത സാഹചര്യമാണുള്ളത്. ആയതിനാൽ ഈ ഹെഡിൽ 1,50,00,000 രൂപകൂടി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 12)

സ്വീകരിച്ച നടപടി

2006-07 വർഷം ടി പദ്ധതിക്കായി 150 ലക്ഷം രൂപകൂടി വകയിരുത്തുന്നതിനാണ് സമിതി ശുപാർശ ചെയ്തത്. സമിതിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ കൂടുതൽ തുക വകയിരുത്തുന്നതിന് അപേക്ഷ നൽകിയിരുന്നുവെങ്കിലും അധിക തുക അനുവദിക്കാൻ കഴിഞ്ഞിട്ടില്ല. സമിതിയുടെ ശുപാർശ പരിഗണിച്ച് 2007-08 വർഷം പ്രത്യേക ഫണ്ടായി 10 കോടി രൂപ വകയിരുത്തിയിരുന്നു. ടി തുക സഹകരണ വകുപ്പിലെ 2 സംഘങ്ങൾക്കും വ്യവസായ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള 4 സംഘങ്ങൾക്കുമായി ധനസഹായം അനുവദിച്ചു. സഹകരണ സംഘങ്ങളുടെ വികസനത്തിനും പുനരുദ്ധാരണത്തിനും 2012-13 വർഷം 250 ലക്ഷം രൂപയും 2013-14 വർഷം 300 ലക്ഷം രൂപയും വകയിരുത്തിയിട്ടുള്ള വിവരം സമിതിയെ അറിയിക്കുന്നു.

## സബ്ജക്ട് കമ്മിറ്റി VII-ന്റെ രണ്ടാമത് റിപ്പോർട്ട് (2007-08)

## ഭക്ഷ്യപൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പ്

ശുപാർശ

സിവിൽ സപ്ലൈസ് വകുപ്പിൽ ഉദ്യോഗസ്ഥർക്ക് പൊതുവിതരണവുമായി ബന്ധപ്പെട്ടതും ധനവിനിയോഗത്തെ സംബന്ധിച്ചുള്ളതുമായ വിഷയങ്ങളിൽ ഐ.എം.ജി. കേന്ദ്രങ്ങളിൽ പരിശീലനം നൽകുന്നതിനാണ് പൊതുവിതരണ സമ്പ്രദായം സംബന്ധിച്ച പരിശീലന പരിപാടി എന്ന ശീർഷകത്തിൽ തുക വകകൊള്ളിച്ചിരിക്കുന്നത്. 2007-08 സാമ്പത്തികവർഷം മൊത്തം 6 ലക്ഷം രൂപ ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 80)

സ്വീകരിച്ച നടപടി

" 3456-00-001-96-പൊതുവിതരണ സമ്പ്രദായം സംബന്ധിച്ച പരിശീലന പരിപാടി" എന്ന ശിർഷകത്തിൽ 2007-08 സാമ്പത്തിക വർഷം ബഡ്ജറ്റ് വിഹിതം മൂന്നു ലക്ഷം രൂപയായിരുന്നു. ഈ തുക എല്ലാ ജില്ലാ സപ്ലൈ ആഫീസുകൾക്കുമായി അനുവദിക്കുകയും ചെലവാകാതെ വന്ന 83,502 രൂപ തിരിച്ചടവ് വരുത്തുകയും ചെയ്തിട്ടുണ്ട്.

2008-09 സാമ്പത്തികവർഷം ഈ ശീർഷകത്തിൽ ബഡ്ജറ്റ് വിഹിതമായ അഞ്ചു ലക്ഷം രൂപയ്ക്കു പുറമേ ഉപധനാഭ്യർത്ഥന വഴി 7,56,000 രൂപകൂടി ലഭ്യമാക്കുകയും ആയത് മുഴുവൻ ചെലവഴിക്കുകയും ചെയ്തു. 2007-08 സാമ്പത്തികവർഷം മുതൽ നടപ്പു സാമ്പത്തിക വർഷം വരെ അനുവദിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| *സാമ്പത്തിക വർഷം* | *അനുവദിച്ച തുക* | *ചെലവ്* |
|---|---|---|
| 2007-08 | 3,00,000 | 2,16,498 |
| 2008-09 | 12,56,000<br>(ഉപധനാഭ്യർത്ഥന പ്രകാരം ലഭിച്ച 7,56,000 രൂപ ഉൾപ്പെടെ) | 12,56,000 |
| 2009-10 | 5,00,000 | 5,00,000 |
| 2010-11 | 5,17,000 | 5,16,670 |
| 2011-12 | 6,00,000 | 5,92,922 |
| 2012-13 | 10,00,000 | - |

## സബ്ജക്ട് കമ്മിറ്റി IX-ന്റെ മൂന്നാമത് റിപ്പോർട്ട് (2008-09)

## സഹകരണ വകുപ്പ്

<u>ശുപാർശ</u>

സഹകരണ മേഖലയിലുള്ള പ്രൊഫഷണൽ കോളേജുകളുടെ നടത്തിപ്പിലേക്കായി വളരെയധികം സാമ്പത്തിക ബാദ്ധ്യത വരുന്നതായി സമിതി വിലയിരുത്തുന്നു. ഈ സ്ഥാപനങ്ങളുടെ കാര്യക്ഷമമായ പ്രവർത്തനത്തിനും ഇതുവരെയുണ്ടായ ബാദ്ധ്യതകൾ തീർക്കുന്നതിനുമായി പ്രാഥമിക സഹകരണ സംഘങ്ങൾ ഉൾപ്പെടെയുള്ള സഹകരണ സ്ഥാപനങ്ങളിൽ നിന്നും അധിക ഡിപ്പോസിറ്റ് ഇനത്തിൽ സർക്കാരിൽ നിക്ഷേപിച്ചിട്ടുള്ള തുകയ്ക്കനുസൃതമായി സഹകരണ പ്രൊഫഷണൽ അക്കാദമിക്ക് ലഭിക്കേണ്ട ഗ്രാന്റിനത്തിൽ ഈ സാമ്പത്തികവർഷം അനുവദിച്ചിരിക്കുന്ന തുകയ്ക്ക് പുറമേ 44.60 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 11)

## സ്വീകരിച്ച നടപടി

കോ-ഓപ്പറേറ്റീവ് അക്കാഡമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷന് സർക്കാരിന്റെ 29-3-2000-ലെ G.O. (Rt.) No. 1911/2000/സഹ. നമ്പർ ഉത്തരവ് പ്രകാരം ട്രഷറി സ്മോൾ സേവിംഗ്സ് പദ്ധതിയിൽ നിക്ഷേപങ്ങളുടെ തുകയുടെ 25% പരമാവധി 150 കോടി രൂപ നൽകാനുള്ളതിൽ 2007-08 വരെ കേപ്പിന് 36.10 കോടി രൂപ നൽകുകയുണ്ടായി. 2008-09 സാമ്പത്തികവർഷത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന 1.21 കോടി രൂപയും 2009-10 വർഷം 1.331 കോടി രൂപയും കേപ്പിന് നൽകിയിട്ടുണ്ട്. 2010-11 സാമ്പത്തിക വർഷത്തെ ബജറ്റിൽ 43.269 കോടി രൂപ ഈ ശീർഷകത്തിൽ വകയിരുത്തുന്നതിന് അപേക്ഷിച്ചിരുന്നെങ്കിലും പദ്ധതി ഇനത്തിൽ 3 കോടി രൂപയും പദ്ധതിയേതരമായി 1.4641 കോടി രൂപയും മാത്രമേ ബഡ്ജറ്റിൽ കേപ്പിനായി വകയിരുത്തിയിരുന്നുള്ളൂ. ടി തുകകൾ കേപ്പിന് സർക്കാർ അനുവദിച്ച് നൽകിയിട്ടുണ്ട്.

## ശുപാർശ

ദേശീയ സഹകരണ വികസന കോർപ്പറേഷന്റെ സഹായത്തോടെ നടപ്പിലാക്കി വരുന്ന പ്രാഥമിക വായ്പാ സഹകരണ സംഘങ്ങൾ, പ്രാഥമിക സഹകരണസംഘങ്ങൾ മൊത്ത വ്യാപാര സ്റ്റോറുകൾ എന്നിവയ്ക്കുള്ള ധനസഹായത്തിനുള്ള ബഡ്ജറ്റ് വിഹിതം 1700 ലക്ഷം രൂപ മാത്രമാണ്. ഈ തുക അപര്യാപ്തമായതിനാൽ 1700 ലക്ഷം എന്നുള്ളത് 48 കോടി രൂപയായി വർദ്ധിപ്പിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 16)

## സ്വീകരിച്ച നടപടി

ദേശീയ സഹകരണ വികസന കോർപ്പറേഷന്റെ സഹായത്തോടെ പ്രാഥമിക വായ്പാ സഹകരണസംഘങ്ങൾ, പ്രാഥമിക സഹകരണ സംഘങ്ങൾ, മൊത്ത വ്യാപാര സ്റ്റോറുകൾ എന്നിവയ്ക്ക് ധനസഹായം നൽകുന്ന പദ്ധതിയാണിത്. 2008-09 വർഷം ബഡ്ജറ്റിൽ വകയിരുത്തിയ 1700. ലക്ഷം രൂപ അപര്യാപ്തമായതിനാൽ ബഡ്ജറ്റ് വിഹിതം 48 കോടി രൂപയായി ഉയർത്തണമെന്നാണ് സബ്ജക്ട് കമ്മിറ്റിയുടെ ശുപാർശ. 2008-09 വർഷത്തിൽ ബഡ്ജറ്റ് പ്രസംഗത്തിന്റെ അടിസ്ഥാനത്തിൽ ഉപധനാഭ്യർത്ഥനവഴി 31 കോടി രൂപ വകയിരുത്തി പ്രസ്തുത ശീർഷകങ്ങളിലെ ബഡ്ജറ്റ് വിഹിതം 48 കോടി രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ടെന്ന് റിപ്പോർട്ട് ചെയ്തുകൊള്ളുന്നു.

## ശുപാർശ

വികസന പരിപാടികൾ നടപ്പിലാക്കുന്നതിന് ധനം സ്വരൂപിക്കുന്നതിനായി കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമവികസന ബാങ്ക് പുറപ്പെടുവിക്കുന്ന കടപ്പത്രങ്ങൾ വാങ്ങുകവഴി സംസ്ഥാന സർക്കാർ ബാങ്കിന് ധനസഹായം നൽകുന്നു. ഇതിനായി ഈ സാമ്പത്തികവർഷം വകയിരുത്തിയിട്ടുള്ളത് 50 ലക്ഷം രൂപയാണ്. ഈ

ഇനത്തിൽ 1 കോടി രൂപ വകയിരുത്തണമെന്ന് സമിതിയുടെ കഴിഞ്ഞ റിപ്പോർട്ടിൽ ആവശ്യപ്പെട്ടിരുന്നെങ്കിലും ആയതിന് അർഹമായ പ്രാധാന്യം നൽകിയതായി കാണുന്നില്ല. ആയതിനാൽ ഈ ശീർഷകത്തിൽ 50 ലക്ഷം രൂപകൂടി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 17)

<u>സ്വീകരിച്ച നടപടി</u>

കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമവികസന ബാങ്ക് പുറപ്പെടുവിക്കുന്ന കടപ്പത്രങ്ങൾ വാങ്ങുന്നതിന് 2008-09 വർഷത്തെ ബഡ്ജറ്റിൽ 50 ലക്ഷം രൂപ വകയിരുത്തിയത് അപര്യാപ്തമാണെന്നും ആയതിനാൽ ഈ ശീർഷകത്തിൽ 50 ലക്ഷം രൂപകൂടി വകയിരുത്തണമെന്നാണ് സമിതി ശുപാർശ ചെയ്തിട്ടുള്ളത്. സംസ്ഥാന സഹകരണ കാർഷിക ഗ്രാമവികസന ബാങ്കിന്റെ കടപ്പത്രങ്ങൾ വാങ്ങുന്നതിലേക്കായി ബഡ്ജറ്റിൽ 2007-08 മുതൽ 2010-11 കാലയളവ് വരെ ഇതിനകം 2.50 കോടി രൂപ വകയിരുത്തിയിട്ടുള്ളതാണ്. സംസ്ഥാന ബഡ്ജറ്റിൽ ഇതിലേയ്ക്കായി ഓരോ വർഷവും തുക വകകൊള്ളിക്കുന്നുണ്ട്. സമിതി ശുപാർശ ചെയ്തപ്രകാരമുള്ള തുക വകയിരുത്തുവാൻ സംസ്ഥാനത്തിന്റെ നിലവിലുള്ള വിഭവശേഷിയിലെ പരിമിതിയുടെ പശ്ചാത്തലത്തിൽ സമിതിയുടെ ശുപാർശ അംഗീകരിക്കുവാൻ കഴിയുന്നതല്ലെന്ന് അറിയിക്കുന്നു.

## സബ്ജക്ട് കമ്മിറ്റി VII-ന്റെ മൂന്നാമത് റിപ്പോർട്ട് (2008-09)

## ഭക്ഷ്യപൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പ്

<u>ശുപാർശ</u>

കഴിഞ്ഞ സാമ്പത്തികവർഷം ഉപധനാഭ്യർത്ഥനവഴി 5 ലക്ഷം രൂപ ഈ ഇനങ്ങൾക്ക് ലഭ്യമാക്കിയിരുന്നു. ആയതിനാൽ 3456-00-001-89 എന്ന ശീർഷകത്തിൽ 10 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 86)

**<u>സ്വീകരിച്ച നടപടി</u>**

2008-09 സാമ്പത്തിക വർഷം ഭക്ഷ്യോപദേശക സമിതിയുടെ പ്രവർത്തനങ്ങൾക്ക് ഉള്ള ചെലവിലേക്കായി ബഡ്ജറ്റ് വിഹിതമുണ്ടായിരുന്നില്ല. സമിതി 10 ലക്ഷം രൂപ പ്രസ്തുത ശീർഷകത്തിൽ വകയിരുത്തുന്നതിന് ശുപാർശ ചെയ്തിരുന്നു. 17-6-2009-ലെ ജി.ഒ. (ആർറ്റി.) നമ്പർ 5195/08/ഫിൻ. നമ്പർ ഉത്തരവ് പ്രകാരം 5 ലക്ഷം രൂപ അനുവദിക്കുകയും ചെയ്തു. ഇതിൽ നിന്നും മൊത്തം 50,085 രൂപ 2008-09 സാമ്പത്തിക വർഷം ഭക്ഷ്യോപദേശക സമിതി മിറ്റിംഗ് ഉൾപ്പെടെയുള്ള ചെലവുകൾക്കായി വിനിയോഗിച്ചിട്ടുണ്ട്.

**ശുപാർശ**

ദേശീയ ഉപഭോക്തൃദിനം, ലോക ഉപഭോക്തൃദിനം എന്നിവയുടെ ആഘോഷത്തോടനുബന്ധിച്ച് സെമിനാർ, ചർച്ചകൾ, മുഖാമുഖം, ശിൽപ്പശാലകൾ എന്നിങ്ങനെയുള്ള ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നു. ഇത് സംബന്ധിച്ച ചെലവുകൾക്കാണ് ഈ ശീർഷകത്തിൽ തുക വകകൊള്ളിച്ചിരിക്കുന്നത്. കഴിഞ്ഞവർഷം ഉണ്ടായ ചെലവുകളുടെ അടിസ്ഥാനത്തിൽ ഇപ്പോൾ നൽകിയിരിക്കുന്ന തുക അപര്യാപ്തമാണ്. ആയതിനാൽ ഈ വർഷം 2 ലക്ഷം രൂപകൂടി വകയിരുത്താൻ സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 90, 91)

സ്വീകരിച്ച നടപടി

ദേശീയ ഉപഭോക്തൃദിനം, ലോക ഉപഭോക്തൃ-അവകാശദിനം എന്നിവയുടെ ആഘോഷത്തോടനുബന്ധിച്ച് വരുന്ന ചെലവുകൾക്ക് '2408-01-800-98 ഉപഭോക്തൃ ദിനാഘോഷം' എന്ന ശീർഷകത്തിൽ 2008-09 വർഷം രണ്ടു ലക്ഷം രൂപകൂടി അനുവദിക്കണമെന്ന് ശുപാർശ ചെയ്തിരുന്നു. 2008-09 മുതൽ 2013-14 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ അനുവദിച്ച തുക ചുവടെ ചേർക്കുന്നു:

2008-2009-2,50,000; 2009-2010-2,69,000; 2010-2011-2,00,000; 2011-2012-3,00,000; 2012-2013-3,00,000; 2013-2014-3,00,000

## സബ്ജക്ട് കമ്മിറ്റി XI-ന്റെ രണ്ടാമത് റിപ്പോർട്ട് (2012-13)

## സഹകരണ വകുപ്പ്

ശുപാർശ

കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതി പ്രകാരം വിവിധ വിഭാഗങ്ങളിലുള്ള വായ്പക്കാരുടെ വായ്പ എഴുതിത്തള്ളുന്നതിനുള്ള പരിധി ഉയർത്തുന്നതിനും വായ്പയുടെ പിഴപലിശ ഒഴിവാക്കുന്നതിനും സഹകരണ സംഘങ്ങൾക്ക് അനുമതി നൽകിയിട്ടുള്ള സാഹചര്യത്തിൽ പ്രാഥമിക കാർഷികവായ്പാ സഹകരണ സംഘങ്ങൾക്ക് 2012-13 വർഷത്തേക്ക് അനുവദിച്ചിട്ടുള്ള 12. കോടി രൂപ തികച്ചും അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ വിവിധ പദ്ധതികളിലായി ധനസഹായം നൽകുന്നതിനായി പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങൾക്ക് 8. കോടി രൂപകൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 1)

<u>സ്വീകരിച്ച നടപടി</u>

പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾക്ക് സഹകരണ റിസ്ക് ഫണ്ട് പദ്ധതിയുടെ കോർപ്പസ് ഫണ്ടിലേയ്ക്ക് 5 കോടി രൂപ അനുവദിക്കുന്നതിന് 30-3-2013-ലെ ജി.ഒ. (ആർറ്റി.) നമ്പർ. 335/13/കോ-ഓപ്പ്. ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയിരുന്നുവെങ്കിലും, ധനകാര്യ വകുപ്പിന്റെ ഭാഗത്തുനിന്നും അനുകൂലനടപടി ഉണ്ടാകാത്തതിനാൽ തുക അനുവദിക്കാൻ സാധിച്ചില്ല.

<u>ശുപാർശ</u>

എംപ്ലോയീസ് സഹകരണ സംഘങ്ങൾക്ക് ഓഹരി മൂലധനമിനത്തിൽ സഹായം നൽകുന്നതിനുള്ള പദ്ധതി നിലവിലുണ്ടായിരുന്നുവെങ്കിലും 2012-13 വർഷത്തിൽ അത് ഉൾപ്പെടുത്തിയിട്ടില്ല എന്നു കാണുന്നു. പ്രസ്തുത പദ്ധതികൂടി 2012-13 വർഷത്തിൽ ഉൾപ്പെടുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 2)

<u>സ്വീകരിച്ച നടപടി</u>

2012-13 വർഷത്തെ ബഡ്ജറ്റിന്റെ മലയാള പരിഭാഷയിൽ ജീവനക്കാരുടെ സഹകരണ സംഘങ്ങൾക്ക് ഓഹരി മൂലധന സഹായം നൽകുന്നതിനുള്ള പദ്ധതി ഉൾപ്പെടുത്തിയിരുന്നില്ല. ഇംഗ്ലീഷ് പരിഭാഷയിൽ ടി പദ്ധതി ഉൾപ്പെടുത്തിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ 2012-13 വർഷം ടി സംഘങ്ങൾക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്.

<u>ശുപാർശ</u>

പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾക്ക് പുനരുദ്ധാരണത്തിനുള്ള ധനസഹായം അനുവദിക്കുന്നതിനുള്ള ഒരു പുതിയ പദ്ധതി 2012-13 വർഷത്തിൽ ഉൾപ്പെടുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 3)

<u>സ്വീകരിച്ച നടപടി</u>

പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണത്തിന് ധനസഹായം നൽകുന്ന പദ്ധതി 2012-13-ൽ പ്രവർത്തിപഥത്തിലെത്തിയില്ലെങ്കിലും 2013-14 വർഷത്തിലെ പദ്ധതി ഇനങ്ങളിൽകൂടി ഈ പദ്ധതി ഉൾപ്പെടുത്തിയിട്ടുണ്ട്.

<u>ശുപാർശ</u>

ഉപഭോക്തൃ സഹകരണ സംഘങ്ങൾക്കും നീതി സ്റ്റോറുകൾക്കുമുള്ള ധനസഹായവുമായി 1.50 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. നന്മ പദ്ധതിയുടെ

ഭാഗമായി 2000 സഹകരണ വിപണനകേന്ദ്രങ്ങൾ, കൂടുതൽ ത്രിവേണി സ്റ്റോറുകൾ, ത്രിവേണി സൂപ്പർ മാർക്കറ്റുകൾ എന്നിവയും കൺസ്യൂമർ ഫെഡിന്റെയും സഹകരണ സംഘങ്ങളുടെയും ആഭിമുഖ്യത്തിൽ നീതി മെഡിക്കൽ സ്റ്റോറുകൾ എന്നിവയും ആരംഭിക്കുമെന്ന് ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള സാഹചര്യത്തിൽ 2 കോടി രൂപകൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 4)

സ്വീകരിച്ച നടപടി

നന്മ പദ്ധതിയുടെ ഭാഗമായി നിലവിൽ 1921 സഹകരണ വിപണന കേന്ദ്രങ്ങളും, ത്രിവേണി സ്റ്റോറുകൾ, ത്രിവേണി സൂപ്പർ മാർക്കറ്റുകൾ എന്നിവയും കൺസ്യൂമർ ഫെഡിന്റെയും സഹകരണ സംഘങ്ങളുടെയും ആഭിമുഖ്യത്തിൽ 925 നീതി സ്റ്റോറുകളും ആരംഭിക്കുന്നതിനുള്ള നടപടികൾ കൺസ്യൂമർഫെഡും, പ്രാഥമിക സഹകരണ സംഘങ്ങളും സ്വീകരിച്ച് വരികയാണ്. ടി സ്റ്റോറുകളുടെയും, മാർക്കറ്റുകളുടെയും പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന് 2013-14 വർഷം 1.75 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

ശുപാർശ

വിദ്യാഭ്യാസം, സാഹിത്യം, തൊഴിൽ, ചികിത്സ, വിനോദസഞ്ചാരം തുടങ്ങിയ മേഖലകളിലെ സഹകരണ സംഘങ്ങൾക്കും സ്ഥാപനങ്ങൾക്കും സഹായം നൽകുന്നതിനും ദുർബലമായ മാർക്കറ്റിംഗ്, വനിതാ സഹകരണ സംഘങ്ങൾ പുനരുദ്ധരിക്കുന്നതിനുമായി അനുവദിച്ചിട്ടുള്ള 11 കോടി രൂപ അപര്യാപ്തമായതിനാൽ 8.30 കോടി രൂപകൂടി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 5)

സ്വീകരിച്ച നടപടി

വിദ്യാഭ്യാസം, സാഹിത്യം, തൊഴിൽ, ചികിത്സ, വിനോദസഞ്ചാരം തുടങ്ങിയ മേഖലകളിൽ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങൾക്ക് സംസ്ഥാന പദ്ധതി ധനസഹായങ്ങൾക്ക് പുറമേ, എൻ.സി.ഡി.സി. സഹായത്തോടെ 2012-13 സാമ്പത്തിക വർഷം 1292.80 ലക്ഷം രൂപ ഈ മേഖലയിൽ പ്രവർത്തിക്കുന്ന സംഘങ്ങൾക്ക് അധികമായി അനുവദിച്ച് നൽകിയിട്ടുണ്ട്.

ശുപാർശ

പ്രായോഗിക വാണിജ്യ പദ്ധതികൾ ഏറ്റെടുത്ത് നടത്തുന്ന സഹകരണ സംഘങ്ങൾക്കും ശക്തിയാർജ്ജിക്കാൻ സാദ്ധ്യതയുള്ള സഹകരണ സ്ഥാപനങ്ങൾക്കും

ധനസഹായം നൽകുവാൻ ഉദ്ദേശിച്ച് വകയിരുത്തിയിട്ടുള്ള 2.50 കോടി രൂപ മതിയാകുക യില്ലയെന്നതിനാൽ 3.50 കോടി രൂപകൂടി അനുവദിക്കാൻ സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 6)

<u>സ്വീകരിച്ച നടപടി</u>

സമിതിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ 2013-14 വർഷം ഈ പദ്ധതിക്കായി 300 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

<u>ശുപാർശ</u>

CAPE-ന്റെ നിയന്ത്രണത്തിൽ തിരുവനന്തപുരം ജില്ലയിലെ മുട്ടത്തറയിലും വടക്കാഞ്ചേരിയിലെ അത്താണിയിലും ഓരോ പുതിയ എഞ്ചിനീയറിംഗ് കോളേജ് ആരംഭിക്കുന്നതാണെന്ന് ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിരുന്നു. എന്നാൽ അതിനു വേണ്ടി തുക വകയിരുത്തിയിട്ടില്ലാത്തതിനാൽ 5 കോടി രൂപ പ്ലാൻ ഇനത്തിൽ ഉൾപ്പെടുത്തി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 7)

<u>സ്വീകരിച്ച നടപടി</u>

2012-13 വർഷത്തിലും നടപ്പുസാമ്പത്തിക വർഷവും ബഡ്ജറ്റിൽ ഈ ആവശ്യത്തിനു തുക വകയിരുത്തിയിട്ടില്ല 1,000 രൂപ ടോക്കൺ പ്രൊവിഷനായി 2012-13 വർഷത്തിൽ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിരുന്നു.

<u>ശുപാർശ</u>

കാർഷികവായ്പ കൃത്യമായി തിരിച്ചടയ്ക്കുന്നവർക്ക് നൽകുന്ന പലിശ ഇളവ് പദ്ധതിക്കായി തുകയൊന്നും വകയിരുത്തിയിട്ടില്ലാത്ത സാഹചര്യത്തിൽ ശീർഷകം പുനഃസ്ഥാപിക്കണമെന്നും ആ ശീർഷകത്തിൽ 10 കോടി രൂപ വകയിരുത്തണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 8)

<u>സ്വീകരിച്ച നടപടി</u>

കൃത്യമായി കാർഷികവായ്പ തിരിച്ചടക്കുന്നവർക്ക് നൽകുന്നതിനായി ഉത്തേജന പലിശ ഇളവ് പദ്ധതിയിലേക്കായി 10 കോടി രൂപ വകയിരുത്തണമെന്ന സമിതിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ 2012-13-ലെ ഉപധനാഭ്യർത്ഥനയിൽ 2 കോടി രൂപ അനുവദിച്ചിരുന്നു.

**ശുപാർശ**

സഹകരണ അക്കാദമിക്ക് സർക്കാർ ഗ്രാന്റ് നൽകുന്നതിനുള്ള വ്യവസ്ഥയനുസരിച്ച് നൽകാനുള്ള 40.06 കോടി രൂപയിൽ 2012-13 സാമ്പത്തികവർഷത്തിൽ 2425-00-108-47-31 എന്ന ശീർഷകത്തിൽ പദ്ധതിയേതരയിനത്തിൽ അനുവദിച്ച 2.10 കോടി രൂപ കഴിച്ച് ബാക്കി 37.96 കോടി രൂപ 2425-00-108-47-36 എന്ന ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 9)

**സ്വീകരിച്ച നടപടി**

ധനലഭ്യതയുടെ അപര്യാപ്തതമൂലം 2012-13-ൽ സഹകരണ അക്കാഡമിക്ക് സർക്കാർ ഗ്രാന്റ് നൽകുവാൻവേണ്ടി തുകയൊന്നും അനുവദിച്ചിരുന്നില്ല. നടപ്പ് സാമ്പത്തിക വർഷവും (2013-14) തുക അനുവദിച്ചിട്ടില്ല.

**ശുപാർശ**

ഉത്സവച്ചന്തകൾ സംഘടിപ്പിക്കുന്നതിന് സബ്സിഡി ഇനത്തിൽ 5 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. കൺസ്യൂമർ ഫെഡിന്റെ നേതൃത്വത്തിൽ ഉത്സവ ചന്തകൾ സംഘടിപ്പിച്ച വകയിൽ 208 കോടി രൂപ ഫെഡറേഷന് ഇനിയും നൽകാനുള്ളതിനാൽ ഈ ശീർഷകത്തിൽ 100 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 10)

**സ്വീകരിച്ച നടപടി**

ഉത്സവകാല വിപണികൾവഴി നിത്യോപയോഗ സാധനങ്ങൾ സബ്സിഡി നിരക്കിൽ വിപണനം നടത്തിയതുവഴി ഉണ്ടായിട്ടുള്ള നഷ്ടം നികത്തുന്നതിന് 2425-108-80-33 (നോൺ പ്ലാൻ) ശീർഷകത്തിൽ 100 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തിരുന്നു. വിവിധ ഉത്സവകാല വിപണികൾ നടത്തിയതിൽ ഫെഡറേഷന് ഉണ്ടായനഷ്ടം നികത്തുന്നതിന് ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന തുകയ്ക്ക് പുറമെ അഡീഷണൽ ഓതറൈസേഷൻവഴി 2012-13 വർഷം 65 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

## ഭക്ഷ്യപൊതുവിതരണ വകുപ്പ്

**ശുപാർശ**

സംസ്ഥാന സർക്കാർ സബ്സിഡി നൽകി റേഷൻ വിതരണം ചെയ്യുമ്പോൾ ഉണ്ടാകുന്ന ചെലവ് വഹിക്കുന്നതിനാണ് 55000 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നത്. എന്നാൽ റേഷൻ കാർഡുടമകൾക്ക് കുറഞ്ഞ നിരക്കിൽ ഭക്ഷ്യധാന്യം വിതരണം ചെയ്യുന്ന

പദ്ധതികൾക്കും റേഷൻ മൊത്ത/ചില്ലറ വ്യാപാരികൾക്ക് കമ്മീഷൻ നൽകുന്നതിനും മറ്റുമുള്ള ചെലവുകൾക്ക് കൂടുതൽ തുക ആവശ്യമാണെന്നതിനാൽ 231.91 കോടി രൂപകൂടി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 13)

<u>സ്വീകരിച്ച നടപടി</u>

2408-01-101-98-33 റേഷൻ അരിയുടെയും ഗോതമ്പിന്റെയും വിലയിലുണ്ടായ വ്യത്യാസം ഫുഡ് കോർപ്പറേഷന് മടക്കിക്കൊടുക്കൽ എന്ന ശീർഷകത്തിൽ 2012-13 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതം 550 കോടി രൂപയാണ്. ഈ തുക അപര്യാപ്തമാണെന്നു കണ്ടതിനാൽ 142.43 കോടി രൂപ ഉപധനാഭ്യർത്ഥന മുഖേന ലഭ്യമാക്കാൻ അഭ്യർത്ഥിച്ചുവെങ്കിലും 90 കോടി രൂപയാണ് അനുവദിച്ചത്.

<u>ശുപാർശ</u>

സംസ്ഥാനത്തെ താലൂക്ക് സപ്ലൈ ആഫീസുകൾ, സിറ്റി റേഷനിംഗ് ആഫീസുകൾ എന്നിവയിലെ ഉദ്യോഗസ്ഥരുടെ ശമ്പളം, യാത്രപ്പടി, മറ്റ് ആഫീസ് ചെലവുകൾ എന്നിവയ്ക്കായി തുക വകയിരുത്തിയിട്ടുണ്ടെങ്കിലും താലൂക്ക് സപ്ലൈ ആഫീസുകളിൽ കമ്പ്യൂട്ടറുകൾക്ക് എ.എം.സി. ഏർപ്പെടുത്തിയ വകയിൽ കുടിശ്ശിക നൽകാനുള്ളതിനാൽ അതിനായി 14 ലക്ഷം രൂപകൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 16)

<u>സ്വീകരിച്ച നടപടി</u>

'4408-01-101-05-4 ആഫീസ് ചെലവുകൾ' എന്ന ശീർഷകത്തിൽ നിന്നാണ് കമ്പ്യൂട്ടറുകൾക്ക് എ.എം.സി. ഏർപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് തുക ചെലവ് ചെയ്യുന്നത്. ഈ ശീർഷകത്തിൽ 27,01,000 രൂപയായിരുന്നു ബഡ്ജറ്റ് വിഹിതം. ആയത് അപര്യാപ്തമായി കണ്ട സാഹചര്യത്തിൽ പ്രസ്തുത ശീർഷകത്തിലേയ്ക്ക് 3-1-2013-ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 91/13/ധനകാര്യം പ്രകാരം 5 ലക്ഷം രൂപ റീ-അപ്രോപ്രിയേഷൻ വഴി ലഭ്യമാക്കുകയുണ്ടായി.

<u>ശുപാർശ</u>

റേഷൻ കാർഡ് പുതുക്കി നൽകിയതിന് സി-ഡിറ്റിന് കുടിശ്ശിക നൽകാനുണ്ടെന്നും പുതുക്കിയ കാർഡ് വിതരണം ചെയ്യുന്ന വകയിൽ ഏകദേശം 2.5 കോടി രൂപ ഇനിയും നൽകേണ്ടതായി വരുമെന്നും സമിതി മനസ്സിലാക്കുന്നതിനാൽ ഈ ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള 50 ലക്ഷം രൂപയ്ക്ക് പുറമേ 5 കോടി രൂപകൂടി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 17)

<u>സ്വീകരിച്ച നടപടി</u>

ശീർഷകത്തിൽ 2012-13 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതം 50 ലക്ഷം രൂപയായിരുന്നു. ആയത് മുഴുവൻ സി-ഡിറ്റിന് നൽകിക്കഴിഞ്ഞതിനുശേഷം ഉപധനാഭ്യർത്ഥനവഴി 4.48 കോടി രൂപ ആവശ്യപ്പെടുകയും ഒന്നര കോടി രൂപ ഒന്നാംവട്ട ഉപധനാഭ്യർത്ഥന മുഖാന്തിരം ലഭ്യമാക്കുകയും ആയത് മുഴുവൻ സി-ഡിറ്റിനു നൽകുകയും ചെയ്തു. കൂടാതെ, 30-3-2013-ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 2616/13/ധനകാര്യം പ്രകാരം റീ-അപ്രോപ്രിയേഷൻ മുഖാന്തിരം 54,000 രൂപകൂടി ടി ശീർഷകത്തിൽ ലഭ്യമാക്കുകയും അപ്രകാരം ആകെ 2,00,54,000 രൂപ സി-ഡിറ്റിനു നൽകുകയും ചെയ്തിട്ടുണ്ട്.

<u>ശുപാർശ</u>

മറ്റ് പെൻഷൻ കിട്ടാത്ത, 65 വയസ്സിനുമേൽ പ്രായമുള്ളവരാണ് ഈ പദ്ധതിയുടെ ഗുണഭോക്താക്കൾ. മറ്റ് പെൻഷൻ ഉണ്ടാകരുത് എന്ന വ്യവസ്ഥ കാരണം അർഹരായ പലർക്കും ഈപദ്ധതിയുടെ പ്രയോജനം ലഭിക്കാത്ത സാഹചര്യമാണ്. ആയതിനാൽ മറ്റു പെൻഷൻ ലഭിക്കാത്തവർക്ക് മാത്രമാണ് ഈ പദ്ധതിക്ക് അർഹത എന്ന വ്യവസ്ഥ ഒഴിവാക്കുന്നതിന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടാൻ സംസ്ഥാന സർക്കാരിനോട് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 18)

<u>സ്വീകരിച്ച നടപടി</u>

സമിതിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ മറ്റ് പെൻഷൻ ലഭിക്കാത്തവർക്ക് മാത്രമാണ് അന്നപൂർണ്ണ പദ്ധതിയ്ക്ക് അർഹത എന്ന മാനദണ്ഡത്തിൽ മാറ്റം വരുത്തണമെന്നും പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള പ്രായപരിധി 60 വയസ്സായി കുറയ്ക്കണമെന്നും 2-11-2012-ലെ 9544/ഡി1/2012/ഭ.പൊ.വി.വ. നമ്പർ കത്തുപ്രകാരം കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

<u>ശുപാർശ 18-ൻമേലുള്ള അധിക വിവരം</u>

സമിതിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ മറ്റ് പെൻഷൻ ലഭിക്കാത്തവർക്ക് മാത്രമാണ് അന്നപൂർണ്ണ പദ്ധതിയ്ക്ക് അർഹത എന്ന മാനദണ്ഡത്തിൽ മാറ്റം വരുത്തണമെന്നും, പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള പ്രായപരിധി 60 വയസ്സായി കുറയ്ക്കണമെന്നും 2-11-2012-ലെ 9544/ഡി1/2012/ഭ.പൊ.വി.വ. നമ്പർ കത്തുപ്രകാരം കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു. ആയതിന് കേന്ദ്ര സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ വിശദാംശം താഴെപ്പറയുന്നു.

ദേശീയ വയോജന പെൻഷൻ പദ്ധതിയിൽ ഉൾപ്പെടാൻ അർഹതയുണ്ടായിട്ടും ഉൾപ്പെടാതെപോയ അർഹരായ വയോജനങ്ങൾക്ക് ഭക്ഷ്യസുരക്ഷ നല്കുക എന്ന ലക്ഷ്യത്തോടെയാണ് 1-4-2000-ൽ അന്നപൂർണ്ണ പദ്ധതി കേന്ദ്ര സർക്കാർ ആരംഭിച്ചത്.

ദേശീയ വയോജന പെൻഷന് അർഹതയുള്ളവരുടെ 20% ന്ന മാത്രമാണ് ടി പെൻഷൻ പദ്ധതിയുടെ പ്രയോജനം ലഭിച്ചത്. രാജ്യത്തൊട്ടാകെ 13.76 ലക്ഷം പേരെ അന്നപൂർണ്ണ ഗുണഭോക്താക്കളായി പരിധി നിശ്ചയിച്ചിരുന്നതിൽ കേരളത്തിൽ നിന്നുള്ള 44980 പേരും ഉൾപ്പെട്ടിരുന്നു.

65 വയസ്സും അതിനു മുകളിലും പ്രായമുള്ളവർക്കെല്ലാം ദേശീയ വയോജന പെൻഷൻ ലഭിക്കത്തക്കവിധം ടി പെൻഷൻപദ്ധതിയുടെ അർഹതാ മാനദണ്ഡം 2007-ൽ കേന്ദ്രസർക്കാർ പരിഷ്കരിക്കുകയും ഇന്ദിരാഗാന്ധി ദേശീയ വയോജന പെൻഷൻ പദ്ധതി എന്ന് ഈ പദ്ധതിയെ പുനർനാമകരണം ചെയ്യുകയും ചെയ്തു. അതിനെത്തുടർന്ന് 2011-ൽ ടി പദ്ധതിയുടെ ഗുണഭോക്താക്കളുടെ പ്രായപരിധി 65-ൽ നിന്നും 60 ആക്കി കുറയ്ക്കുകയും 80 വയസ്സിനും അതിനുമുകളിലും പ്രായം ഉള്ളവരുടെ പെൻഷൻ തുക 500 രൂപയാക്കി വർദ്ധിപ്പിക്കുകയും ചെയ്തു.

ഇന്ദിരാഗാന്ധി ദേശീയ വയോജന പെൻഷൻ പദ്ധതി നിലവിൽ വന്നതിനുശേഷവും അന്നപൂർണ്ണ പദ്ധതി നിലനിർത്തിയത് 2004 ഏപ്രിൽ 27-ലെ WP(C) 196/2001-ലെ സുപ്രീംകോടതി നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലായിരുന്നു. അന്നപൂർണ്ണ പദ്ധതിയുടെ ഗുണഭോക്താക്കളെ ഇന്ദിരാഗാന്ധി ദേശീയ വയോജന പെൻഷൻ പദ്ധതിയുടെ ഗുണഭോക്താക്കളാക്കിമാറ്റുക എന്ന ഭേദഗതി നിർദ്ദേശത്തോടെ കേന്ദ്ര ഗ്രാമവികസന മന്ത്രാലയം സുപ്രീം കോടതിയിൽ ഇടക്കാല ഹർജി (I.A.84/2008) സമർപ്പിച്ചുവെങ്കിലും അതിന്മേൽ സുപ്രീം കോടതിയുടെ വിധി നാളിതുവരെ വന്നിട്ടില്ല. പ്രസ്തുത സാഹചര്യത്തിൽ അന്നപൂർണ്ണ പദ്ധതിയുടെ നിലവിലുള്ള മാനദണ്ഡത്തിൽ മാറ്റം വരുത്തുവാൻ സാധ്യമല്ല. എന്നിരുന്നാലും കൂടുതൽ അർഹരായ ഗുണഭോക്താക്കളെ ബി.പി.എൽ. മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിൽ ഇന്ദിരാഗാന്ധി ദേശീയ വയോജന പെൻഷൻ പദ്ധതിയിൽ ഉൾപ്പെടുത്താനുള്ള നടപടികളെപ്പറ്റി സംസ്ഥാനത്തിന് പരിഗണിക്കാമെന്നാണ് കേന്ദ്ര സർക്കാർ അറിയിച്ചിരിക്കുന്നത്. ഈ നിർദ്ദേശത്തിന്മേൽ തുടർനടപടികൾ സ്വീകരിക്കുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

<u>ശുപാർശ</u>

<u>പുതിയ പദ്ധതികൾ</u>

പൊതുവിതരണ സമ്പ്രദായംവഴി വിതരണം ചെയ്യേണ്ട ഭക്ഷ്യസാധനങ്ങൾ പൊതു വിപണിയിലേക്ക് കടത്തിക്കൊണ്ടു പോകുന്നതും ദുരുപയോഗം ചെയ്യുന്നതും തടയുന്നതിനായി ഗ്ലോബൽ പൊസിഷനിംഗ് സംവിധാനം, വെഹിക്കിൾ ട്രാക്കിംഗ് സിസ്റ്റം എന്നിവ സംസ്ഥാനത്തുടനീളം നടപ്പിലാക്കുന്നതിനുദ്ദേശിച്ചുള്ള പുതിയ പദ്ധതിക്ക് ചെലവാകുമെന്ന് പ്രതീക്ഷിക്കുന്ന 4 കോടി രൂപയിൽ ഒരു കോടി രൂപ അനുവദിക്കുന്നതിനായി ബഡ്ജറ്റ് പ്രസംഗത്തിൽ അറിയിച്ചിട്ടുണ്ട്. ബാക്കി തുകയായ 3 കോടി രൂപ പ്രത്യേക ശീർഷകത്തിൽ അനുവദിക്കുന്നതിന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 21)

<u>സ്വീകരിച്ച നടപടി</u>

പ്രസ്തുത പദ്ധതിക്ക് ഒന്നാംവട്ട ഉപധനാഭ്യർത്ഥനയിൽ ടോക്കൺ പ്രൊവിഷനായി ആയിരം രൂപ മാത്രം മാറ്റിവയ്ക്കുകയുണ്ടായി. എന്നാൽ, പൊതുവിതരണ സമ്പ്രദായമാകെ കമ്പ്യൂട്ടർവൽക്കരിക്കുന്നതിന്റെ ഭാഗമായി 'എൻഡ്-ടു-എൻഡ് കമ്പ്യൂട്ടറൈസേഷൻ' പദ്ധതി നടപ്പിൽ വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിരിക്കുന്നതിനാലും ജി.പി.എസ്. സംവിധാനം നടപ്പിലാക്കണമെന്ന വിഷയത്തിൽ അന്തിമതീരുമാനം കൈക്കൊണ്ടിട്ടില്ലാത്തതിനാലും കൂടുതൽ തുക ആവശ്യപ്പെട്ടിട്ടില്ല.

<u>ശുപാർശ</u>

റേഷൻ സാധനങ്ങളുടെ തിരിമറി തടയുന്നതിനും റേഷൻ യഥാർത്ഥ കാർഡുടമയ്ക്ക് ലഭിക്കുന്നു എന്ന് ഉറപ്പാക്കുന്നതിനുമായി ബയോമെട്രിക്, ഇ-പി.ഡി.എസ്. സ്മാർട്ട് കാർഡ് തുടങ്ങിയവവഴി സംയോജിത പൊതുവിതരണ സമ്പ്രദായം ആവിഷ്കരിക്കുന്നതിന് വകുപ്പിൽ 'എൻഡ്-ടു-എൻഡ് കമ്പ്യൂട്ടറൈസേഷൻ' നടപ്പിലാക്കേണ്ടതുണ്ട്. രണ്ട് ഘട്ടങ്ങളിലായി സംസ്ഥാനത്തുടനീളം നടപ്പിലാക്കുന്ന ഈ പദ്ധതിക്ക് 2012-13 സാമ്പത്തികവർഷം ആവശ്യമായി വരുന്ന 93.60 കോടി രൂപ അനുവദിച്ചു നൽകണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 22)

<u>സ്വീകരിച്ച നടപടി</u>

'എൻഡ്-ടു-എൻഡ് കമ്പ്യൂട്ടറൈസേഷൻ' നടപ്പിലാക്കുന്നതിനായി വിശദമായി പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയപ്പോൾ ഘടനയിലും മൊത്തം എസ്റ്റിമേറ്റിലും വന്ന വ്യത്യാസം കാരണം 2012-13 വർഷത്തിൽ പ്രോജക്ട് റിപ്പോർട്ട് പൂർത്തിയാക്കാൻ കഴിഞ്ഞില്ല. അതിനാൽ പദ്ധതിക്ക് തുക അനുവദിക്കേണ്ടതായി വന്നില്ല.

## സബ്ജക്ട് കമ്മിറ്റി XI-ന്റെ മൂന്നാമത് റിപ്പോർട്ട് (2013-14)

## **ധനകാര്യ വകുപ്പ്**

<u>ശുപാർശ</u>

ഭരണാനുമതി ലഭിച്ചിട്ടും തുക ലഭിക്കാത്ത സാഹചര്യം ഒഴിവാക്കുവാൻ ഓരോ സാമ്പത്തികവർഷവും ബഡ്ജറ്റ് നിയമസഭ അംഗീകരിച്ചാലുടൻതന്നെ ബഡ്ജറ്റിൽ പരാമർശിച്ചിരിക്കുന്ന പദ്ധതികളുടെ കൺട്രോളിംഗ് ഓഫീസർ പദ്ധതിയെ സംബന്ധിച്ച വ്യക്തമായ രൂപരേഖ തയ്യാറാക്കി ഭരണവകുപ്പിന് നൽകണമെന്നും ഭരണവകുപ്പ് കാലവിളംബം കൂടാതെ ഭരണാനുമതി നൽകി ധനകാര്യ വകുപ്പിൽ നിന്നും റിലീസിംഗ് ഉത്തരവ് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും ഭരണാനുമതി നൽകിയ തുകകൾ റിലീസ് ചെയ്യുന്നതിൽ ധനകാര്യ വകുപ്പും ശ്രദ്ധ ചെലുത്തണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 17)

<u>സ്വീകരിച്ച നടപടി</u>

2012-13-ൽ ഇപ്രകാരം ഭരണാനുമതി നൽകിയതിലെ തുക 2013-14 ആദ്യമാസങ്ങളിൽ ധനകാര്യ വകുപ്പ് റിലീസ്ചെയ്തു നൽകി. മതിയായ രേഖകൾ സഹിതം, ഫണ്ട് റിലീസിനായി ഭരണവകുപ്പിൽ നിന്നും ശുപാർശ ലഭിച്ചാലുടൻ തന്നെ ആവശ്യമായ നടപടി ധനകാര്യവകുപ്പിൽ കാലവിളംബം കൂടാതെ സ്വീകരിച്ചുവരുന്നുണ്ട്.

## ഭക്ഷ്യപൊതുവിതരണ വകുപ്പ്

<u>ശുപാർശ</u>

വൃദ്ധ അഗതികൾക്കുള്ള അന്നപൂർണ്ണ ഭക്ഷണ സുരക്ഷാ പദ്ധതി 65 വയസ്സിനുമേൽ പ്രായമുള്ളവരും ക്ഷേമനിധി പെൻഷൻ ലഭിക്കാത്തവരുമായ അഗതികളെ ഉദ്ദേശിച്ചുള്ളതാണ്. കേന്ദ്ര സർക്കാരിന്റെ മേൽപ്പറഞ്ഞ മാനദണ്ഡമനുസരിച്ചുള്ളവർ കേരളത്തിൽ കുറവായതിനാൽ പ്രസ്തുത പദ്ധതി പൂർണ്ണമായി ഉപയോഗപ്പെടുത്തുവാൻ കഴിഞ്ഞിട്ടില്ലെന്നും കേരളത്തിലെ സാഹചര്യത്തിൽ മേൽപ്പറഞ്ഞ മാനദണ്ഡത്തിന് ഇളവ് നൽകണമെന്ന് ആവശ്യപ്പെട്ടിട്ടും കേന്ദ്രസർക്കാർ അത് അനുവദിച്ചിട്ടില്ലെന്നും സമിതി മനസ്സിലാക്കുന്നു. പദ്ധതിയുടെ പ്രയോജനം ഇന്നാട്ടിലെ അഗതികൾക്ക് ലഭിക്കുവാൻ പ്രശ്നം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽ വീണ്ടും കൊണ്ടുവരുവാൻ ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 36)

<u>സ്വീകരിച്ച നടപടി</u>

സമിതിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ അന്നപൂർണ്ണ പദ്ധതിയുടെ അർഹതാ മാനദണ്ഡത്തിൽ മാറ്റം വരുത്തണമെന്ന് 26-7-2013-ലെ 9921/ഡി1/2013/ഭ.പൊ.വി.വ. നമ്പർ കത്ത് പ്രകാരം കേന്ദ്ര സർക്കാരിനോട് വീണ്ടും അഭ്യർത്ഥിച്ചിട്ടുണ്ട്.

### ഭാഗം 3

ചട്ടം 236(5) പ്രകാരമുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് സഭയിൽ സമർപ്പിച്ചശേഷം ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം ലഭിച്ച സ്റ്റേറ്റ്മെന്റുകൾ

### സബ്ജക്ട് കമ്മിറ്റി XI-ന്റെ ഒന്നാമത് റിപ്പോർട്ട് (2011-12)

## ലീഗൽ മെട്രോളജി വകുപ്പ്

<u>ശുപാർശ</u>

ലീഗൽ മെട്രോളജി വകുപ്പിൽ വാഹനങ്ങൾ വാങ്ങുന്നതിനായി 1,000 രൂപയുടെ ഒരു ടോക്കൺ പ്രൊവിഷൻ മാത്രമേ വകയിരുത്തിയിട്ടുള്ളൂ. ഫീൽഡിലെ എൻഫോഴ്സ്മെന്റ്

പ്രവർത്തനങ്ങൾക്ക് വകുപ്പിലെ പഴക്കമുള്ള വാഹനങ്ങൾ ഉപയോഗിക്കുന്നതുമൂലം ബുദ്ധിമുട്ട് ഉണ്ടാകുന്നുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. വകുപ്പിന് കൂടുതൽ വാഹനങ്ങൾ അനുവദിക്കുന്നതുവഴി പ്രവർത്തനം മെച്ചപ്പെടുത്താനും സർക്കാരിലേയ്ക്കുള്ള വരുമാനം ഉയർത്താനും കഴിയുമെന്നതിനാൽ 10 പുതിയ വാഹനങ്ങൾ വാങ്ങുന്നതിനായി 60 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 12)

<u>സ്വീകരിച്ച നടപടി</u>

10 പുതിയ വാഹനങ്ങൾ വാങ്ങുന്നതിനായി 60 ലക്ഷം രൂപ '3475-00-106-99-21 മോട്ടോർ വാഹനം 1—വാഹനം വാങ്ങൽ NP)' എന്ന ഹെഡ്ഡിൽ 2011-12 സാമ്പത്തിക വർഷം അധിക വീതാംശമായി അനുവദിക്കണമെന്ന ലീഗൽ മെട്രോളജി കൺട്രോളറുടെ പ്രൊപ്പോസൽ ധനകാര്യ വകുപ്പിന്റെ പരിഗണനയ്ക്കായി അയക്കുകയും ധനകാര്യവകുപ്പ് ആവശ്യപ്പെട്ട അധിക വിവരങ്ങൾ എല്ലാം പ്രസ്തുത വകുപ്പിന് ലഭ്യമാക്കുകയും ചെയ്തു. എന്നാൽ 'വാഹനം വാങ്ങുന്നതിനുള്ള ഭരണാനുമതി പുറപ്പെടുവിക്കുന്ന മുറയ്ക്ക് മാത്രമേ ധനപുനർവിനിയോഗംവഴി ആയാലും തുക വകയിരുത്തുന്ന കാര്യം പരിഗണിക്കാൻ നിർവ്വാഹമുള്ളൂ' എന്ന അഭിപ്രായത്തോടെ ധനകാര്യ വകുപ്പ് പ്രൊപ്പോസൽ നിരസിച്ചു. അതിനാൽ 2011-12 സാമ്പത്തിക വർഷത്തിൽ സബ്ജക്ട് കമ്മിറ്റി ശുപാർശ നടപ്പിലാക്കാൻ സാധിച്ചില്ല.

എന്നാൽ 2012-13 സാമ്പത്തിക വർഷത്തിൽ '3475-00-106-98 അളവുകളും തൂക്കങ്ങളും പരിശോധനയുടെ ഗുണവും കാര്യപ്രാപ്തിയും വർദ്ധിപ്പിക്കൽ '(പ്ലാൻ) എന്ന ഹെഡ് ഓഫ് അക്കൗണ്ടിലെ ബഡ്ജറ്റ് വിഹിതത്തിൽ നിന്നും 30,25,821 രൂപ ചെലവിൽ 5 പുതിയ വാഹനങ്ങൾ വാങ്ങുന്നതിന് 4-7-2012-ലെ G.O. (Rt.) No. 56/12/CAD ഉത്തരവു പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്.

## ഭക്ഷ്യപൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പ്

<u>ശുപാർശ</u>

ദേശീയ ഉപഭോക്തൃ ദിനാഘോഷത്തോടനുബന്ധിച്ച് നടത്തുന്ന ബോധവൽക്കരണ പരിപാടികൾക്കും മറ്റുമായിവരുന്ന ചെലവുകൾക്കായി 1.5 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്. ഉപഭോക്തൃ അവകാശ സംരക്ഷണ രംഗത്ത് മികച്ച പ്രവർത്തനം നടത്തുന്ന സംഘടനകൾക്കുള്ള അവാർഡ് തുക, ലോകഭക്ഷ്യ ദിനാഘോഷങ്ങൾക്കുള്ള ചെലവ് തുടങ്ങിയവയ്ക്കെല്ലാമായി വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 1,50,000 രൂപകൂടി അനുവദിക്കാൻ സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 16)

<u>സ്വീകരിച്ച നടപടി</u>

'2408-01-800-98-ഉപഭോക്തൃ ദിനാഘോഷം' എന്ന ശീർഷകത്തിൽ 2011-12 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതമായി ഉൾക്കൊള്ളിച്ചിരുന്ന 1.5 ലക്ഷം രൂപ 2010-11 സാമ്പത്തിക വർഷത്തിൽ ഉപഭോക്തൃ അവകാശ സംരക്ഷണ രംഗത്ത് മികച്ച പ്രവർത്തനം നടത്തിയ സംഘടനകൾക്ക് ക്യാഷ് അവാർഡ് നൽകുന്നതിനും, 2011-12-ലെ ലോക ഭക്ഷ്യ ദിനാഘോഷത്തിന്റെ ചെലവുകൾക്കുമായി വിനിയോഗിച്ചു.

സമിതി നിർദ്ദേശിച്ചപ്രകാരം 2011-12-ലെ ദേശീയ ഉപഭോക്തൃ ദിനാഘോഷത്തിന്റെ ചെലവുകൾക്കുവേണ്ടിയും പ്രസ്തുത വർഷത്തെ ക്യാഷ് അവാർഡ് നൽകുന്നതിനുവേണ്ടിയും 1.5 ലക്ഷം രൂപകൂടി ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ശുപാർശ സമർപ്പിക്കുകയും ഗവൺമെന്റ് ഉത്തരവ് (സാധാ) നമ്പർ 8733/2011/ധന. പ്രകാരം 1.5 ലക്ഷം രൂപ അനുവദിക്കുകയും ചെയ്തു. 2011-12-ൽ ആകെ ലഭിച്ച 3 ലക്ഷം രൂപയിൽ 2,85,369 രൂപ ചെലവഴിച്ചിട്ടുണ്ട്.

<u>ശുപാർശ</u>

അന്ത്യോദയ അന്നയോജന പദ്ധതി പ്രകാരം ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള വളരെ പാവപ്പെട്ട കുടുംബങ്ങൾക്ക് കുറഞ്ഞ നിരക്കിൽ അരി വിതരണം ചെയ്യുന്നതിനുള്ള കടത്തുകൂലി, കൈകാര്യ ചെലവ്, വിൽപ്പന നികുതി മുതലായ ചെലവുകൾക്കായി 10 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. അരി വിതരണം ചെയ്യുന്ന റേഷൻ വ്യാപാരികൾക്ക് നൽകേണ്ട കമ്മീഷൻ ഇപ്പോൾ കുടിശ്ശികയാണ്. റേഷൻ വ്യാപാരികൾക്ക് നൽകാനുള്ള തുകയിൽ കുടിശ്ശിക വരുത്തുന്നത് പൊതുവിതരണ സമ്പ്രദായത്തെ തന്നെ പ്രതികൂലമായി ബാധിക്കുമെന്നതിനാൽ ഈ ശീർഷകത്തിൽ 8.44 കോടി രൂപകൂടി അധികമായി അനുവദിക്കാൻ ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 17)

<u>സ്വീകരിച്ച നടപടി</u>

2011-12 സാമ്പത്തികവർഷം ഈ ശീർഷകത്തിൽ രണ്ടാംവട്ട ഉപധനാഭ്യർത്ഥനവഴി 5,89,15,000 രൂപ അധികമായി വകയിരുത്തണമെന്ന ശുപാർശ സമർപ്പിച്ചിരുന്നുവെങ്കിലും പ്രസ്തുത സാമ്പത്തിക വർഷം അധികം തുക ഒന്നുംതന്നെ ലഭിച്ചില്ല. 2012-13 വർഷം ബഡ്ജറ്റ് വിഹിതമായി ലഭിച്ച 10 കോടിക്ക് പുറമെ ഉപധനാഭ്യർത്ഥന മുഖാന്തിരം 5,96,58,000 രൂപകൂടി ലഭിച്ചിട്ടുണ്ട്.

<u>അദ്ധ്യായം 2</u>

**ബില്ലുകളുടെ പരിശോധന**

(എ) 2013-ലെ കേരള സഹകരണ സംഘ (മൂന്നാം ഭേദഗതി) ബിൽ 27-1-2014-ൽ ചേർന്ന സമിതിയോഗം പരിഗണിക്കുകയും ഭേദഗതികളോടെ അംഗീകരിക്കുവാൻ ശുപാർശ ചെയ്യുകയും ഇതു സംബന്ധിച്ച റിപ്പോർട്ട് 30-1-2014-ൽ സഭയിൽ സമർപ്പിക്കു കയും ചെയ്തു.

(ബി) റിപ്പോർട്ട് കാലയളവിൽ സമിതിയുടെ പരിഗണനയ്ക്കായി സർക്കാരിൽനിന്നു കരട് ചട്ടങ്ങൾ സമർപ്പിച്ചിരുന്നില്ല.

**എസ്.ആർ.ഒ.കളുടെ പരിശോധന**

(സി) സമിതിയുടെ മുൻകൂർ പരിശോധനയ്ക്ക് വിധേയമാക്കാതെ താഴെപ്പറയുന്ന ചട്ടങ്ങൾ പുറപ്പെടുവിച്ചത് സംബന്ധിച്ച് ബന്ധപ്പെട്ട വകുപ്പുകൾ നൽകിയ വിശദീകരണം സമിതി പരിശോധിക്കുകയും പ്രസ്തുത വിജ്ഞാപനങ്ങൾക്ക് സാധൂകരണം നൽകുകയും ചെയ്തു.

(1) കേരള ലീഗൽ മെട്രോളജി (എൻഫോഴ്സ്മെന്റ്) റൂൾസ് 2012
(SRO. No. 584/2012, SRO. No. 432/2013)

(2) 1966-ലെ കേരള റേഷനിംഗ് ഉത്തരവ്
(SRO. No. 120/2011, SRO. No. 477/2013)

(3) കേരള ലീഗൽ മെട്രോളജി സർവ്വീസ് സ്പെഷ്യൽ റൂൾസ്, 2013
(SRO. No. 67/2013)

(4) കേരള ലീഗൽ മെട്രോളജി സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾസ്, 2013
(SRO No. 68/2013)

(ഡി) 2010-11 സാമ്പത്തികവർഷത്തിലെ ധനാഭ്യർത്ഥന നമ്പർ XXVII—സഹകരണം ധനാഭ്യർത്ഥനനമ്പർ XXX—ഭക്ഷ്യം എന്നിവയിലെ ബഡ്ജറ്റ് വിഹിതം ചെലവഴിച്ചത് സംബന്ധിച്ച വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ സമിതി 27-5-2013-ലെ യോഗത്തിൽ വിശദമായി പരിശോധിച്ചു.

<u>അദ്ധ്യായം 3</u>

(എ) ഭക്ഷ്യവും ഭവനനിർമ്മാണവും തൊഴിലും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VII-ന്റെ 2010-11 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ 51, 59, 60, 61 എന്നീ ഖണ്ഡികകളിൻമേലും ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XI-ന്റെ 2011-12 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ 17, 18, 19, 21, 22, 23 എന്നീ ഖണ്ഡികകളിലെ ശുപാർശകളിൻമേലും നടപടി സ്വീകരിക്കുന്നതിൽ കാലതാമസം നേരിട്ടതിനുള്ള വിശദീകരണമടങ്ങുന്ന ഡിലേ സ്റ്റേറ്റ്മെന്റ് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 236(5) പ്രകാരം ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി ശ്രീ. അനൂപ് ജേക്കബ് 28-1-2014-ൽ സഭയിൽ സമർപ്പിച്ചു. ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോഗ സമരകസഹകരണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XI-ന്റെ 2012-13 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ

പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ 11, 12 എന്നീ ഖണ്ഡികകളിലെ ശുപാർശകളിൻമേൽ നടപടി സ്വീകരിക്കുന്നതിൽ കാലതാമസം നേരിട്ടതിനുള്ള വിശദീകരണമടങ്ങുന്ന ഡിലേ സ്റ്റേറ്റ്മെന്റ് റവന്യൂവും കയറും വകുപ്പുമന്ത്രി ശ്രീ. അടൂർ പ്രകാശ് 28-1-2014-ൽ കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 236 (5) പ്രകാരം സഭയിൽ സമർപ്പിച്ചു.

(ബി) കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 236(6) പ്രകാരം സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥന യുടെകീഴിൽ വരുന്ന സഹകരണ വകുപ്പിന്റെ 2011-12 സാമ്പത്തികവർഷത്തെ വാർഷിക പ്രവർത്തന റിപ്പോർട്ട് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി ശ്രീ. സി. എൻ. ബാലകൃഷ്ണനും ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ കീഴിൽവരുന്ന ഭക്ഷ്യപൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പിന്റെ 2012-13 സാമ്പത്തിക വർഷത്തെ വാർഷിക പ്രവർത്തന റിപ്പോർട്ട് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി ശ്രീ. അനൂപ് ജേക്കബും 21-1-2014-ൽ സഭയിൽ സമർപ്പിച്ചു.

തിരുവനന്തപുരം,
2014 ജൂൺ, 9.

**അനൂപ് ജേക്കബ്,**
*ചെയർമാൻ,*
*വിഷയനിർണ്ണയ സമിതി XI.*

## അനുബന്ധം

## 2013 ഏപ്രിൽ 18-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി XI 2013 ഏപ്രിൽ 18-ാം തീയതി വ്യാഴാഴ്ച രാവിലെ 11.00 മണിക്ക് നിയമസഭാ സമുച്ചയത്തിലെ 'IV ബി' കോൺഫറൻസ് ഹാളിൽ സമിതി ചെയർമാനും ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രിയുമായ ശ്രീ. അനൂപ് ജേക്കബിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ താഴെപ്പറയുന്ന അംഗങ്ങളും സന്നിഹിതരായിരുന്നു.

അംഗങ്ങൾ :

1. ഡോ. എൻ. ജയരാജ്, എം.എൽ.എ.
2. ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ, എം.എൽ.എ.
3. ശ്രീ. ലൂഡി ലൂയിസ്, എം.എൽ.എ.
4. ശ്രീ. കെ. കെ. നാരായണൻ, എം.എൽ.എ.
5. ശ്രീ. ആർ. സെൽവരാജ്, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ് :

1. ശ്രീമതി ജെ. മേരി ഗ്രേസി, ഡെപ്യൂട്ടി സെക്രട്ടറി
2. ശ്രീ. കെ. ജി. ത്രിദീപ്, അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ :

1. ശ്രീ. അനിൽ എക്സ്, സെക്രട്ടറി, ഭക്ഷ്യപൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പ്
2. ശ്രീ. എസ്. ജഗന്നാഥൻ, കമ്മീഷണർ, സിവിൽ സപ്ലൈസ്
3. ശ്രീ. പി. എസ്. പ്രദീപ്, അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്
4. ശ്രീ. പി. ബാബുരാജ്, കൺട്രോളർ, ലീഗൽ മെട്രോളജി വകുപ്പ്
5. ശ്രീ. എ. രാധാകൃഷ്ണൻ, ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ്
6. ശ്രീ. കെ. രാധാകൃഷ്ണൻ, കൺട്രോളർ ഓഫ് റേഷനിംഗ്
7. ശ്രീ. ജേക്കബ് ജോസഫ്, ജനറൽ മാനേജർ, സപ്ലൈകോ
8. ശ്രീ. വി. പി. കുട്ടിശങ്കരൻ, ചീഫ് അക്കൗണ്ട്സ് ഓഫീസർ, സിവിൽ സപ്ലൈസ്
9. ശ്രീമതി സി. സ്വർണ്ണമ്മാൾ, സെക്രട്ടറി, സി.ഡി.ആർ.സി.

സമിതി 2013-14 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധനയുടെ ഭാഗമായി ധനാഭ്യർത്ഥന നമ്പർ XXX (ഭക്ഷ്യം) XXVIII (പലവക സാമ്പത്തിക സർവ്വീസുകൾ) എന്നിവയിൽ ഉൾപ്പെടുന്ന കണക്കിനങ്ങൾ പരിഗണനയ്ക്കെടുക്കുകയും യോഗത്തിൽ ഹാജരായിരുന്ന ഉദ്യോഗസ്ഥരിൽനിന്ന് സമിതി വിവരങ്ങൾ ആരായുകയും സമിതിയുടെ നിർദ്ദേശങ്ങളും ശുപാർശകളും റിപ്പോർട്ടിൽ ഉൾപ്പെടുത്തുന്നതിന് തീരുമാനിക്കുകയും ചെയ്തു.

## ധനാഭ്യർത്ഥന നമ്പർ XXX—ഭക്ഷ്യം
## ഭക്ഷ്യ പൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പ്

2408-01-101-98(33)—റേഷൻ അരിയുടെയും ഗോതമ്പിന്റെയും വിലയിലുണ്ടായ അന്തരം ഫുഡ് കോർപ്പറേഷന് മടക്കി കൊടുക്കൽ.

ബഡ്ജറ്റ് വിഹിതം : 600,00,00,000 രൂപ (നോൺ പ്ലാൻ)

റേഷൻ അരി സംസ്ഥാന സർക്കാർ സബ്സിഡി നൽകി വിതരണം ചെയ്യുമ്പോൾ ഉണ്ടാകുന്ന ചെലവ് വഹിക്കുന്നതിനും മൊത്ത/ചില്ലറ വ്യാപാരികൾക്ക് കമ്മീഷൻ നൽകുന്നതിനുമാണ് മേല്പറഞ്ഞ തുക വകകൊളളിച്ചിരിക്കുന്നത്. സബ്സിഡി തുക സംസ്ഥാന സർക്കാർ എഫ്.സി.ഐ.-ക്ക് നൽകുകയും എഫ്.സി.ഐ. സബ്സിഡി നിരക്കിൽ അരി നൽകുകയുമാണ് ചെയ്യുന്നത്. കിലോഗ്രാമിന് 2 രൂപ നിരക്കിൽ 25 കിലോ ഭക്ഷ്യധാന്യം വിതരണം ചെയ്യുന്ന പദ്ധതി ചില നിബന്ധനകൾക്കു വിധേയമായി എല്ലാ കാർഡുടമകൾക്കും ബാധകമാക്കുവാനും സംസ്ഥാനത്തെ എല്ലാ ബി.പി.എൽ. കുടുംബങ്ങൾക്കും 2011 സെപ്റ്റംബർ മാസം മുതൽ കിലോഗ്രാമിന് 1 രൂപ നിരക്കിൽ 25 കിലോ ഭക്ഷ്യധാന്യങ്ങൾ നൽകുവാനും സർക്കാർ ഉത്തരവായിട്ടുണ്ട്. കൂടാതെ സംസ്ഥാനത്തെ റേഷൻ ചില്ലറ വ്യാപാരികളുടെ കമ്മീഷനിലും വർദ്ധനവ് വരുത്തിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ 2013-14-ൽ സബ്സിഡി, വ്യാപാരികൾക്കുള്ള കമ്മീഷൻ എന്നീ ഇനങ്ങളിൽ വേണ്ടിവരുന്ന 713.34 കോടി രൂപ മുൻവർഷത്തെ കുടിശ്ശികയായ 61.49 കോടി രൂപ എന്നിവ ഉൾപ്പെടെ ആകെ 774.83 കോടി രൂപ ആവശ്യമായി വരുന്നതിൽ ബഡ്ജറ്റ് വിഹിതമായി 600 കോടി രൂപ മാത്രമാണ് വകയിരുത്തിയിട്ടുള്ളത്. അധികമായി ആവശ്യമായി വരുന്ന 174.83 കോടി രൂപകൂടി അനുവദിക്കാൻ സമിതി ശുപാർശ ചെയ്തു.

2408-01-101-96(33)—കേരള സംസ്ഥാന സിവിൽ സപ്ലൈസ് കോർപ്പറേഷനും മറ്റ് ഏജൻസികളും വഴി നെല്ലു സംഭരിക്കൽ-സബ്സിഡികൾ

ബഡ്ജറ്റ് വിഹിതം : 180,00,00,000 രൂപ (നോൺ പ്ലാൻ)

സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ നെല്ല് സംഭരണം കാര്യക്ഷമമായതു കൊണ്ട് നെൽകൃഷിക്കാർക്ക് നല്ല വില കിട്ടുന്നുണ്ടെന്നും അവർ ചൂഷണത്തിന് വിധേയരാകുന്നില്ല എന്നും നെല്ല് സംഭരിക്കുന്ന സമയത്തുതന്നെ കാലതാമസം കൂടാതെ കർഷകർക്ക് അതിന്റെ വില കൊടുക്കുന്നതിനുള്ള നടപടികൾ

സ്വീകരിക്കുമെന്നും സമിതി ചെയർമാനായ വകുപ്പുമന്ത്രി വ്യക്തമാക്കി. കൂടാതെ, സ്വകാര്യ ഏജൻസികൾ നെല്ല് സംഭരിക്കുന്നത് പൊതുവിതരണത്തെ ബാധിക്കുകയി ല്ലെന്നും നെല്ല് സംഭരണം കുറയുന്നതനുസരിച്ച് ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യ യിൽ നിന്നുള്ള അരി റേഷൻ കടകളിലൂടെ വിതരണം ചെയ്യാൻ കഴിയുമെന്നും അദ്ദേഹം വ്യക്തമാക്കി.

സിവിൽ സപ്ലൈസ് കോർപ്പറേഷൻ കർഷകരിൽ നിന്നും നേരിട്ട് നെല്ല് സംഭരി ക്കുകയും വില നേരിട്ട് കർഷകന്റെ ബാങ്ക് അക്കൗണ്ടിലേക്ക് നൽകുകയും സംഭരിക്കുന്ന നെല്ല് കുത്തി അരിയാക്കി സംസ്ഥാനത്തെ പൊതുവിതരണ ശൃംഖല വഴി റേഷൻ കാർഡുടമകൾക്ക് ഗുണമേന്മയുള്ള അരി നൽകുകയും ചെയ്യുന്ന പദ്ധതിയുടെ ഗുണഭോക്താക്കളായി ഏകദേശം ഒരു ലക്ഷം കർഷകരാണുള്ളത്. നെല്ലിന്റെ താങ്ങുവിലയായി കേന്ദ്രസർക്കാർ അനുവദിച്ച കിലോയ്ക്ക് 12.50 രൂപ എന്ന നിരക്ക് സംസ്ഥാന സർക്കാർ 17 രൂപയായി ഉയർത്തിയിട്ടുണ്ട്. സിവിൽ സപ്ലൈസ് കോർപ്പറേഷൻ നെല്ലു സംഭരണം കാര്യക്ഷമമായി നടത്തുന്നതിനും നെൽകൃഷിക്കാർക്ക് സംഭരണക്കാലത്ത് തന്നെ കാലതാമസം കൂടാതെ താങ്ങുവില നൽകി അവരെ ചൂഷണത്തിൽ നിന്ന് ഒഴിവാക്കുന്നതിനും കൂടുതൽ തുക വകയിരുത്തേണ്ടതാണെന്ന് സമിതി കരുതുന്നതിനാൽ നിലവിലുള്ള ബഡ്ജറ്റ് വിഹിതത്തിന് പുറമേ ആവശ്യമായ 20 കോടി രൂപകൂടി അധികമായി അനുവദിക്കാൻ സമിതി ശുപാർശ ചെയ്തു.

2408-01-190-96(33)—കേരള സംസ്ഥാന സിവിൽ സപ്ലൈസ് കോർപ്പറേഷൻ ലിമിറ്റഡിലേക്ക് മാർക്കറ്റ് ഇന്റർവെൻഷൻ പ്രവർത്തനങ്ങൾക്കുള്ള ഗ്രാന്റ്-സബ്സിഡികൾ

ബഡ്ജറ്റ് വിഹിതം : 60,00,00,000 രൂപ (നോൺ പ്ലാൻ)

സിവിൽ സപ്ലൈസ് കോർപ്പറേഷൻ മാവേലി സ്റ്റോർ, ലാഭം മാർക്കറ്റുകൾ തുടങ്ങിയവയുടെ വില്പനശാലകളിലൂടെ സംസ്ഥാന സർക്കാർ നിശ്ചയിക്കുന്ന വില്പനവിലയിൽ സാധനങ്ങൾ വിതരണം ചെയ്ത് സംസ്ഥാനത്ത് കമ്പോളത്തിലെ അവശ്യ വസ്തുക്കളുടെ വില നിയന്ത്രണം നടത്തുന്നു. അവശ്യ വസ്തുക്കൾ കൂടാതെ മറ്റു ഉപഭോക്തൃ ഉല്പന്നങ്ങൾ, മരുന്നുകൾ തുടങ്ങിയവയും കോർപ്പറേഷന്റെ വില്പന ശാലകളിലൂടെ കുറഞ്ഞ നിരക്കിൽ വിൽക്കുന്നു. ഈ വർഷം സപ്ലൈകോ വില്പനശാലയോടൊപ്പം ആരംഭിക്കുന്ന ന്യായവിലഷോപ്പുകൾ ഓരോ നിയോജക മണ്ഡലത്തിലും തുടങ്ങുന്ന മാവേലി റേഷൻ കടകൾ, പുതിയതായി ആരംഭിക്കുന്ന 50 സഞ്ചരിക്കുന്ന മാവേലി സ്റ്റോറുകൾ എന്നിവയ്ക്കായി കൂടുതൽ തുക ആവശ്യമുണ്ടെന്ന് സമിതി കരുതുന്നതിനാലും കമ്പോളത്തിലെ അവശ്യവസ്തുക്കളുടെ വിലനിയന്ത്രണം നടത്തുന്നതിന് മുൻവർഷം അനുവദിച്ച തുക മുഴുവൻ ചെലവഴിച്ച സാഹചര്യത്തിലും മാർക്കറ്റ് ഇന്റർവെൻഷൻ പ്രവർത്തനങ്ങൾക്കായി ഈ വർഷം വേണ്ടിവരുന്ന 277 കോടി രൂപയിൽ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള 60 കോടി രൂപയ്ക്ക് പുറമേ ആവശ്യമായ 217 കോടി രൂപകൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

2408-01-800-94(34)—അന്ത്യോദയ അന്നയോജന പദ്ധതി നടപ്പിലാക്കുന്നതിനുവേണ്ട ഭക്ഷ്യധാന്യങ്ങൾ വിതരണത്തിനെത്തിക്കുന്നതിനുള്ള ട്രാൻസ്പോർട്ടേഷൻ ചെലവും മറ്റു ചെലവുകളും-മറ്റു ചെലവുകൾ

ബഡ്ജറ്റ് വിഹിതം : 10,00,00,000 രൂപ (നോൺ പ്ലാൻ)

അന്ത്യോദയ അന്നയോജന പദ്ധതി പ്രകാരം അതീവ ദരിദ്രരായ കുടുംബങ്ങൾക്ക് നൽകുന്നതിനായി കേന്ദ്ര സർക്കാർ കിലോഗ്രാമിന് 3 രൂപ നിരക്കിൽ പ്രതിമാസം ലഭ്യമാക്കുന്ന 35 കിലോഗ്രാം അരിക്ക് സംസ്ഥാന സർക്കാർ കിലോഗ്രാമിന് 2 രൂപ നിരക്കിൽ സബ്സിഡി നൽകി 1 രൂപ നിരക്കിലാണ് വിതരണം ചെയ്യുന്നത്. പ്രസ്തുത സബ്സിഡിക്ക് പുറമേ വിതരണത്തിനുള്ള കടത്തുകൂലി, കൈകാര്യച്ചെലവ്, വില്പന നികുതി മുതലായ ചെലവുകളും സംസ്ഥാന സർക്കാരാണ് വഹിക്കുന്നത്. മേല്പറഞ്ഞ ചെലവുകൾക്കായി 10 കോടി രൂപ അനുവദിച്ചിട്ടുണ്ടെങ്കിലും അത് അപര്യാപ്തമാണെന്നു സമിതി നിരീക്ഷിച്ചു. കൂടാതെ, റേഷൻ ചില്ലറ വ്യാപാരികളുടെ കമ്മീഷൻ വർദ്ധിപ്പിച്ചിട്ടുള്ളതിനാലും മുൻ വർഷങ്ങളിൽ ഈ ഇനത്തിൽ അനുവദിച്ചിട്ടുള്ള തുക മുഴുവനും ചെലവാക്കിയിട്ടുള്ള സാഹചര്യത്തിലും 17 കോടി 22 ലക്ഷം രൂപകൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

4408-01-101-95—റേഷൻ കാർഡ് പുതുക്കൽ

ബഡ്ജറ്റ് വിഹിതം : 50,00,000 രൂപ (നോൺ പ്ലാൻ)

'റേഷൻകാർഡ് പുതുക്കൽ' എന്ന ശീർഷകത്തിൽ സി-ഡിറ്റിന് നൽകുന്നതിന് 50 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്. റേഷൻ കാർഡ് അച്ചടിച്ച വകയിൽ സി-ഡിറ്റിന് 2 കോടിയോളം രൂപ കുടിശ്ശികയുള്ളതിനാൽ 2 കോടി രൂപകൂടി ഈ ഇനത്തിൽ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

2408-01-800-95—വൃദ്ധ അഗതികൾക്കുള്ള അന്നപൂർണ്ണ ഭക്ഷണസുരക്ഷാ പദ്ധതി (100% കേന്ദ്രാവിഷ്കൃതം)

വൃദ്ധ അഗതികൾക്കുള്ള അന്നപൂർണ്ണ ഭക്ഷണ സുരക്ഷാപദ്ധതി 65 വയസ്സിനുമേൽ പ്രായമുള്ളവരും ക്ഷേമനിധി പെൻഷനുകൾ ലഭിക്കാത്തവരുമായ അഗതികളെ ഉദ്ദേശിച്ചുള്ളതാണ്. കേന്ദ്രസർക്കാരിന്റെ മേല്പറഞ്ഞ മാനദണ്ഡമനുസരിച്ചുള്ളവർ കേരളത്തിൽ കുറവായതിനാൽ പ്രസ്തുത പദ്ധതി പൂർണ്ണമായി ഉപയോഗപ്പെടുത്തുവാൻ കഴിഞ്ഞിട്ടില്ലെന്നും കേരളത്തിലെ സാഹചര്യത്തിൽ മേല്പറഞ്ഞ മാനദണ്ഡത്തിന് ഇളവ് നൽകണമെന്ന് ആവശ്യപ്പെട്ടിട്ടും കേന്ദ്രസർക്കാർ അത് അനുവദിച്ചിട്ടില്ലെന്നും സമിതി കണ്ടെത്തി. പദ്ധതിയുടെ പ്രയോജനം ഇന്നാട്ടിലെ അഗതികൾക്കു ലഭിക്കുവാൻ പ്രശ്നം കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽ വീണ്ടും കൊണ്ടുവരുവാൻ ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

2408-01-800-91—കൗൺസിൽ ഫോർ ഫുഡ് റിസർച്ച് ആന്റ് ഡെവലപ്പ്മെന്റ്

ബഡ്ജറ്റ് വിഹിതം : 4,00,00,000 രൂപ (പ്ലാൻ)

കേരളത്തിലെ നാടൻ ഭക്ഷ്യവസ്തുക്കളുടെ തനിമ നിലനിർത്തി അതിന്റെ നിലവാരം അന്താരാഷ്ട്ര മാർക്കറ്റിലേതിനു തുല്യമാക്കാനുദ്ദേശിച്ച് കേരള സംസ്ഥാന സിവിൽ സപ്ലൈസ് കോർപ്പറേഷൻ കോന്നിയിൽ ആരംഭിച്ചിട്ടുള്ള ഭക്ഷ്യ ഗവേഷണ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഭാഗമായ ഭക്ഷ്യഗുണനിലവാര നിരീക്ഷണ ലബോറട്ടറി, തദ്ദേശീയ ഭക്ഷ്യ സാങ്കേതിക കോളേജ്, ഭക്ഷ്യ സംസ്ക്കരണ പരിശീലന കേന്ദ്രം, ഭക്ഷ്യപാർക്ക് എന്നിവയും, ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഭാഗമായ ലാബ് അന്താരാഷ്ട്ര നിലവാരത്തിലുള്ളതാണെങ്കിലും അതിന്റെ പ്രവർത്തനം പൂർണ്ണതയിലെത്തിയിട്ടില്ലെന്ന് സമിതി നിരീക്ഷിച്ചു. 4 കോടി രൂപ ഇൻസ്റ്റിറ്റ്യൂട്ടിനായി വകയിരുത്തിയിട്ടുണ്ടെങ്കിലും ഡ്രഗ് ടെസ്റ്റിംഗ് ലാബിന് ഉപകരണങ്ങൾ വാങ്ങുന്നതിന് 410 ലക്ഷം രൂപയും ഭക്ഷ്യപാർക്കിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി 400 ലക്ഷം രൂപയും അധികമായി വേണ്ടിവരുമെന്നതിനാലും കഴിഞ്ഞ 5 വർഷവും ബഡ്ജറ്റ് വിഹിതം പൂർണ്ണമായി ചെലവഴിച്ചിട്ടുള്ള സാഹചര്യത്തിലും അധികമായി വേണ്ടിവരുന്ന 810 ലക്ഷം രൂപകൂടി അനുവദിക്കാൻ സമിതി ശുപാർശ ചെയ്തു.

ഇൻസ്റ്റിറ്റ്യൂട്ടിനെ സംബന്ധിച്ച് പൊതുജനത്തിന് കാര്യമായ അറിവില്ലാത്തതിനാൽ ലാബ് സൗകര്യം പൂർണ്ണമായ തോതിൽ ഉപയോഗിക്കപ്പെടുന്നില്ലെന്നും ഏറ്റവും ആധുനികമായ സൗകര്യങ്ങൾ ഉള്ളതിനാൽ അവ ജനങ്ങൾക്ക് പ്രയോജനപ്പെടേണ്ടതുണ്ടെന്നും ആയതിനാൽ പൊതുജനങ്ങൾക്കിടയിൽ സ്ഥാപനത്തെ സംബന്ധിച്ച് ബോധവല്ക്കരണം നടത്തേണ്ടതാണെന്ന് സമിതി വിലയിരുത്തുകയുണ്ടായി. അതിനായി ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

കോന്നിയിലെ അത്യാധുനിക സൗകര്യങ്ങളുള്ള ലാബിൽ പോലീസ്, എക്സൈസ് തുടങ്ങിയ വകുപ്പുകൾക്കാവശ്യമായ സാമ്പിളുകളുടെ പരിശോധനയും കൂടുതൽ വേഗത്തിലും കൃത്യതയോടെയും ചെയ്യാനാവും എന്ന് സമിതി നിരീക്ഷിച്ചു. എന്നാൽ നിലവിലുള്ള ചട്ടപ്രകാരം ഇപ്പോഴുള്ള സംവിധാനമേ ഉപയോഗിക്കുവാനാകൂ എന്നതിനാൽ പുതിയ ലാബ് സൗകര്യം പ്രയോജനപ്പെടുത്തുവാനാകുന്ന രീതിയിൽ നിയമത്തിലും ചട്ടത്തിലും വേണ്ട മാറ്റം വരുത്താനാകുമോ എന്ന് പരിശോധിക്കുവാൻ സമിതി ശുപാർശ ചെയ്തു.

ഭക്ഷ്യ ഗവേഷണ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഭാഗമായ വിവിധ സ്ഥാപനങ്ങളുടെ പ്രവർത്തന പുരോഗതി വിലയിരുത്തുന്നതിനായി ഇൻസ്റ്റിറ്റ്യൂട്ട് സന്ദർശിക്കുവാൻ സമിതി തീരുമാനിച്ചു.

3456-00-001-86—കമ്പ്യൂട്ടർവൽക്കരണവും പൊതുവിതരണ സമ്പ്രദായം ശക്തിപ്പെടുത്തലും നവീകരിക്കലും

ബഡ്ജറ്റ് വിഹിതം : 20,00,00,000 രൂപ (പ്ലാൻ)

സമ്പൂർണ്ണ കമ്പ്യൂട്ടർവല്ക്കരണം നടത്തി പൊതുവിതരണ സംവിധാനം സുതാര്യമാക്കാനുള്ള സർക്കാർ പദ്ധതിയെപ്പറ്റി സമിതി മനസ്സിലാക്കുകയും

ഭക്ഷ്യധാന്യങ്ങളുടെ സ്റ്റോക്ക്, വിലനിലവാരം തുടങ്ങിയവ ഇലക്ട്രോണിക്ക് സംവിധാനത്തിലൂടെ താലൂക്കുതല ട്രാൻസ്പേരൻസി കിയോസ്ക്ക്, അക്ഷയ സെന്റർ, റേഷൻ കടകൾ എന്നിവ വഴി ഉപഭോക്താക്കൾക്ക് മനസ്സിലാക്കുന്നതിനായി പ്രദർശിപ്പിക്കുന്നതിനുള്ള പ്രസ്തുത നടപടി കാലതാമസം കൂടാതെ നടപ്പാക്കണമെന്ന് ശുപാർശ ചെയ്യുകയും ചെയ്തു.

പൊതുവിതരണ ശൃംഖല പൂർണ്ണമായി കമ്പ്യൂട്ടർവല്ക്കരിക്കുന്നതിനും നവീകരിക്കുന്നതിനും മറ്റുമായുള്ള 'എൻഡ് റ്റു എൻഡ് കമ്പ്യൂട്ടറൈസേഷൻ' പദ്ധതിയുടെ ആകെ ചെലവായ 475.6 കോടി രൂപയുടെ 50% കേന്ദ്രസർക്കാർ വിഹിതമാണ്. പദ്ധതിക്കായി ഈ വർഷം 20 കോടി രൂപയാണ് നീക്കിവച്ചിട്ടുള്ളത്. 30 മാസംകൊണ്ട് പൂർത്തീകരിക്കുവാനുദ്ദേശിച്ചിട്ടുള്ള ഈ പദ്ധതിയുടെ ആദ്യ വർഷത്തെ പ്രവർത്തനത്തിന് 120 കോടി രൂപ ആവശ്യമാണെന്നതിനാൽ അനുവദിച്ചിട്ടുള്ള 20 കോടി രൂപയ്ക്കു പുറമേ 100 കോടി രൂപകൂടി വകയിരുത്തുവാൻ സമിതി ശുപാർശ ചെയ്തു.

2408-01-800-98—ഉപഭോക്തൃ ദിനാഘോഷം

ഉപഭോക്തൃ അവകാശത്തെപ്പറ്റിയുള്ള അവബോധം വിദ്യാർത്ഥികളിൽ സൃഷ്ടിക്കുന്നതിനായി ബോധവൽക്കരണ പരിപാടികൾ നടത്തുവാനും സ്കൂൾതല കൺസ്യൂമർ ക്ലബുകൾ സജീവമാക്കാനും സമിതി ശുപാർശ ചെയ്തു.

3456-00-001-89—ഫുഡ് അഡ്വൈസറി കമ്മിറ്റി

റേഷൻ കടകളുടെ പ്രവർത്തനം വിലയിരുത്തുന്നതിനുള്ള വിജിലൻസ് കമ്മിറ്റി, ഭക്ഷ്യഉപദേശക സമിതി തുടങ്ങിയവ നിലവിലുണ്ടെന്നും വിജിലൻസ് കമ്മിറ്റികൾ പഞ്ചായത്ത്, താലൂക്ക്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ തലങ്ങളിൽ പ്രവർത്തിക്കുന്നു ണ്ടെന്നും അവയുടെ യോഗം കൃത്യമായി ചേരണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും എന്നാൽ പ്രസ്തുത നിർദ്ദേശം പ്രാവർത്തികമായിട്ടില്ല എന്നും സമിതി കണ്ടെത്തി. വിജിലൻസ് കമ്മിറ്റി, ഭക്ഷ്യഉപദേശക സമിതി എന്നിവയുടെ യോഗങ്ങൾ യഥാസമയം ചേരുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും സമിതികളുടെ പ്രവർത്തനം സൂക്ഷ്മമായി വിലയിരുത്തി കാലാകാലങ്ങളിൽ തയ്യാറാക്കുന്ന അവലോകന റിപ്പോർട്ട് പരിശോധിച്ച്, നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി പ്രവർത്തിക്കുന്നവർക്കെതിരെ നടപടി യുണ്ടാകണമെന്നും ഭക്ഷ്യഉപദേശക സമിതികൾ ശക്തിപ്പെടുത്താനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്നും സമിതി ശുപാർശ ചെയ്തു.

പഞ്ചായത്ത്, താലൂക്ക് തുടങ്ങിയ തലങ്ങളിൽ പ്രവർത്തിക്കുന്ന വിജിലൻസ് കമ്മിറ്റി റേഷൻ കടകളുടെ തലത്തിൽകൂടി രൂപീകരിക്കുവാനുള്ള നടപടികൾ സ്വീകരി ക്കുന്നുണ്ടെന്ന് സമിതി കണ്ടെത്തി. റേഷൻ കടകളുടെ തലത്തിൽ വിജിലൻസ് കമ്മിറ്റി രൂപീകരിക്കുന്നതിനുള്ള നടപടി എത്രയും പെട്ടെന്ന് നടപ്പിലാക്കുവാൻ സമിതി ശുപാർശ ചെയ്തു.

## ധനാഭ്യർത്ഥന നമ്പർ XXVIII—പലവക സാമ്പത്തിക സർവ്വീസുകൾ

## ലീഗൽ മെട്രോളജി വകുപ്പ്

3475-00-106-99-01-(1)—അളവുകളുടെയും തൂക്കങ്ങളുടെയും രൂപീകരണം മെട്രിക് സമ്പ്രദായം നടപ്പാക്കൽ-ശമ്പളം

ബഡ്ജറ്റ് വിഹിതം : 9,11,29,000 രൂപ (നോൺ പ്ലാൻ)

ലീഗൽ മെട്രോളജി വകുപ്പിൽ 3 ഫ്ളൈയിംഗ് സ്ക്വാഡിന്റേത് ഉൾപ്പെടെ 15 പോസ്റ്റുകൾ പുതിയതായി സൃഷ്ടിച്ചിട്ടുണ്ട്. ഈ സാമ്പത്തിക വർഷം ശമ്പളം ഇനത്തിൽ അനുവദിച്ചിട്ടുള്ള തുക പുതിയതായി നിയമിക്കപ്പെട്ടവർക്കുള്ള ശമ്പളത്തിന് മതിയാകാതെ വരുമെന്നതിനാൽ അനുവദിച്ചിട്ടുള്ള തുകയ്ക്ക് പുറമേ 47 ലക്ഷം രൂപകൂടി അധികമായി അനുവദിക്കാൻ സമിതി ശുപാർശ ചെയ്തു.

3475-00-106-99-05(4)—<u>അളവുകളുടെയും തൂക്കങ്ങളുടെയും ക്രമീകരണം-മെട്രിക് സമ്പ്രദായം നടപ്പാക്കൽ-ഓഫീസ് ചെലവുകൾ-മറ്റിനങ്ങൾ</u>

ബഡ്ജറ്റ് വിഹിതം : 17,25,000 രൂപ (നോൺ പ്ലാൻ)

2012-13 സാമ്പത്തികവർഷം ഈ ഇനത്തിൽ അനുവദിച്ചിരുന്ന വിഹിതം അപര്യാപ്തമായിരുന്നുവെന്ന് സമിതി മനസ്സിലാക്കി. ഈ വർഷവും ബഡ്ജറ്റ് വിഹിതത്തിനു പുറമേ കൂടുതൽ തുക ഈ ഇനത്തിൽ ആവശ്യമായി വരുമെന്നതിനാൽ അധികമായി 3 ലക്ഷം രൂപ കൂടി അനുവദിക്കാൻ സമിതി ശുപാർശ ചെയ്തു.

3475-00-106-99(06)—<u>അളവുകളുടെയും തൂക്കങ്ങളുടെയും ക്രമീകരണം-മെട്രിക്സമ്പ്രദായം നടപ്പാക്കൽ-വാടക, കരം, നികുതി</u>

ബഡ്ജറ്റ് വിഹിതം : 23,00,000 രൂപ (നോൺ പ്ലാൻ)

വകുപ്പിന്റെ ഓഫീസ് പ്രവർത്തിക്കുന്ന പല കെട്ടിടങ്ങളുടെയും വാടക കഴിഞ്ഞ വർഷം നിശ്ചയിച്ചു ലഭിച്ചിട്ടുള്ളതിനാൽ പ്രസ്തുത ഇനത്തിൽ കുടിശ്ശിക നൽകേണ്ടതുണ്ട്. അനുവദിച്ചിട്ടുള്ള തുക അതിന് അപര്യാപ്തമായതിനാൽ അധികമായി 10 ലക്ഷം രൂപകൂടി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

3475-00-106-98—<u>അളവുകളും തൂക്കങ്ങളും-പരിശോധനയുടെ ഗുണവും കൃത്യതയും വർദ്ധിപ്പിക്കൽ</u>

ബഡ്ജറ്റ് വിഹിതം : 2,25,00,000 രൂപ (പ്ലാൻ)

വകുപ്പിലേക്ക് പുതിയതായി അനുവദിച്ചിട്ടുള്ള 3 ഫ്ളൈയിംഗ് സ്ക്വാഡുകൾക്കും, 2 മേഖലാ ഓഫീസർമാർക്കും നിലവിൽ വാഹനങ്ങൾ ഇല്ലായെന്നും 2 ജില്ലാ ഓഫീസുകളിലെ വാഹനങ്ങൾ ഉപയോഗയോഗ്യമല്ലെന്നും ആയതിനാൽ പുതിയതായി 7 വാഹനങ്ങൾ വാങ്ങേണ്ടതുണ്ടെന്നും സമിതി മനസ്സിലാക്കി.

കൂടാതെ വകുപ്പിലേക്ക് 50 പുതിയ കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങേണ്ടതുണ്ട്. ആയതിനാൽ മേല്പറഞ്ഞ ആവശ്യങ്ങൾക്കായി ബഡ്ജറ്റ് വിഹിതത്തിനു പുറമേ 72 ലക്ഷം രൂപകൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

ലീഗൽ മെട്രോളജി വകുപ്പിന് സ്വർണ്ണത്തിന്റെ പരിശുദ്ധി പരിശോധിക്കുന്നതിന് സംവിധാനമുള്ള ലാബ് എറണാകുളം ജില്ലയിൽ മാത്രമേ ഉള്ളുവെന്നും യോഗ്യതയുള്ള കെമിസ്റ്റുമാരുടെ കുറവും സ്വർണ്ണ പരിശോധനയ്ക്കുള്ള ആധുനിക ഉപകരണങ്ങളുടെ അഭാവവും വകുപ്പ് നേരിടുന്നുണ്ടെന്ന് സമിതി കണ്ടെത്തി.

സ്വർണ്ണത്തിന്റെ പരിശുദ്ധി അനുസരിച്ച് (കാരറ്റ് ബേസിസിൽ) വില നിശ്ചയിക്കണമെന്ന ചട്ടം പല സ്വർണ്ണക്കടകളും പാലിക്കാറില്ലെന്ന് വകുപ്പിന്റെ പരിശോധനയിൽ നിന്ന് വ്യക്തമാകുന്നുണ്ടെന്ന് സമിതി നിരീക്ഷിച്ചു. പരിശുദ്ധിയില്ലാത്ത സ്വർണ്ണം വിറ്റതായി വകുപ്പിന്റെ പരിശോധനയിൽ കണ്ടെത്തിയ സ്വർണ്ണക്കടകളുടെ പേരുവിവരം വകുപ്പ് പ്രസിദ്ധപ്പെടുത്തണമെന്നും ലിസ്റ്റ് സമിതിക്ക് സമർപ്പിക്കണമെന്നും മേല്പറഞ്ഞ കേസുകളിൽ തുടർനടപടികൾ ഉണ്ടാവണമെന്നും സമിതി ശുപാർശ ചെയ്തു.

സമിതിയുടെ അടുത്ത യോഗം 24-4-2013-ന് തിരുവനന്തപുരത്ത് കൂടാൻ തീരുമാനിച്ചു.

സമിതി രാവിലെ 11.40-ന് യോഗം പിരിഞ്ഞു.

## 2013-ഏപ്രിൽ 24-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XI 2013 ഏപ്രിൽ 24-ാം തീയതി ബുധനാഴ്ച രാവിലെ 11.30 മണിക്ക് നിയമസഭാ സമുച്ചയത്തിലെ IV-ബി കോൺഫറൻസ് ഹാളിൽ സമിതി ചെയർമാന്റെ അഭാവത്തിൽ സമിതിയിലെ എക്സ്-ഒഫീഷ്യോ അംഗവും സഹകരണവും ഖാദി ഗ്രാമവ്യവസായവും മലിനീകരണനിയന്ത്രണവും വകുപ്പുമന്ത്രിയുമായ ശ്രീ. സി. എൻ. ബാലകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. താഴെപ്പറയുന്ന അംഗങ്ങളും യോഗത്തിൽ സന്നിഹിതരായിരുന്നു:

അംഗങ്ങൾ :

1. ശ്രീമതി ഗീതാ ഗോപി, എം.എൽ.എ.
2. ഡോ. എൻ. ജയരാജ്, എം.എൽ.എ.
3. ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ, എം.എൽ.എ.
4. ശ്രീ. ലൂഡി ലൂയിസ്, എം.എൽ.എ.
5. ശ്രീ. കെ. കെ. നാരായണൻ, എം.എൽ.എ.
6. ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ് :

1. ശ്രീ. എം. നാരായണൻ പോറ്റി, ജോയിന്റ് സെക്രട്ടറി
2. ശ്രീമതി ജെ. മേരി ഗ്രേസി, ഡെപ്യൂട്ടി സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ :

1. ശ്രീ. വി. എം. ഗോപാലമേനോൻ, സെക്രട്ടറി, സഹകരണവകുപ്പ്
2. ശ്രീ. പി. എസ്. പ്രദീപ്, അഡീഷണൽ സെക്രട്ടറി, ധനകാര്യവകുപ്പ്
3. ശ്രീ. കെ. ബാബു, അഡീഷണൽ സെക്രട്ടറി, ധനകാര്യവകുപ്പ്
4. ശ്രീ. വി. ശരത്ചന്ദ്രൻ നായർ, അഡീഷണൽ സെക്രട്ടറി, സഹകരണവകുപ്പ്
5. ശ്രീ. എ. രാധാകൃഷ്ണൻ, ജോയിന്റ് സെക്രട്ടറി, ധനകാര്യവകുപ്പ്
6. ശ്രീ. കെ. വി. സുരേഷ്ബാബു, രജിസ്ട്രാർ-ഇൻ-ചാർജ്, സഹകരണവകുപ്പ്
7. ശ്രീ. വി. ജി. മനോമോഹൻ, അഡീഷണൽ ഡയറക്ടർ, ഓഡിറ്റ്.

സമിതി 2013-14 സാമ്പത്തികവർഷത്തെ ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധനയുടെ ഭാഗമായി ധനാഭ്യർത്ഥന നമ്പർ XXVII (സഹകരണം) എന്നതിൽ ഉൾപ്പെടുന്ന കണക്കിനങ്ങൾ പരിഗണനയ്ക്കെടുത്തു. യോഗത്തിൽ ഹാജരായിരുന്ന ഉദ്യോഗസ്ഥരിൽ നിന്ന് സമിതി വിവരങ്ങൾ ആരായുകയും സമിതിയുടെ നിർദ്ദേശങ്ങളും ശുപാർശകളും റിപ്പോർട്ടിൽ ഉൾപ്പെടുത്തുന്നതിന് തീരുമാനിക്കുകയും ചെയ്തു.

## ധനാഭ്യർത്ഥന നമ്പർ XXVII—സഹകരണം

(ധനാഭ്യർത്ഥന നമ്പർ XXX—ഭക്ഷ്യം എന്നതിന്റെ 5,00,00,000 രൂപ ഉൾപ്പെടെ)

2425-00-107-80—പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾക്കുള്ള സഹായം

ബഡ്ജറ്റ് വിഹിതം : 80000000 രൂപ (പ്ലാൻ)

4425-00-107-89—പ്രാഥമിക കാർഷിക സംഘങ്ങൾക്ക് ഓഹരി മൂലധനം

ബഡ്ജറ്റ് വിഹിതം : 60000000 രൂപ (പ്ലാൻ)

6425-00-107-72—പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾക്കുള്ള ധനസഹായം

ബഡ്ജറ്റ് വിഹിതം : 60000000 രൂപ (പ്ലാൻ)

റിസ്ക്ക് ഫണ്ട് പദ്ധതിക്ക് 2012-13 വർഷത്തിൽ 5 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിരുന്നുവെങ്കിലും ധനകാര്യവകുപ്പിൽ നിന്ന് റിലീസ് ഉത്തരവ്

ലഭിക്കാത്തതിനാൽ തുക വിനിയോഗിക്കുവാൻ കഴിഞ്ഞില്ല. ആയതിനാൽ വിനിയോഗിക്കാൻ കഴിയാത്ത പ്രസ്തുത തുക ലഭിക്കുന്നതിന് '2425-00-107-80' എന്ന ശീർഷകത്തിൽ 5 കോടി രൂപകൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

സംസ്ഥാന/ജില്ലാ സഹകരണ ബാങ്കുകൾ, പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ എന്നിവയിൽ കമ്പ്യൂട്ടർവല്ക്കരണം, കോർബാങ്കിംഗ്, മറ്റു നൂതന സാങ്കേതിക സംവിധാനങ്ങൾ എന്നിവ ഏർപ്പെടുത്തുന്നതിനും പുതിയ കൃഷി രീതികൾ പ്രോത്സാഹിപ്പിക്കുന്നതിനും മറ്റുമായി പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾക്ക് സഹായം നൽകുന്നതിനും ജില്ലാസഹകരണ ബാങ്കുകൾക്കും പി.സി.എ.ആർ.ഡി.ബി.-കൾക്കും ഓഹരി മൂലധന സഹായം നൽകുന്നതിനും മറ്റുമായി '4425-00-107-89' എന്ന ശീർഷകത്തിൽ 13 കോടി രൂപകൂടി അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2425-00-108-67—മറ്റു സഹകരണ സംഘങ്ങൾക്കുള്ള ധനസഹായം

ബഡ്ജറ്റ് വിഹിതം : 6,00,00,000 രൂപ (പ്ലാൻ)

സൗരോർജ്ജ സംവിധാനത്തിന് സഹകരണ സ്ഥാപനങ്ങൾവഴി വായ്പയും സബ്സിഡിയും അനുവദിക്കുമെന്ന ബഡ്ജറ്റ് പ്രസംഗത്തിലെ പ്രഖ്യാപന പ്രകാരം സബ്സിഡി അനുവദിക്കുന്നതിന് 1 കോടി രൂപ വേണ്ടിവരുമെന്നുള്ളതിനാൽ '2425-00-108-67' എന്ന ശീർഷകത്തിൽ 1 കോടി രൂപകൂടി വകയിരുത്തണമെന്ന് ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2425-00-108-60—വൻതോതിലുള്ള വാണിജ്യ പദ്ധതികൾ പ്രോത്സാഹിപ്പിക്കുന്നതിന് സഹകരണസംഘങ്ങൾക്കുള്ള സഹായം

ബഡ്ജറ്റ് വിഹിതം : 84,00,000 രൂപ (പ്ലാൻ)

4425-00-108-50—വൻതോതിലുള്ള വാണിജ്യ പദ്ധതികൾ പ്രോത്സാഹിപ്പിക്കുന്നതിന് സഹകരണസംഘങ്ങൾക്കുള്ള സഹായം

ബഡ്ജറ്റ് വിഹിതം : 96,00,000 രൂപ (പ്ലാൻ)

6425-00-108-28—വൻതോതിലുള്ള വാണിജ്യ പ്രവർത്തനങ്ങൾക്ക് സഹകരണ സ്ഥാപനങ്ങൾക്ക് സഹായം

ബഡ്ജറ്റ് വിഹിതം : 1,20,00,000 രൂപ (പ്ലാൻ)

പ്രായോഗികമായ വാണിജ്യ പദ്ധതികൾ ഏറ്റെടുത്ത് നടത്തുന്ന സഹകരണ സംഘങ്ങൾക്ക് ധനസഹായം നൽകുന്നതിനും ശക്തിയാർജ്ജിക്കാൻ സാദ്ധ്യതയുള്ള ചില സഹകരണ സ്ഥാപനങ്ങളെ പുനരുദ്ധരിക്കുന്നതിന് ധനസഹായം നൽകുന്നതിനും പ്രവർത്തന രഹിതമായ പ്രാഥമിക സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണത്തിന് ഒറ്റത്തവണ സഹായം നൽകുന്നതിനും മേൽ ശീർഷകങ്ങളിൽ അനുവദിച്ചിട്ടുള്ള തുക മതിയാകുകയില്ല എന്ന് സമിതി വിലയിരുത്തുകയും ആകെ '3' കോടി രൂപകൂടി അധികമായി അനുവദിക്കാൻ ശുപാർശ ചെയ്യുവാനും സമിതി തീരുമാനിച്ചു.

2425-00-108-47—പ്രൊഫഷണൽ എഡ്യൂക്കേഷനുവേണ്ടിയുള്ള സഹകരണ അക്കാദമിക്കുള്ള ധനസഹായം

ബഡ്ജറ്റ് വിഹിതം : 7,00,00,000 രൂപ (പ്ലാൻ)

കേപ്പിന്റെ (CAPE) നിയന്ത്രണത്തിൽ മുട്ടത്തറയിലും അത്താണിയിലും ആരംഭിക്കുന്ന എഞ്ചിനീയറിംഗ് കോളേജിനായി 2012-13-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ 5 കോടി രൂപ പ്രഖ്യാപിച്ചിരുന്നുവെങ്കിലും ബഡ്ജറ്റിൽ 1,000 രൂപയുടെ ടോക്കൺ പ്രൊവിഷനാണ് വകയിരുത്തിയിരുന്നത്. ഈ വർഷം '2425-00-108-47' എന്ന ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള 7 കോടി രൂപയ്ക്ക് പുറമേ കഴിഞ്ഞ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിരുന്ന 5 കോടി രൂപകൂടി അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2425-00-108-51—പ്രാഥമിക കാർഷിക ക്രെഡിറ്റ് സംഘങ്ങൾ, പ്രാഥമിക സംഘങ്ങൾ, മൊത്തവില സ്റ്റോറുകൾ, ഫെഡറേഷനുകൾ തുടങ്ങിയവയ്ക്കുള്ള സഹായം (എൻ.സി.ഡി.സി. പദ്ധതി)

ബഡ്ജറ്റ് വിഹിതം : 1,000 രൂപ (പ്ലാൻ)

4425-00-108-42—പ്രാഥമിക കാർഷിക ക്രെഡിറ്റ് സംഘങ്ങൾ, പ്രാഥമിക സംഘങ്ങൾ, മൊത്തവില സ്റ്റോറുകൾ ഫെഡറേഷനുകൾ എന്നിവയ്ക്കുള്ള സഹായം (എൻ.സി.ഡി.സി. പദ്ധതി)

ബഡ്ജറ്റ് വിഹിതം : 10,71,99,000 രൂപ (പ്ലാൻ)

6425-00-108-19—പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ, പ്രാഥമിക സംഘങ്ങൾ, മൊത്തവില സ്റ്റോറുകൾ, ഫെഡറേഷനുകൾ എന്നിവയ്ക്കുള്ള സഹായം (എൻ.സി.ഡി.സി. പദ്ധതി)

ബഡ്ജറ്റ് വിഹിതം : 11,28,00,000 രൂപ (പ്ലാൻ)

ഉപഭോക്തൃ ഫെഡറേഷൻ, മൊത്തവ്യാപാര സ്റ്റോറുകൾ, പ്രാഥമിക സഹകരണ സംഘങ്ങൾ തുടങ്ങിയവയുടെ വിവിധ പ്രവർത്തനങ്ങൾക്ക് ധനസഹായം നല്കുന്നതിനുള്ള പദ്ധതിക്ക് '4425-00-108-42', '6425-00-108-19' എന്നീ ശിർഷകങ്ങളിൽ 2012-13-ൽ അനുവദിച്ചിരുന്നതിൽ 25.50 ലക്ഷം രൂപയ്ക്ക് ഭരണാനുമതി ലഭിച്ചിരുന്നുവെങ്കിലും റിലീസ് ഉത്തരവ് ധനകാര്യ വകുപ്പിൽ നിന്ന് ലഭിക്കാത്തതിനാൽ പ്രസ്തുത തുക വിനിയോഗിക്കുവാൻ കഴിഞ്ഞിട്ടില്ലെന്ന് സമിതി നിരീക്ഷിച്ചു. മേല്പറഞ്ഞ പദ്ധതികൾക്ക് ഈ വർഷം 22 കോടി രൂപ വകയിരുത്തിയതായി സമിതി കണ്ടെത്തി. സഹകരണ മേഖലയുടെ വികസനത്തിന് എൻ.സി.ഡിസി. പദ്ധതികളുടെ പങ്ക് വളരെ പ്രധാനമാണെന്നതിനാലും അനുവദിച്ചിട്ടുള്ള തുകയുടെ അപര്യാപ്തത പദ്ധതികളുടെ സുഗമമായ നടത്തിപ്പിനെ ബാധിക്കാതെയിരിക്കുന്നതിനായി ബഡ്ജറ്റ് വിഹിതത്തിനു പുറമേ മേൽ പരാമർശിച്ച ശീർഷകങ്ങളിൽ 17.255 കോടി രൂപകൂടി അധികമായി അനുവദിക്കാൻ ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2408-02-195-86—പ്രൈമറി മാർക്കറ്റിംഗ് കോ-ഓപ്പറേറ്റീവ്സും ഫെഡറേഷനുകൾക്കും സഹായം (എൻ.സി.ഡി.സി) (100% കേന്ദ്രാവിഷ്കൃത പദ്ധതി)

ബഡ്ജറ്റ് വിഹിതം : 1,000 രൂപ (പ്ലാൻ)

4408-02-195-86—പ്രൈമറി മാർക്കറ്റിംഗ് കോ-ഓപ്പറേറ്റീവ്സും ഫെഡറേഷനുകൾക്കും ധനസഹായം (എൻ.സി.ഡി.സി) (100% കേന്ദ്രാവിഷ്കൃത പദ്ധതി)

ബഡ്ജറ്റ് വിഹിതം : 2,89,99,000 രൂപ (പ്ലാൻ)

6408-02-195-65—പ്രൈമറി കോ-ഓപ്പറേറ്റീവ്സും ഫെഡറേഷനുകൾക്കുംവേണ്ടി വായ്പ

ബഡ്ജറ്റ് വിഹിതം : 2,10,00,000 രൂപ (പ്ലാൻ)

സംഭരണ ശാലകളുടെ നിർമ്മാണം, വിപണനസംഘങ്ങളുടെ പ്രോജക്റ്റ് റിപ്പോർട്ട് തയ്യാറാക്കൽ, പ്രാഥമിക വിപണന സംഘങ്ങളുടെ ഓഹരി മൂലധന അടിത്തറ ശക്തിപ്പെടുത്തൽ, ദുർബല വിപണന സംഘങ്ങളുടെ പുനരുദ്ധാരണം തുടങ്ങിയ വിവിധ പ്രവർത്തനങ്ങൾക്കായി ധനസഹായം നൽകുന്നതിനായുള്ള എൻ.സി.ഡി.സി. പദ്ധതിക്ക് 2012-13 വർഷത്തിൽ 4408-02-195-86, 6408-02-195-65 എന്നീ ശീർഷക ങ്ങളിലായി വകയിരുത്തിയിരുന്ന തുകയിൽ ഭരണാനുമതി ലഭിച്ചിട്ടും റിലീസ് ഉത്തരവ് ധനകാര്യവകുപ്പിൽനിന്നും ലഭിക്കാത്തതിനാൽ 270.44 ലക്ഷം രൂപ ചെലവഴിക്കാനായില്ല എന്നു സമിതി കണ്ടെത്തി. 2408-02-195-86, 4408-02-195-86, 6408-02-195-65 എന്നീ ശീർഷകങ്ങളിലായി എൻ.സി.ഡി.സി. പദ്ധതിക്കുവേണ്ടി ഈ വർഷം വകയിരുത്തിയിരിക്കുന്നത് 5 കോടി രൂപയാണെന്നും പദ്ധതികളുടെ സുഗമമായ നടത്തിപ്പിന് അനുവദിച്ചിരിക്കുന്ന തുക മതിയാകുകയില്ലെന്നും ഉള്ളതിനാൽ ഈ വർഷം വകയിരുത്തിയിരിക്കുന്ന തുകയ്ക്കു പുറമേ അധികമായി 7 കോടി രൂപയും 2012-13 വർഷത്തിൽ റിലീസ് ഉത്തരവ് ലഭിക്കാതിരുന്ന 270.44 ലക്ഷം രൂപയും അനുവദിച്ചു നൽകണമെന്ന് സമിതി ശുപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2425-00-108-76—പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളുടെ സംയോജിത വികസനം (എൻ.സി.ഡി.സി. പദ്ധതി 100%)

ബഡ്ജറ്റ് വിഹിതം : 50,00,000 രൂപ (പ്ലാൻ)

4425-00-108-71—പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളുടെ സംയോജിത വികസനം

ബഡ്ജറ്റ് വിഹിതം : 1,50,00,000 രൂപ (പ്ലാൻ)

6425-00-108-74—സംയോജിത സഹകരണ വികസന പദ്ധതി (എൻ.സി.ഡി.സി. സഹായം)

ബഡ്ജറ്റ് വിഹിതം : 1,00,00,000 രൂപ (പ്ലാൻ)

ദേശീയ സഹകരണ വികസന കോർപ്പറേഷന്റെ സഹായത്തോടെ ഇടുക്കി ജില്ലയിൽ നടപ്പാക്കിവരുന്നതും 2013-14-ൽ പാലക്കാട് ജില്ലയിൽ

ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നതുമായ ഐ.സി.ഡി.സി. പദ്ധതിക്ക് മൂന്നു ശീർഷകങ്ങളിലുമായി 3 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. അനുവദിച്ചിട്ടുള്ള തുക സംയോജിത വികസന പരിപാടിക്ക് മതിയാകാതെ വരുമെന്നുള്ളതിനാൽ അനുവദിച്ചിട്ടുള്ള തുകയ്ക്കു പുറമേ 3 കോടി രൂപകൂടി അധികമായി വകയിരുത്തണമെന്ന് ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2425-00-107-72-33—സഹകരണ സ്ഥാപനങ്ങളിൽനിന്നും എടുക്കുന്ന വായ്പയുടെ കൃത്യമായ തിരിച്ചടവിന് നൽകുന്ന ഉത്തേജന പലിശയിളവ് പദ്ധതി

ബഡ്ജറ്റ് വിഹിതം : 1,00,00,000 രൂപ (നോൺ പ്ലാൻ)

2011-12 സാമ്പത്തിക വർഷംമുതൽ കൃത്യമായി കാർഷിക വായ്പ തിരിച്ചടയ്ക്കുന്നവർക്ക് പലിശ സബ്സിഡി നൽകുന്നതിനായി 32 കോടി രൂപ വകയിരുത്തുന്നതാണെന്ന് പ്രഖ്യാപിച്ചിരുന്നുവെങ്കിലും 3 കോടി രൂപ മാത്രമാണ് ഇതുവരെ അനുവദിച്ചിട്ടുള്ളത്. ഈ സാമ്പത്തിക വർഷം 1 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. തുടർപദ്ധതി ആയതിനാൽ ഈയിനത്തിൽ 28 കോടി രൂപകൂടി വകയിരുത്തണമെന്ന് ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2425-00-108-47—പ്രൊഫഷണൽ എഡ്യൂക്കേഷന്വേണ്ടിയുള്ള സഹകരണ അക്കാദമിക്കുള്ള ധനസഹായം

ബഡ്ജറ്റ് വിഹിതം : 2,43,60,000 രൂപ (നോൺപ്ലാൻ)

കേപ്പിന് (CAPE) ധനസഹായം നൽകുന്നതിനായി സഹകരണ സ്ഥാപനങ്ങളിൽ നിന്നും ട്രഷറി ഫിക്സഡ് ഡെപ്പോസിറ്റ് പദ്ധതി നിക്ഷേപം നടത്തുന്നതിനും നിക്ഷേപത്തുകയുടെ 25% ഗ്രാന്റായി കേപ്പിന് സർക്കാർ നൽകുന്നതിനുമുള്ള വ്യവസ്ഥ പ്രകാരം കേപ്പിന് അനുവദിക്കാനുണ്ടായിരുന്നതിൽ 40.06 കോടി രൂപയിൽ 2012-13-ൽ വകയിരുത്തിയ 2.10 കോടി രൂപയും 2013-14-ൽ വകയിരുത്തിയ 2.436 കോടി രൂപയും കഴിച്ച് ബാക്കിയുള്ള 35.524 കോടി ഇനിയും അനുവദിക്കാനുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ 35.524 കോടി രൂപകൂടി അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2425-00-108-80—ഉത്സവചന്തകൾ സംഘടിപ്പിക്കുന്നതിന് സഹകരണസംഘങ്ങൾക്കുള്ള സഹായധനം

ബഡ്ജറ്റ് വിഹിതം : 10,00,00,000 രൂപ (നോൺ പ്ലാൻ)

കൺസ്യൂമർ ഫെഡിന്റെ നേതൃത്വത്തിൽ നടത്തിവരുന്ന ഉത്സവച്ചന്തകളുടെ സുഗമമായ നടത്തിപ്പിന് 2011-12-ൽ 30 കോടി രൂപയും 2012-13-ൽ 69.50 കോടി രൂപയും മാത്രമാണ് അനുവദിച്ചതെന്ന് കാണുന്നു. ഈയിനത്തിൽ കൺസ്യൂമർ ഫെഡിന് 138.50 കോടി രൂപ അനുവദിച്ചു നൽകേണ്ടതിനാൽ 2013-14-ൽ 100 കോടി രൂപകൂടി അധികമായി അനുവദിക്കുന്നതിന് ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2425-00-108-39—കമ്പോള നിയന്ത്രണത്തിനുവേണ്ടിയുള്ള സഹായവും സംസ്കരണവും

4425-00-108-35—കമ്പോള നിയന്ത്രണത്തിനുവേണ്ടിയുള്ള സഹായവും സംസ്ക്കരണവും

നെല്ല്, നാളികേരം എന്നിവ സംഭരിക്കുന്നതിനും അരി സംസ്ക്കരണ മില്ലുകൾ, നാളികേര സംസ്ക്കരണ യൂണിറ്റുകൾ എന്നിവ സ്ഥാപിക്കുന്നതിനുമായി 2012-13 വർഷത്തിൽ 5 കോടി രൂപ വകയിരുത്തിയിരുന്നു. മേല്പറഞ്ഞ ശീർഷകങ്ങളിലായി ആകെ 2.9984 കോടി രൂപയ്ക്കുള്ള ഭരണാനുമതി ലഭിച്ചെങ്കിലും ധനകാര്യ വകുപ്പിൽനിന്നുള്ള റിലീസ് ഉത്തരവ് ലഭിക്കാതിരുന്നതിനാൽ തുക വിനിയോഗിക്കുവാൻ കഴിഞ്ഞിട്ടില്ലെന്ന് സമിതി കണ്ടെത്തി. 2013-14 വർഷത്തിൽ കമ്പോള നിയന്ത്രണത്തിനുവേണ്ടിയുള്ള സഹായം, സംസ്ക്കരണം എന്നിവയ്ക്കായി പദ്ധതിയൊന്നും നിലവിലില്ലാത്ത സാഹചര്യത്തിൽ 2012-13-ൽ ഭരണാനുമതി ലഭിക്കുകയും എന്നാൽ റിലീസ് ഉത്തരവ് ലഭിക്കാത്തതുമായ 2.9984 കോടി രൂപ ഈ സാമ്പത്തികവർഷം മേല്പറഞ്ഞ ശീർഷകങ്ങളിൽ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2425-00-003-87-36—കൺസ്യൂമർ ഫെഡിനു കീഴിൽ ഇടുക്കിയിൽറീട്ടെയിൽ മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടും തൃശ്ശൂരിൽ ഫാർമസി കോളേജും-സഹായധനം-ശമ്പളേതരം

കൺസ്യൂമർ ഫെഡിന്റെ നേതൃത്വത്തിൽ ആരംഭിക്കുന്ന റീട്ടെയിൽ മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട്, ഫാർമസി കോളേജ് എന്നിവയ്ക്കായി 2013-14-ലെ ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല. ആയതിനാൽ 1 കോടി രൂപ ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ ഉൾപ്പെടെ എല്ലാ തലങ്ങളിലുമുള്ള സഹകരണ സംഘങ്ങളെ ശക്തിപ്പെടുത്തുന്നതിന് 'ധാര' എന്ന പേരിൽ സംസ്ഥാനത്തെ 15 താലൂക്കുകളിൽ ആദ്യഘട്ടമായി പദ്ധതി നടപ്പിലാക്കുമെന്ന് 2013-14 വർഷത്തിലെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിരുന്നു. ആയതിനാൽ പദ്ധതി നടപ്പാക്കുന്ന താലൂക്കുകളിലെ എല്ലാ മേഖലയിലുമുള്ള സഹകരണ സംഘങ്ങളുടെയും പുനരുദ്ധാരണം സാദ്ധ്യമാക്കുന്നതിനായി പദ്ധതിയിനത്തിൽ 15 കോടി രൂപ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

ഒരു ഹെക്ടറോ അതിൽതാഴെയോ ഭൂമിയുള്ള ചെറുകിട കർഷകർ സഹകരണ ബാങ്കുകൾവഴി എടുത്തിട്ടുള്ള നബാർഡ് കാർഷിക വായ്പയുടെ പലിശയിനത്തിൽ 15-3-2013-ൽ കൊടുത്തു തീർക്കുവാൻ അവശേഷിക്കുന്ന കുടിശ്ശിക തുക വായ്പയുടെ മുതൽ അടയ്ക്കുന്നവർക്ക് വൺടൈം സെറ്റിൽമെന്റ് എന്ന നിലയ്ക്ക് സർക്കാർ എഴുതിത്തള്ളുമെന്നും ഇതിനായി 50 കോടി രൂപ മാറ്റിവെയ്ക്കുന്നതായും ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിരുന്നു. പ്രഖ്യാപിച്ചിട്ടുള്ള 50 കോടി രൂപ ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിച്ച വിവിധ പദ്ധതികൾക്ക് സാമ്പത്തിക വർഷത്തിന്റെ അവസാനദിവസങ്ങളിൽ ഭരണാനുമതി ലഭിച്ചെങ്കിലും ധനകാര്യ വകുപ്പിൽ നിന്ന് റിലീസ് ഉത്തരവ് ലഭിക്കാത്തതിനാൽ അനുവദിച്ച തുക വിനിയോഗിക്കുവാൻ കഴിയാത്ത സാഹചര്യമുണ്ടായി എന്ന് സമിതി നിരീക്ഷിച്ചു. ബഡ്ജറ്റ് പ്രൊവിഷനിൽ വച്ചിരിക്കുന്ന തുകയ്ക്ക് എ.എസ്. ലഭിച്ചിട്ടും സർക്കാർ തുക റിലീസ് ചെയ്തു കൊടുക്കാത്തതിൽ സമിതി അതൃപ്തി രേഖപ്പെടുത്തുകയും മേലിൽ ഇത്തരം കാര്യങ്ങൾ ആവർത്തിക്കാതിരിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കണമെന്ന് നിർദ്ദേശിക്കുകയും ചെയ്തു.

ഭരണാനുമതി ലഭിച്ചിട്ടും തുക ലഭിക്കാത്ത സാഹചര്യം ഒഴിവാക്കുവാൻ ഓരോ സാമ്പത്തിക വർഷവും ബഡ്ജറ്റ് നിയമസഭ അംഗീകരിച്ചാലുടൻ തന്നെ ബഡ്ജറ്റിൽ പരാമർശിച്ചിരിക്കുന്ന പദ്ധതികളുടെ കൺട്രോളിങ്ങ് ഓഫീസർ പദ്ധതിയെ സംബന്ധിച്ച വ്യക്തമായ രൂപരേഖ തയ്യാറാക്കി ഭരണവകുപ്പിന് നൽകണമെന്നും ഭരണ വകുപ്പ് കാലവിളംബം കൂടാതെ ഭരണാനുമതി നൽകി ധനകാര്യ വകുപ്പിൽ നിന്നും റിലീസിംഗ് ഉത്തരവ് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും ഭരണാനുമതി നല്കിയ തുകകൾ റിലീസ് ചെയ്യുന്നതിൽ ധനകാര്യ വകുപ്പും ശ്രദ്ധ ചെലുത്തണമെന്ന് ശുപാർശ ചെയ്യുവാൻ തീരുമാനിച്ചു.

സഹകരണ വകുപ്പിന് ആസ്ഥാനമന്ദിരം പണിയുന്നതിനുള്ള സ്ഥലം ലഭിക്കുകയും അതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുള്ളതിനാൽ കെട്ടിട നിർമ്മാണത്തിനായി 2013-14 വർഷത്തേക്ക് 10 കോടി രൂപകൂടി അനുവദിക്കാൻ ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

10-10-2012-ലെ സബ്ജക്ട് കമ്മിറ്റി XI-ന്റെ യോഗത്തിൽ 2011-12 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടിലെ ശുപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ് പരിഗണിക്കവേ ചില കണക്കിനങ്ങളിൽ കൂടുതൽ തുക വകയിരുത്തണമെന്ന് സമിതി നിർദ്ദേശിച്ചിരുന്നു. എന്നാൽ പ്രസ്തുത നിർദ്ദേശം പ്രായോഗികമല്ലെന്നുള്ളതിനാൽ ആയതിന്മേൽ തുടർനടപടി സ്വീകരിക്കേണ്ടതില്ലെന്ന് സമിതി തീരുമാനിച്ചു.

സമിതി യോഗം ഉച്ചയ്ക്കുശേഷം 12.30-ന് പിരിഞ്ഞു.

## 2013 മേയ് 8-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XI 2013 മേയ് മാസം 8-ാം തീയതി ബുധനാഴ്ച ഉച്ചയ്ക്കുശേഷം 2.30-ന് നിയമസഭാ സമുച്ചയത്തിലെ IV-B കോൺഫറൻസ് ഹാളിൽ സമിതി ചെയർമാനും ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും

വകുപ്പുമന്ത്രിയുമായ ശ്രീ. അനൂപ് ജേക്കബിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. താഴെപ്പറയുന്ന സമിതി അംഗങ്ങളും യോഗത്തിൽ സന്നിഹിതരായിരുന്നു:

അംഗങ്ങൾ:

1. ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ, എം.എൽ.എ.
2. ശ്രീ. ലൂഡി ലൂയിസ്, എം.എൽ.എ.
3. ശ്രീ. കെ. കെ. നാരായണൻ, എം.എൽ.എ.
4. ശ്രീ. ആർ. സെൽവരാജ്, എം.എൽ.എ.
5. ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ്:

1. ശ്രീ. എം. നാരായണൻ പോറ്റി, ജോയിന്റ് സെക്രട്ടറി
2. ശ്രീമതി ജെ. മേരി ഗ്രേസി, ഡെപ്യൂട്ടി സെക്രട്ടറി.

2013-14 സാമ്പത്തികവർഷത്തെ ബഡ്ജറ്റിലെ ധനഭ്യർത്ഥന നമ്പർ XXVII-സഹകരണം, XXVIII—പലവക സാമ്പത്തിക സർവീസുകൾ, XXX—ഭക്ഷ്യം എന്നിവയുടെ സൂക്ഷ്മ പരിശോധന സംബന്ധിച്ച കരട് റിപ്പോർട്ട് സമിതി പരിഗണിക്കുകയും ഭേദഗതികളില്ലാതെ അംഗീകരിക്കുകയും ചെയ്തു.

സബ്ജക്ട് കമ്മിറ്റി XI-ന്റെ, 1-4-2012 മുതൽ 31-3-2013 വരെയുള്ള കാലയളവിലെ പീരിയോഡിക്കൽ റിപ്പോർട്ടിന്റെ കരട് സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

റബ്കോ, റബ്മാർക്ക് എന്നീ സഹകരണ സ്ഥാപനങ്ങൾ, കോന്നിയിലുള്ള ഭക്ഷ്യഗവേഷണ ഇൻസ്റ്റിറ്റ്യൂട്ട് എന്നിവിടങ്ങളിലേക്ക് നടത്തുവാൻ തീരുമാനിച്ചിരുന്ന സന്ദർശനം സംബന്ധിച്ച് യോഗത്തിൽ സമിതി ചർച്ച ചെയ്തു.

ഉച്ചയ്ക്കുശേഷം 3.30-ന് സമിതി യോഗം പിരിഞ്ഞു.

## 2013 മേയ് 27-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XI, 2013 മേയ് 27-ാം തീയതി തിങ്കളാഴ്ച രാവിലെ 11.00 മണിക്ക് നിയമസഭാ സമുച്ചയത്തിലെ V-D കോൺഫറൻസ് ഹാളിൽ സമിതി ചെയർമാനും ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രിയുമായ ശ്രീ. അനൂപ് ജേക്കബിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. സമിതിയിലെ

എക്സ്-ഒഫീഷ്യോ അംഗവും സഹകരണവും ഖാദി ഗ്രാമവ്യവസായവും മലിനീകരണനിയന്ത്രണവും വകുപ്പുമന്ത്രിയുമായ ശ്രീ. സി. എൻ. ബാലകൃഷ്ണനും താഴെപ്പറയുന്ന അംഗങ്ങളും തദവസരത്തിൽ സന്നിഹിതരായിരുന്നു:

അംഗങ്ങൾ:

1. ശ്രീ. കെ. കെ. നാരായണൻ, എം. എൽ. എ.
2. ശ്രീ. ആർ. സെൽവരാജ്, എം. എൽ. എ.

നിയമസഭാ സെക്രട്ടേറിയറ്റ്:

ശ്രീ. ഡി. ഡി. ഗോഡ്ഫ്രീ, അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ:

1. ഡോ. വി. എം. ഗോപാലമേനോൻ, സെക്രട്ടറി സഹകരണവകുപ്പ്
2. ശ്രീമതി സി. രമണി, സ്പെഷ്യൽ സെക്രട്ടറി, നിയമവകുപ്പ്
3. ശ്രീമതി ജി. പുഷ്പകുമാരി, അഡീഷണൽ സെക്രട്ടറി, ഭക്ഷ്യ പൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പ്
4. ശ്രീ. കെ. എസ്. മധുസൂദനൻ, അഡീഷണൽ സെക്രട്ടറി, നിയമവകുപ്പ്
5. ശ്രീ. കെ. ജി. ഭട്ട്, രജിസ്ട്രാർ ഓഫ് കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ്
6. ശ്രീ. വി. ദിനേശ്, ജോയിന്റ് സെക്രട്ടറി, നിയമവകുപ്പ്
7. ശ്രീ. പി. ബാബുരാജ്, കൺട്രോളർ, ലീഗൽ മെട്രോളജി വകുപ്പ്
8. ശ്രീ. കെ. രാധാകൃഷ്ണൻ, കൺട്രോളർ ഓഫ് റേഷനിംഗ്
9. ശ്രീ. കെ. വി. സുരേഷ് ബാബു, അഡീഷണൽ രജിസ്ട്രാർ ഓഫ് കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ്
10. ശ്രീമതി ജെസ്സിമോൾ ജോസഫ്, അഡീഷണൽ രജിസ്ട്രാർ ഓഫ് കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ്
11. ശ്രീ. എ. ദിലീപ്ഖാൻ, അണ്ടർ സെക്രട്ടറി, ഭക്ഷ്യപൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പ്.

എസ്.ആർ.ഒ.കൾ, വകുപ്പുകളിൽനിന്നും ലഭിച്ച വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ, ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച വിവിധ റിപ്പോർട്ടുകളിലെ ശുപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ സ്റ്റേറ്റ്മെന്റുകൾ എന്നിവ സമിതി യോഗത്തിൽ പരിഗണിച്ചു.

കേരള ലീഗൽ മെട്രോളജി സർവ്വീസ് സ്പെഷ്യൽ റൂൾസ്, 2013 (എസ്.ആർ.ഒ. നമ്പർ 67/2013), കേരളാ ലീഗൽ മെട്രോളജി സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾസ്, 2013 (എസ്.ആർ.ഒ. നമ്പർ 68/2013) എന്നിവയും പ്രസ്തുത എസ്.ആർ.ഒ.കൾ സമിതിയുടെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതിന് മുൻപ് വിജ്ഞാപനം ചെയ്യാനിടയായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള കുറിപ്പും സമിതി പരിഗണനയ്ക്കെടുത്തു.

കേരള ലീഗൽ മെട്രോളജി സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾസിൽ ഇൻസ്പെക്ടിംഗ് അസിസ്റ്റന്റ് തസ്തികയിലേക്കുള്ള പ്രൊമോഷനുമായി ബന്ധപ്പെട്ടുള്ള പ്രശ്നം സംബന്ധിച്ച് സമിതി വിശദീകരണം ആവശ്യപ്പെട്ടു. ക്ലാസ് ഫോർ ജീവനക്കാരായി ലീഗൽ മെട്രോളജി വകുപ്പിൽ സർവ്വീസിൽ പ്രവേശിക്കുന്നവർക്ക് പി. എസ്. സി. പരീക്ഷ നടത്തി പ്രൊമോഷൻ നൽകുന്ന തസ്തികയാണ് ഇൻസ്പെക്ടിംഗ് അസിസ്റ്റന്റിന്റേതെന്നും നേരിട്ടുള്ള നിയമനംവഴി നിയമിക്കുന്ന ടെക്നിക്കൽ അസിസ്റ്റന്റിന്റെ തസ്തികയിലേക്ക് അവർക്ക് നിയമനം നൽകാനാവില്ലെന്നും ലീഗൽ മെട്രോളജി കൺട്രോളർ സമിതിയെ അറിയിച്ചു.

കേരളാ ലീഗൽ മെട്രോളജി സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾസ്, 2013-ന് 1999 ജൂൺ 8-ാം തീയതി മുതൽ മുൻകാല പ്രാബല്യം നൽകിയിട്ടുണ്ടെന്നും 1992-ൽ നിലവിലുണ്ടായിരുന്ന ചട്ടം അനുസരിച്ച് പഴയ തീയതിമുതൽ പ്രാബല്യം നൽകണമെന്ന് നേരത്തേയുണ്ടായിരുന്ന നിർദ്ദേശം സ്പെഷ്യൽ റൂൾസിലും പാലിക്കണമെന്ന പി.എസ്.സി.യുടെ അഭിപ്രായമനുസരിച്ചാണ് മുൻകാല പ്രാബല്യം നൽകിയതെന്നും അത് ഇൻസ്പെക്ടിംഗ് അസിസ്റ്റന്റിനെ ദോഷകരമായി ബാധിക്കുമെന്ന പരാതിയുള്ളതിനാൽ പ്രസ്തുത അപാകത പരിഹരിക്കുവാൻ പ്രസ്തുത കാറ്റഗറിക്ക് മാത്രം ബാധകമാകുന്ന രീതിയിൽ 'except category 3' എന്ന് ചേർക്കുന്നതിനായി ഒരു ഭേദഗതി നിർദ്ദേശിച്ചിട്ടുണ്ടെന്നും കൺട്രോളർ സമിതിയെ അറിയിച്ചു.

ഒരു വിഭാഗം ജീവനക്കാരെ ദോഷകരമായി ബാധിക്കുന്ന ചട്ടത്തിലെ അപാകത പരിഹരിക്കുവാൻ വേണ്ട ഭേദഗതി, ചട്ടത്തിൽ വരുത്തുന്നതിനുള്ള നടപടി കാലതാമസം കൂടാതെ നടപ്പിൽ വരുത്തണമെന്ന് സമിതി നിർദ്ദേശിച്ചു.

എസ്.ആർ.ഒ. നമ്പർ 67/2013, എസ്.ആർ.ഒ. നമ്പർ 68/2013 എന്നിവ സമിതിയുടെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതിന് മുൻപ് വിജ്ഞാപനം ചെയ്ത നടപടിക്ക് സമിതി സാധൂകരണം നൽകാൻ തീരുമാനിച്ചു (ഫയൽ നമ്പർ 4891/സബ്.സി.ജി1/12/ലെജി.).

കേരള ലീഗൽ മെട്രോളജി (എൻഫോഴ്സ്മെന്റ്) റൂൾസ്, 2012 (എസ്.ആർ.ഒ. നമ്പർ 584/2012) ഉം സമിതിയുടെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതിന് മുൻപ് ചട്ടങ്ങൾ വിജ്ഞാപനം ചെയ്യാനിടയായത് വിശദീകരിക്കുന്ന കുറിപ്പും സമിതി പരിഗണിക്കുകയും വകുപ്പിന്റെ നടപടിക്ക് സാധൂകരണം നൽകാൻ തീരുമാനിക്കുകയും ചെയ്തു (ഫയൽ നമ്പർ 684/സബ്.സി.ജി1/13/ലെജി.).

ധനാഭ്യർത്ഥന നമ്പർ XXVII-സഹകരണം എന്നതിന് 2010-11 സാമ്പത്തിക വർഷത്തിൽ വകയിരുത്തിയിരുന്ന ബഡ്ജറ്റ് വിഹിതം ചെലവഴിച്ചത് സംബന്ധിച്ച് സഹകരണ വകുപ്പിൽനിന്നും ലഭിച്ച വാർഷിക പ്രവർത്തന റിപ്പോർട്ട് സമിതി പരിശോധിക്കുകയുണ്ടായി (ഫയൽ നമ്പർ 1770/സബ്.സി.ജി1/11/ലെജി.).

ധനാഭ്യർത്ഥന നമ്പർ XXV, XXX എന്നിവയ്ക്ക് 2010-11 സാമ്പത്തികവർഷത്തിൽ വകയിരുത്തിയിരുന്ന ബഡ്ജറ്റ് വിഹിതം ചെലവഴിച്ചത് സംബന്ധിച്ച് ഭക്ഷ്യ പൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പിൽനിന്ന് ലഭിച്ച വാർഷിക പ്രവർത്തന റിപ്പോർട്ട് സമിതി പരിഗണിച്ചു. 2408-01-190-94—എക്സ്റ്റെൻഡ് മാർക്കറ്റ് ഇന്റർവെൻഷൻ പ്രോഗ്രാം എന്ന ശീർഷകത്തിൽ അനുവദിച്ചിരുന്ന തുകയിൽ മൂന്നിലൊന്ന്പോലും ചെലവഴിച്ചിട്ടില്ല എന്ന് സമിതി കണ്ടെത്തുകയും അതിനുള്ള വിശദീകരണം ആരായുകയും ചെയ്തു. എന്നാൽ പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട സിവിൽ സപ്ലൈസ് കോർപ്പറേഷനിലെ ഉദ്യോഗസ്ഥർ യോഗത്തിൽ ഹാജരാകാതിരുന്നതിനാൽ സമിതിക്ക് ആയതിന്മേലുള്ള വിശദീകരണം ലഭിച്ചില്ല. ബന്ധപ്പെട്ട ഉദ്യോഗസ്ഥർ യോഗത്തിൽ ഹാജരാകാതിരുന്നതിന് വിശദീകരണം ആരായണമെന്നും ബഡ്ജറ്റിൽ വകയിരുത്തിയത് ചെലവാക്കാത്തത് സംബന്ധിച്ച വിശദീകരണം സമിതിക്ക് നൽകണമെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥരോട് സമിതി ആവശ്യപ്പെട്ടു (ഫയൽ നമ്പർ 1770/സബ്.സി.ജി1/11/ലെജി.).

സബ്ജക്ട് കമ്മിറ്റി II-ന്റെ 2006-07 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ലീഗൽ മെട്രോളജി വകുപ്പുമായി ബന്ധപ്പെട്ട 24, 25, 26, 27, 28, 29 എന്നീ ഖണ്ഡികകളിലെ ശുപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ് സമിതി അംഗീകരിച്ചു (ഫയൽ നമ്പർ 11184/സബ്.സി.ജി1/11/ലെജി.).

സബ്ജക്ട് കമ്മിറ്റി VII-ന്റെ 2007-08 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ഭക്ഷ്യപൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പുമായി ബന്ധപ്പെട്ട ഖണ്ഡിക നമ്പർ 80-ലെ ശുപാർശയിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ് സമിതി അംഗീകരിച്ചു.

(ഫയൽ നമ്പർ 11010/സബ്.സി.ജി1/11/ലെജി.)

സബ്ജക്ട് കമ്മിറ്റി VII-ന്റെ 2008-09 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ഭക്ഷ്യപൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പുമായി ബന്ധപ്പെട്ട ഖണ്ഡിക നമ്പർ 86-ലെ ശുപാർശയിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ് സമിതി അംഗീകരിച്ചു.

(ഫയൽ നമ്പർ 11011/സബ്.സി.ജി1/11/ലെജി.)

സബ്ജക്ട് കമ്മിറ്റി XI-ന്റെ 2011-12 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ലീഗൽ മെട്രോളജി വകുപ്പുമായി ബന്ധപ്പെട്ട ഖണ്ഡിക നമ്പർ 12-ലെ ശുപാർശയിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ് സമിതി അംഗീകരിച്ചു.

(ഫയൽ നമ്പർ 4875/സബ്.സി.ജി1/11/ലെജി.)

സബ്ജക്ട് കമ്മിറ്റി XI-ന്റെ 2011-12 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ഭക്ഷ്യപൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പുമായി ബന്ധപ്പെട്ട ഖണ്ഡിക നമ്പർ 16-ലെ ശുപാർശയിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ് സമിതി അംഗീകരിച്ചു.

(ഫയൽ നമ്പർ 4875/സബ്.സി.ജി1/11/ലെജി.)

സബ്ജക്ട് കമ്മിറ്റി XI-ന്റെ 2012-13 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ഭക്ഷ്യപൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പുമായി ബന്ധപ്പെട്ട ഖണ്ഡിക നമ്പർ 13, 18 എന്നീ ഖണ്ഡികകളിലെ ശുപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ് സമിതി അംഗീകരിച്ചു.

(ഫയൽ നമ്പർ 3114/സബ്.സി.ജി1/12/ലെജി.)

സമിതി യോഗം ഉച്ചയ്ക്ക് 12.00 മണിക്ക് പിരിഞ്ഞു.

## 2013 ജൂലൈ 8-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി-XI, 2013 ജൂലൈ 8-ാം തീയതി തിങ്കളാഴ്ച ഉച്ചയ്ക്കുശേഷം 12.45 മണിക്ക് നിയമസഭാ സമുച്ചയത്തിലെ V 'എ' കോൺഫറൻസ് ഹാളിൽ സമിതി ചെയർമാനും ബഹുമാനപ്പെട്ട ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രിയുമായ ശ്രീ. അനൂപ് ജേക്കബിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു:

1. ശ്രീമതി ഗീതാ ഗോപി, എം.എൽ.എ.
2. ഡോ. എൻ. ജയരാജ്, ,,
3. ശ്രീ. ലൂഡി ലൂയിസ്, ,,
4. ശ്രീ. ആർ. സെൽവരാജ്, ,,
5. ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ, ,,

<u>നിയമസഭാ സെക്രട്ടേറിയറ്റ്:</u>

1. ശ്രീ. എം. നാരായണൻ പോറ്റി, ജോയിന്റ് സെക്രട്ടറി
2. ശ്രീ. ആർ. സജീവൻ, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. സഖറിയ പി. സാമുവൽ, അണ്ടർ സെക്രട്ടറി.

<u>ഹാജരായ ഉദ്യോഗസ്ഥർ:</u>

1. ശ്രീ. വി. എം. ഗോപാലമേനോൻ, സെക്രട്ടറി, സഹകരണ വകുപ്പ്
2. ശ്രീ. സുമൻ ബില്ല, സെക്രട്ടറി, ഭക്ഷ്യപൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പ്
3. ശ്രീ. കെ. ജി. ഭട്ട്, രജിസ്ട്രാർ ഓഫ് കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ്

4. ശ്രീമതി പുഷ്പകുമാരി, ജി., അഡീഷണൽ സെക്രട്ടറി, ഭക്ഷ്യപൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പ്

5. ശ്രീ. എ. റ്റി. ജയിംസ്, ഡയറക്ടർ, ഭക്ഷ്യപൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പ്

6. ശ്രീമതി ബിന്ദു, എ. ആർ., ഫിനാൻസ് ഓഫീസർ, ഭക്ഷ്യപൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പ്.

2012-13 സാമ്പത്തിക വർഷത്തെ ധാനഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ സഹകരണ വകുപ്പുമായി ബന്ധപ്പെട്ട 1 മുതൽ 10 വരെയുള്ള ഖണ്ഡികകളിലെ ശുപാർശകളിന്മേൽ സ്വീകരിച്ച നടപടി സ്റ്റേറ്റുമെന്റുകളും ഭക്ഷ്യപൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പുമായി ബന്ധപ്പെട്ട 16, 17, 21, 22 എന്നീ ഖണ്ഡികകളിലെ ശുപാർശകളിന്മേൽ സ്വീകരിച്ച നടപടി സ്റ്റേറ്റുമെന്റുകളും സമിതി പരിശോധിക്കുകയും അംഗീകരിക്കുകയും ചെയ്തു. (ഫയൽ നമ്പർ 3114/സബ്.സി.ജി1/2012/ലെജി.).

2012-13സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശുപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ സംബന്ധിച്ച കരട് ആക്ഷൻ ടേക്കൺ റിപ്പോർട്ട് സമിതി അംഗീകരിച്ചു.

27-5-2013-ന് ചേർന്ന സബ്ജക്ട് കമ്മിറ്റി XI സാധൂകരണം നൽകിയ കേരള ലീഗൽ മെട്രോളജി (എൻഫോഴ്സ്മെന്റ്) റൂൾസ്, 2012 (എസ്.ആർ.ഒ. നമ്പർ 584/2012) ന്മേൽ വരുത്തിയ ഇറാറ്റ (എസ്.ആർ.ഒ. നമ്പർ 432/2013) സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു. (ഫയൽ നമ്പർ 684/സബ്.സി.ജി1/ 2013/ലെജി.)

സമിതി യോഗം ഉച്ചയ്ക്കുശേഷം 1.00 മണിക്ക് പിരിഞ്ഞു.

## 2013 ഒക്ടോബർ 4-ാം തീയതിയിലെ സന്ദർശന/യോഗനടപടിക്കുറിപ്പ്

ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XI, 2013 ഒക്ടോബർ മാസം 4-ാം തീയതി വെള്ളിയാഴ്ച, രാവിലെ 8.00 മണിക്ക്, നിയമസഭാ ഹോസ്റ്റലിലെ കോൺഫറൻസ് ഹാളിൽ സമ്മേളിച്ച് പത്തനംതിട്ട ജില്ലയിലെ കോന്നിയിലുള്ള കൗൺസിൽ ഫോർ ഫുഡ് റിസർച്ച് ഇൻസിറ്റ്യൂട്ട് സന്ദർശനത്തിനായുള്ള യാത്രാ ക്രമീകരണങ്ങളെക്കുറിച്ച് ചർച്ച ചെയ്തു. തുടർന്ന് സമിതി പത്തനംതിട്ട ജില്ലയിലെ കോന്നിയിലുള്ള കൗൺസിൽ ഫോർ ഫുഡ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് സന്ദർശിച്ചു.

പ്രസ്തുത ഇൻസ്റ്റിറ്റ്യുട്ട് കോൺഫറൻസ് ഹാളിൽ അന്നേ ദിവസം രാവിലെ 11 മണിക്ക് സമിതി ചെയർമാനും ഭക്ഷ്യവും സിവിൽ സപ്ലൈസും രജിസ്ട്രേഷനും വകുപ്പുമന്ത്രി ശ്രീ. അനൂപ് ജേക്കബിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗവും റവന്യൂവകുപ്പ് മന്ത്രിയുമായ ശ്രീ. അടൂർ പ്രകാശും തദവസരത്തിൽ സന്നിഹിതനായിരുന്നു:

ഹാജരായ അംഗങ്ങൾ:

1. ഡോ. എൻ. ജയരാജ്
2. ശ്രീ. കെ. കെ. നാരായണൻ
3. ശ്രീ. ആർ. സെൽവരാജ്
4. ശ്രീ. ജി. സുധാകരൻ
5. ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ

നിയമസഭാ സെക്രട്ടേറിയറ്റ്:

ശ്രീ. സഖറിയ പി. സാമുവൽ, അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ:

1. ശ്രീ. കെ. ചന്ദ്രൻ, അഡീഷണൽ സെക്രട്ടറി, ഭക്ഷ്യ പൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പ്
2. ഡോ. എം. കെ. മുകുന്ദൻ, ഡയറക്ടർ, സി.എഫ്.ആർ.ഡി
3. ശ്രീ. ജേക്കബ് ജോസഫ്, ജനറൽ മാനേജർ, സപ്ലൈകോ
4. ശ്രീ. ഡി. വിഭുകുമാർ, മാനേജർ, സി.എഫ്.ആർ.ഡി.
5. ശ്രീ. കെ. രാധാകൃഷ്ണൻ, കൺട്രോളർ ഓഫ് റേഷനിംഗ്.

സമിതി, കൗൺസിൽ ഫോർ ഫുഡ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ (സി.എഫ്.ആർ.ഡി.) പ്രവർത്തനങ്ങളെക്കുറിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച ചെയ്തു.

സി.എഫ്.ആർ.ഡി.-യുടെ പ്രവർത്തനങ്ങൾ നേരിട്ട് കണ്ട് മനസ്സിലാക്കുന്നതിനായി ഇൻസ്റ്റിറ്റ്യൂട്ടിൽ എത്തിയ സമിതി ചെയർമാൻ, എക്സ്-ഒഫീഷ്യോ അംഗം, സമിതി അംഗങ്ങൾ എന്നിവരെ സപ്ലൈകോ. ജനറൽ മാനേജർ സ്വാഗതം ചെയ്തു.

സി.എഫ്.ആർ.ഡി.യുടെ പ്രവർത്തനം സംബന്ധിച്ച് താഴെപ്പറയുന്ന വിവരങ്ങൾ ജനറൽ മാനേജർ സമിതിയെ ബോധ്യപ്പെടുത്തുകയുണ്ടായി:

1955-ലെ തിരുവിതാംകൂർ-കൊച്ചി സാഹിത്യ, ശാസ്ത്രീയ, ധർമ്മസംഘങ്ങൾ രജിസ്റ്ററാക്കൽ ആക്ട് അനുസരിച്ച് ഭക്ഷ്യപൊതുവിതരണ വകുപ്പിന്റെ കീഴിൽ 2005-ൽ രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്ന സ്ഥാപനമാണ് പത്തനംതിട്ട ജില്ലയിലെ കോന്നിയിൽ പ്രവർത്തിക്കുന്ന കൗൺസിൽ ഫോർ ഫുഡ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്.

ഏറ്റവും മികച്ച ഗുണമേന്മയുള്ള പാചകത്തിനുതകുന്ന തരത്തിലുള്ള ഭക്ഷണ പദാർത്ഥങ്ങൾ വിപണിയിൽ എത്തിക്കുക, അന്തർ ദേശീയ തലത്തിൽ സ്വീകാര്യമായ ഗുണമേന്മയും സുരക്ഷിതത്വവും ഉറപ്പ് നൽകിക്കൊണ്ട് ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ മികച്ച ഭക്ഷണപദാർത്ഥങ്ങൾ വിപണിയിൽ എത്തിക്കുക എന്നിവയ്ക്കാവശ്യമായ മാനവശേഷി വികസിപ്പിക്കുക എന്നതാണ് സി.എഫ്.ആർ.ഡി. യുടെ ലക്ഷ്യം സി.എഫ്.ആർ.ഡി.-യുടെ കീഴിൽ താഴെപ്പറയുന്ന സ്ഥാപനങ്ങൾ പ്രവർത്തിച്ചുവരുന്നു:

(1) ഭക്ഷ്യ ഗുണനിലവാര പരിശോധനാ ലാബ് (എഫ്.ക്യൂ.എം.എൽ.)

(2) കോളേജ് ഓഫ് ഇൻഡിജിനസ് ഫുഡ് ടെക്നോളജി (സി.എഫ്.റ്റി.കെ.)

(3) ഫുഡ് പ്രോസസ്സിംഗ് ട്രെയിനിംഗ് സെന്റർ (എഫ്.പി.റ്റി.സി.)

(4) സി.എഫ്.ആർ.ഡി.യുടെ മറ്റൊരു പ്രധാന സംരംഭമായ മെഗാഫുഡ് പാർക്ക് (എം.എഫ്.പി.)

കൂടാതെ, എഫ്.ക്യൂ.എം.എൽ.-ന്റെ കീഴിൽ ലോകോത്തര നിലവാരത്തിൽ പ്രവർത്തിക്കുന്ന യന്ത്രവൽകൃതമായ കെമിക്കൽ ലാബും മൈക്രോബയോളജി ലാബും സ്ഥാപിച്ചിട്ടുണ്ട്.

ഇക്കഴിഞ്ഞ ഓണക്കാലത്ത് സിവിൽ സപ്ലൈസ് കോർപ്പറേഷൻ 43 പച്ചക്കറി സാമ്പിളുകൾ ശേഖരിക്കുകയും ലാബിൽ പരിശോധനയ്ക്ക് വിധേയമാക്കുകയും ചെയ്തതിൽ പതിനാലു സാമ്പിളുകളിൽ കീടനാശിനിയുടെ അംശം കണ്ടെത്തുക യുണ്ടായി. ഭക്ഷ്യയോഗ്യമല്ലാത്ത തരത്തിൽ മാരകമായ വിഷാംശം കാരറ്റിൽ ചേർത്തിട്ടുള്ളതായി കണ്ടെത്തി. എല്ലാ മൂന്ന് മാസത്തിൽ ഒരിക്കൽ കേരളത്തിന്റെ എല്ലാ ഭാഗങ്ങളിൽ നിന്നുമുള്ള പച്ചക്കറി സാമ്പിളുകൾ ശേഖരിച്ച് പരിശോധന നടത്തി വരുന്നു. വർഷത്തിൽ 4 പ്രാവശ്യം സാമ്പിളുകൾ ശേഖരിച്ച് പരിശോധന നടത്തിയ ശേഷം വിഷാംശം അനുവദനീയമായ അളവിൽ കൂടുതൽ ഉള്ളതായി കണ്ടെത്തു ന്നെങ്കിൽ അത് പത്രങ്ങളിലൂടെ പരസ്യപ്പെടുത്തുന്നതാണെന്ന് സമിതിക്ക് ഉറപ്പ് നൽകുകയുണ്ടായി.

ഇൻസ്റ്റ്റ്യൂട്ടിൽ ലോകോത്തര നിലവാരത്തിൽ പ്രവർത്തിക്കുന്ന മൈക്രോബയോളജി ലാബ് സ്ഥാപിച്ചിട്ടുണ്ടെന്നും പ്രസ്തുത ലാബ്വഴി കുടിവെള്ള ത്തിലും ഇറച്ചി, മീൻ തുടങ്ങിയ ഭക്ഷണ പദാർത്ഥങ്ങളിലും മായം ചേർക്കുന്നത് കണ്ടുപിടിക്കുന്നതിന് സാധിക്കുന്നതായും സമിതിയെ അറിയിക്കുകയുണ്ടായി.

സി.എഫ്.ആർ.ഡി.-യുടെ കീഴിൽ ഭക്ഷ്യഗുണനിലവാര പരിശോധനാ ലാബ് (എഫ്.ക്യൂ.എം.എൽ.), 2008-ലും മൈക്രോബയോളജി ലാബ്-2009-ലും കെമിക്കൽ ഡിവിഷൻ 2013-ലും പ്രവർത്തനമാരംഭിച്ചുവെന്നും. സി.എഫ്.ആർ.ഡി.-ഫുഡ് ക്വാളിറ്റി മോണിറ്ററിംഗ് ലാബ്, ഫുഡ് പ്രോസസ്സിംഗ് ട്രെയിനിംഗ് സെന്റർ, കോളേജ് ഓഫ് ഇൻഡിജിനസ് ഫുഡ് ടെക്നോളജി എന്നീ മൂന്ന് ഘടകങ്ങൾ ആയിട്ടാണ് പ്രവർത്തി ക്കുന്നതെന്നും സമിതിയെ അറിയിക്കുകയുണ്ടായി.

സി.എഫ്.ആർ.ഡി.യുടെ പരിശോധനാ ഫലങ്ങളിലുള്ള റിപ്പോർട്ടിന്റെ പകർപ്പും സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച ശുപാർശയും നൽകുകയാണ് നിലവിലെ രീതി എന്ന വെളിപ്പെടുത്തലിന്റെ അടിസ്ഥാനത്തിൽ സി.എഫ്.ആർ.ഡി.യുടെ പരിശോധനാ ഫലങ്ങൾ പൊതുജനങ്ങളുടെ അറിവിലേക്കായി പരസ്യപ്പെടുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

സി.എഫ്.ആർ.ഡി.യുടെ ലാബിൽ മത്സ്യത്തിന്റെ സാമ്പിളുകളും പരിശോധിക്കുന്നുണ്ടെന്നും ഉൾനാടൻ ജലാശയങ്ങളിൽനിന്നും ലഭിക്കുന്ന മത്സ്യങ്ങളിൽ ലെഡ്, കാഡ്മിയം എന്നിവയുടെ അളവ് കൂടുതലായി കാണുന്നുണ്ടെന്നും സമിതിയെ അറിയിച്ചു.

സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ ആവശ്യപ്രകാരം ഫുഡ് ഗ്രെയിൻ ക്വാളിറ്റി പരിശോധനയിൽ റേഷനിംഗ് ഇൻസ്പെക്ടേഴ്സിന് പരിശീലനം നല്കിവരുന്നതായി അറിയിച്ചു.

സി.എഫ്.ആർ.ഡി.യുടെ നിയന്ത്രണത്തിൽ ഒരു ഫുഡ് പ്രോസസിംഗ് ട്രെയിനിംഗ് സെന്റർ പ്രവർത്തിക്കുന്നുണ്ടെന്നും വാല്യൂ ആഡഡ് പ്രോഡക്ട്സ് നിർമ്മിക്കുന്നതിന് അവിടെ ട്രെയിനിംഗ് നൽകി വരുന്നതായും ചക്ക, മാങ്ങ തുടങ്ങിയവയിൽനിന്നും ഡീ ഹൈഡ്രേറ്റഡ് പ്രോഡക്സ് ഉണ്ടാകുന്നതിനുള്ള പരിശീലനം നൽകുന്നുണ്ടെന്നും പരിശീലനം നൽകുന്നതിനായി ക്ലാസ് മുറികളും ലാബും സജ്ജമാക്കിയിട്ടുണ്ടെന്നും ട്രെയിനിംഗ് സെന്ററിൽനിന്നും ഉല്പാദിപ്പിക്കുന്ന വാല്യു ആഡഡ് പ്രോഡക്ട്സ് പല ക്വാളിറ്റി ടെസ്റ്റുകൾക്കും വിധേയമാക്കുന്നുണ്ടെന്നും എന്നാൽ ഇതുമായി ബന്ധപ്പെട്ട് കൊമേഴ്സ്യൽ പ്രൊഡക്ഷൻ ആരംഭിച്ചിട്ടില്ലെന്നും സംരംഭകർക്ക് പരിശീലനം നൽകി വിവിധതരം ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിന് അവരെ പ്രാപ്തരാക്കുകയാണ് ലക്ഷ്യമെന്നും ഡയറക്ടർ സമിതിയെ അറിയിച്ചു.

സ്ഥാപനം ആരംഭിക്കുമ്പോൾ ഫുഡ് ടെക്നോളജിയുമായി ബന്ധപ്പെട്ട നാല് കോഴ്സുകളാണ് വിഭാവനം ചെയ്തിരുന്നതെന്നും എന്നാൽ നിലവിൽ രണ്ട് കോഴ്സുകൾ മാത്രമേ നടത്തുന്നുള്ളൂ എന്നും ആയതിന്റെ കാരണം എന്താണെന്നും സമിതി ആരാഞ്ഞു.

കാറ്ററിംഗ് ടെക്നോളജിയുടെ ഒരു കോഴ്സ് യൂണിവേഴ്സിറ്റിയുടെ അഫിലിയേഷനുവേണ്ടി സമർപ്പിച്ചിട്ടുണ്ടെന്നും അഫിലിയേഷൻ കിട്ടിയാൽ കോഴ്സ് ആരംഭിക്കുന്നതിന് സാധിക്കുമെന്നും എം.ബി.എ. (ഹോട്ടൽ മാനേജ്മെന്റ്) കോഴ്സ് ആരംഭിക്കുന്നതിന് വിദ്യാർത്ഥികൾക്ക് താമസസൗകര്യം ഏർപ്പെടുത്തുന്നത് ഉൾപ്പെടെയുള്ള അടിസ്ഥാനസൗകര്യങ്ങളുടെ അഭാവമാണ് കാലതാമസത്തിന് കാരണമെന്നും ഉദ്യോഗസ്ഥർ സമിതിയെ അറിയിക്കുകയുണ്ടായി. ഈ രണ്ട് കോഴ്സുകളും ആരംഭിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തണമെന്ന് സമിതി ശുപാർശ ചെയ്യുകയുണ്ടായി.

ഇൻസ്റ്റിറ്റ്യൂട്ടിന്റെ സ്റ്റാഫ് സ്ട്രെങ്തിനെക്കുറിച്ച് അന്വേഷിച്ച സമിതിയോട്, എഫ്.ക്യൂ.എം.എൽ.-ൽ 14 പോസ്റ്റും, കോളേജ് ഓഫ് ഇൻഡിജിനസ് ഫുഡ് ടെക്നോളജിയിൽ 10 പോസ്റ്റും, ട്രെയിനിംഗ് സെന്ററിലെ 3 പോസ്റ്റും ഉൾപ്പെടെ ആകെ 35 പോസ്റ്റുകളാണുള്ളതെന്നും ഇതിൽ ഒരാൾ മാത്രമേ സ്ഥിരം ജീവനക്കാരനായി ഉള്ളൂവെന്നും മറ്റെല്ലാവരും താൽക്കാലിക ജീവനക്കാരും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ പ്രവർത്തിക്കുന്നവരുമാണെന്നും സ്ഥിരം നിയമനത്തിനായുള്ള ഫയൽ സർക്കാരിന്റെ പരിഗണനയിലാണെന്നും ഉദ്യോഗസ്ഥർ സമിതിയെ അറിയിക്കുകയുണ്ടായി.

ഫുഡ് പാർക്കിന്റെയും ഡ്രഗ് ടെസ്റ്റിംഗ് ലാബിന്റെയും സ്ഥിതി സംബന്ധിച്ച്, ഫുഡ് പാർക്കിന്റെ ഡി.പി.ആർ. ഫൈനലൈസ് ചെയ്തിട്ടുണ്ടെന്നും താമസിയാതെ തന്നെ അത് പ്രവർത്തന സജ്ജമാകുമെന്നും ഡ്രഗ് ടെസ്റ്റിംഗ് ലാബിനുള്ള കെട്ടിടത്തിനായി ഫണ്ട് ലഭിച്ചിട്ടുണ്ടെന്നും കിറ്റ്ക്കോയുടെ മേൽനോട്ടത്തിൽ ഉടൻതന്നെ പണി ആരംഭിക്കുമെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സമിതിയെ അറിയിക്കുകയുണ്ടായി.

ഡ്രൈഫ്രൂട്ട്സ്/വെജിറ്റബിൾസ് സംസ്ക്കരണത്തിന് ട്രെയിനിംഗ് നൽകുന്നതിനും ആ ഉൽപ്പന്നങ്ങൾ സിവിൽ സപ്ലൈസ് കോർപ്പറേഷൻവഴി വിപണനം നടത്തുന്നതിനും നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുകയുണ്ടായി.

കേന്ദ്ര ഗവൺമെന്റ് അംഗീകരിച്ച 96.5 കോടി രൂപയുടെ സ്കീമിൽ ആദ്യ ഗഡു മാത്രമാണ് നേടിയെടുക്കാൻ കഴിഞ്ഞിട്ടുള്ളതെന്ന് വിലയിരുത്തിയ സമിതി യഥാസമയം യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് നൽകുന്നതിൽ വന്നിട്ടുള്ള പിഴവുകളാണ് കേന്ദ്ര സഹായം നേടിയെടുക്കുന്നതിൽ തടസ്സമായിട്ടുള്ളതെന്നും ഫുഡ് പാർക്കിനായി അടിയന്തരമായി പുതിയ പ്രോജക്ട് തയ്യാറാക്കി കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ച് പരമാവധി കേന്ദ്രസഹായം നേടിയെടുക്കുന്നതിനുള്ള നടപടികൾ കാര്യക്ഷമമാക്കണമെന്നും ഫണ്ട് ലാപ്സാകുന്ന സ്ഥിതിവിശേഷം ഉണ്ടാകരുതെന്നും ഇത് ഒഴിവാക്കുന്നതിന് സർക്കാർ തലത്തിൽ മുൻകൂറായി മതിയായ രേഖകൾ സമർപ്പിക്കുന്നതിൽ വീഴ്ച വരാതിരിക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും സമിതി അഭിപ്രായപെടുകയുണ്ടായി.

പരിശോധനയ്ക്കായുള്ള സാമ്പിളുകൾ ഇൻസ്റ്റിറ്റ്യൂട്ടിൽ എത്തിക്കുന്നതിനുള്ള പ്രായോഗിക ബുദ്ധിമുട്ട് കണക്കിലെടുത്ത് റീജിയണൽ സാമ്പിൾ കളക്ഷൻ സെന്ററുകൾ സ്ഥാപിക്കേണ്ടതാണെന്നും ഇതിനായി തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ സി.എഫ്.ആർ.ഡി.യുടെ സാമ്പിൾ കളക്ഷൻ സെന്ററുകൾ സ്ഥാപിക്കണമെന്ന് സമിതി ശുപാർശ ചെയ്യുകയുണ്ടായി.

സി.എഫ്.ആർ.ഡി. നൽകുന്ന പരിശീലനങ്ങൾ ഉൾപ്പെടെയുള്ള സേവനങ്ങൾ സംബന്ധിച്ച് പൊതുജനങ്ങൾക്ക് അറിവ് നൽകുന്നതിനായി ഇവിടെ നടത്തുന്ന ടെസ്റ്റുകൾ ഏതെല്ലാമാണെന്നത് സംബന്ധിച്ച് ആവശ്യമായ പരസ്യം നൽകണമെന്നും കൂടാതെ സി.എഫ്.ആർ.ഡി.യുടെ പരിശോധനാ റിപ്പോർട്ടുകൾ പത്രങ്ങൾവഴി പരസ്യപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കണമെന്നും സമിതി ശുപാർശ ചെയ്തു.

സി.എഫ്.ആർ.ഡി. ഫുഡ് സേഫ്റ്റി അതോറിറ്റിയുടെ അംഗീകാരത്തിനായി അപേക്ഷ നൽകിയിട്ട് ഒരു വർഷമായിട്ടും അംഗീകാരം ലഭ്യമായിട്ടില്ല എന്നത് സമിതിയുടെ ശ്രദ്ധയിൽപ്പെട്ടു. സി.എഫ്.ആർ.ഡി.യുടെ ലെയ്സൺ കാര്യക്ഷമമായി നടക്കുന്നില്ല എന്ന് വിലയിരുത്തിയ സമിതി ലെയ്സൺ കൂടുതൽ കാര്യക്ഷമമാക്കണമെന്നും പരിശോധനാഫലങ്ങളും സ്വീകരിക്കേണ്ട നടപടികളും ശുപാർശ ചെയ്തുകൊണ്ട് ഫുഡ് സേഫ്റ്റി കമ്മീഷണർക്ക് കൈമാറണമെന്നും പത്രസമ്മേളനം വിളിച്ച് പരിശോധനാ ഫലങ്ങൾ ഗവൺമെന്റ് പ്രസിദ്ധീകരണങ്ങളിൽ ഉൾപ്പെടെ പ്രസിദ്ധപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കണമെന്നും സമിതി ശുപാർശ ചെയ്തു.

സി.എഫ്.ആർ.ഡി.-യിൽ ട്രെയിനിയായി ജോലിചെയ്യുന്നവർക്ക് നൽകുന്ന സ്റ്റൈപ്പന്റ് വളരെ കുറവാണെന്ന് സമിതി അഭിപ്രായപ്പെടുകയും ട്രെയിനിംഗ് കാലഘട്ടത്തിൽ ആദ്യത്തെ ഒരു വർഷം ട്രെയിനിംഗ് പിരീഡായി കണക്കാക്കുകയും അവർക്ക് പതിനയ്യായിരം രൂപയെങ്കിലും നൽകണമെന്നും അതിനുശേഷം അവരുടെ സേവനം ആവശ്യമാണെന്ന് തോന്നിയാൽ അവരെ പ്രതിമാസം ഇരുപത്തയ്യായിരം രൂപ ശമ്പളത്തോടുകൂടി നിയമിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്നും സമിതി ശുപാർശ ചെയ്യുകയുണ്ടായി.

ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനങ്ങളെ സംബന്ധിച്ച വിശദമായ കുറിപ്പ് സമിതിക്ക് ലഭ്യമാക്കണമെന്നും സമിതി അതനുസരിച്ച് റിപ്പോർട്ട് തയ്യാറാക്കുന്നതാണെന്നും സമിതി ചെയർമാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ അറിയിക്കുകയുണ്ടായി.

കേരള ലീഗൽ മെട്രോളജി സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾസ് ഭേദഗതി ചെയ്തുകൊണ്ടുള്ള എസ്.ആർ.ഒ. (നമ്പർ 67/13, 68/13)-യിൽ വന്നിട്ടുള്ള അപാകതകൾ പരിഹരിക്കുന്നത് സംബന്ധിച്ച വിഷയം സമിതിയുടെ തൊട്ടടുത്ത യോഗത്തിൽ ചർച്ച ചെയ്യുന്നതിന് സമിതി തീരുമാനിക്കുകയുണ്ടായി.

ഉച്ചയ്ക്കുശേഷം ഒരു മണിക്ക് സമിതി യോഗം പിരിഞ്ഞു. അനന്തരം സമിതി ഇൻസ്ട്രുമെന്റേഷൻ ലാബ്, കെമിക്കൽ ലാബ്, മൈക്രോബയോളജി ലാബ് തുടങ്ങിയവ സന്ദർശിച്ചു. സമിതിയുടെ സി.എഫ്.ആർ.ഡി. സന്ദർശന പരിപാടി ഉച്ചയ്ക്കുശേഷം 2 മണിക്ക് അവസാനിച്ചു.

## 2013 നവംബർ 18-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി-XI, 2013 നവംബർ മാസം 18-ാം തീയതി തിങ്കളാഴ്ച രാവിലെ 11.00 മണിക്ക് നിയമസഭാ സമുച്ചയത്തിലെ 5 'ഡി' കോൺഫറൻസ് ഹാളിൽ സമിതി ചെയർമാനും ഭക്ഷ്യവും സിവിൽ സപ്ലൈസും രജിസ്ട്രേഷനും വകുപ്പുമന്ത്രിയുമായ ശ്രീ. അനൂപ് ജേക്കബിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു.

സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗവും സഹകരണ വകുപ്പുമന്ത്രിയുമായ ശ്രീ. സി. എൻ. ബാലകൃഷ്ണനും താഴെപ്പറയുന്ന അംഗങ്ങളും തദവസരത്തിൽ ഹാജരായിരുന്നു:

അംഗങ്ങൾ:

1. ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ, എം.എൽ.എ.
2. ശ്രീ. ആർ. സെൽവരാജ്, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ്:

1. ശ്രീമതി എസ്. ജയന്തി, ജോയിന്റ് സെക്രട്ടറി.
2. ശ്രീ. ആർ. സജീവൻ, ഡെപ്യൂട്ടി സെക്രട്ടറി.
3. ശ്രീ. സഖറിയ പി. സാമുവൽ, അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ:

1. ഡോ. വി. എം. ഗോപാലമേനോൻ, സെക്രട്ടറി, സഹകരണ വകുപ്പ്
2. ശ്രീ. സുമൻ ബില്ല, സെക്രട്ടറി, ഭക്ഷ്യപൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പ്
3. ശ്രീ. ഇ. കെ. പ്രകാശ്, സ്പെഷ്യൽ സെക്രട്ടറി, ധനകാര്യ വകുപ്പ്
4. ശ്രീമതി സി. രമണി, സ്പെഷ്യൽ സെക്രട്ടറി, നിയമ വകുപ്പ്
5. ശ്രീ. കെ. വി. സുരേഷ്ബാബു, അഡീഷണൽ രജിസ്ട്രാർ ഓഫ് കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് (ഇൻ ചാർജ് ഓഫ് രജിസ്ട്രാർ ഓഫ് കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ്)
6. ശ്രീമതി പി. മേരിക്കുട്ടി, കൺട്രോളർ ഓഫ് ലീഗൽ മെട്രോളജി
7. ശ്രീ. കെ. എസ്. മധുസൂദനൻ, അഡീഷണൽ സെക്രട്ടറി, നിയമ വകുപ്പ്
8. ശ്രീ. എസ്. ജഗന്നാഥൻ, കമ്മീഷണർ, ഫുഡ് ആന്റ് സിവിൽ സപ്ലൈസ്.

എസ്.ആർ.ഒ., ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച വിവിധ റിപ്പോർട്ടുകളിലെ ശുപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റുകൾ എന്നിവ സമിതി യോഗത്തിൽ പരിഗണിച്ചു.

1966-ലെ കേരള റേഷനിംഗ് ഉത്തരവ് ഭേദഗതി ചെയ്തുകൊണ്ടുള്ള 120/2011 എന്ന നമ്പർ എസ്.ആർ.ഒ.യും ആയതിന്റെ ഇറാറ്റയും (എസ്.ആർ.ഒ. നമ്പർ 477/2013) വിശദീകരണക്കുറിപ്പും സമിതി പരിഗണിക്കുകയും എസ്.ആർ.ഒ. നമ്പർ 120/11 സമിതിയുടെ സാധൂകരണത്തിനായി സമർപ്പിക്കുന്നതിന് മുൻപ് വിജ്ഞാപനം ചെയ്ത ഭക്ഷ്യപൊതുവിതരണ വകുപ്പിന്റെ നടപടിക്ക് സാധൂകരണം നൽകാൻ തീരുമാനിക്കുകയും ചെയ്തു.

(ഫയൽ നമ്പർ 3715/സബ്.സി.ജി1/2013/ ലെജി.)

കേരള ലീഗൽ മെട്രോളജി സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾസ് ഭേദഗതി (എസ്.ആർ.ഒ. നമ്പർ 67/13, 68/13)-യിലെ അപാകത പരിഹരിക്കുന്നത് സംബന്ധിച്ച സമിതിയുടെ 27-5-2013-ലെ യോഗശുപാർശയിൽ സ്വീകരിച്ച തുടർനടപടി സംബന്ധിച്ച ചർച്ച സമിതിയുടെ അടുത്ത യോഗത്തിൽ നടത്തുന്നതി നായി തീരുമാനിച്ചു.

(ഫയൽ നമ്പർ 4891/സബ്.സി.ജി1/2012/ലെജി.)

സബ്ജക്ട് കമ്മിറ്റി XI-ന്റെ 2006-07 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥന കളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ സഹകരണ വകുപ്പുമായി ബന്ധപ്പെട്ട 7, 12 എന്നീ ഖണ്ഡികകളിലെ ശുപാർശകളിന്മേൽ സ്വീകരിച്ച നടപടി സ്റ്റേറ്റുമെന്റുകൾ സമിതി അംഗീകരിച്ചു.

(ഫയൽ നമ്പർ 11184/സബ്.സി.ജി1/2011/ലെജി.)

2008-09 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ 16, 17 എന്നീ ഖണ്ഡികകളിലെ ശുപാർശകളിന്മേൽ സഹകരണ വകുപ്പ് ലഭ്യമാക്കിയ നടപടി സ്റ്റേറ്റുമെന്റുകൾ സമിതി അംഗീകരിച്ചു. പ്രസ്തുത റിപ്പോർട്ടിലെ 11-ാം ഖണ്ഡികയിൽ കോ-ഓപ്പറേറ്റീവ് അക്കാഡമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷന് (CAPE) അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്ത 44.60 കോടി രൂപ പൂർണ്ണമായി അനുവദിക്കാത്തതിന്റെ കാരണം പരിശോധിക്കണമെന്ന് സമിതി ധനകാര്യ വകുപ്പിന് നിർദ്ദേശം നൽകി.

(ഫയൽ നമ്പർ 11011/സബ്.സി.ജി1/2011/ലെജി.)

2013-14 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ പൊതുശുപാർശകൾ ഉൾപ്പെടുന്ന 16, 17 എന്നീ ഖണ്ഡികകൾക്കുളള ധനകാര്യ(അഗ്രി) വകുപ്പിൽ നിന്നുളള മറുപടി സമിതി പരിഗണിക്കുകയുണ്ടായി.

പ്രസ്തുത റിപ്പോർട്ടിലെ ഖണ്ഡിക 16-ൽ 2012-13 സാമ്പത്തിക വർഷത്തിൽ സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിച്ച വിവിധ പദ്ധതികൾക്ക് പ്രസ്തുത സാമ്പത്തിക വർഷത്തിന്റെ അവസാന ദിവസങ്ങളിൽ ഭരണാനുമതി ലഭിച്ചെങ്കിലും ധനകാര്യവകുപ്പിൽനിന്നും റിലീസ് ഉത്തരവ് ലഭിക്കാത്തതിനാൽ അനുവദിച്ച തുക വിനിയോഗിക്കുവാൻ കഴിയാത്ത സാഹചര്യമുണ്ടായിയെന്നും ബഡ്ജറ്റ് പ്രൊവിഷനിൽ വച്ചിരിക്കുന്ന തുകയ്ക്ക് എ.എസ്. ലഭിച്ചിട്ടും ധനകാര്യവകുപ്പ് തുക റിലീസ് ചെയ്തു കൊടുക്കാത്തതിൽ സമിതി അതൃപ്തി രേഖപ്പെടുത്തുകയും മേലിൽ ഇത്തരം കാര്യങ്ങൾ ആവർത്തിക്കാതിരിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കണമെന്ന് നിർദ്ദേശിക്കുകയും ചെയ്തിരുന്നു.

പ്രസ്തുത ശുപാർശയിന്മേൽ ലഭിച്ച മറുപടി സമിതി പരിഗണിക്കുകയുണ്ടായി.

വർക്കിംഗ് ഗ്രൂപ്പ് കൂടിയിട്ടാണ് ആയതിന്റെ തുക കൊടുക്കുന്നതെന്നും വർക്കിംഗ് ഗ്രൂപ്പിൽ ഫിനാൻസ് ഡിപ്പാർട്ട്മെന്റിന്റെ അഡീഷണൽ സെക്രട്ടറി മെമ്പറാണെന്നും അങ്ങനെയുള്ള സാഹചര്യത്തിൽ വർക്കിംഗ് ഗ്രൂപ്പ് കൂടിക്കഴിഞ്ഞ് വീണ്ടും ഫിനാൻസിന്റെ ക്ലിയറൻസിനു പോകേണ്ടതുണ്ടോയെന്ന് ആലോചിക്കണമെന്നും ഇത് സഹകരണ വകുപ്പിൽ മാത്രം കാണുന്ന കാര്യമാണെന്നും ഫിനാൻസിന്റെ നോമിനി വർക്കിംഗ് ഗ്രൂപ്പിൽ ഉള്ള സ്ഥിതിക്ക് വീണ്ടും ഫിനാൻസിലേക്ക് പോകാതെ വർക്കിംഗ് ഗ്രൂപ്പ് പാസ്സാക്കിയാലുടൻ തുക റിലീസ് ചെയ്യാനുള്ള സംവിധാനം ഉണ്ടാക്കുകയാണെങ്കിൽ ഈ പ്രശ്നം ഒഴിവാക്കുവാൻ സാധിക്കുമെന്നും സഹകരണ വകുപ്പ് സെക്രട്ടറി സമിതിയെ അറിയിക്കുകയുണ്ടായി.

സഹകരണ വകുപ്പ് സെക്രട്ടറിയുടെ പ്രസ്താവന പൂർണ്ണമായും ശരിയല്ലായെന്നും കൂടുതൽ ഡെലിഗേഷൻ ഭരണവകുപ്പിന് നൽകുന്നതിന്റെ ഭാഗമായി രണ്ട് സംവിധാനങ്ങൾ കൊണ്ടുവന്നുവെന്നും അഞ്ചുകോടി രൂപവരെയുള്ള പ്രൊപ്പോസലുകൾക്ക് ഡിപ്പാർട്ട്മെന്റൽ വർക്കിംഗ് ഗ്രൂപ്പും അഞ്ചുകോടിയോ അതിനുമുകളിലോ ഉള്ള പ്രൊപ്പോസലുകൾക്ക് സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പുമാണ് അനുമതി നൽകുന്നതെന്നും ഇതിന്റെ തലവൻ ധനകാര്യവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയോ സെക്രട്ടറിയോ ആണെന്നും ധനകാര്യവകുപ്പ് സ്പെഷ്യൽ സെക്രട്ടറി സമിതിയെ അറിയിക്കുകയുണ്ടായി. ഇതനുസരിച്ച് വിവിധകാര്യങ്ങൾ പരിശോധിച്ച് മാത്രമേ ധനകാര്യവകുപ്പ് ഫണ്ട് റിലീസ് ചെയ്യുകയുള്ളൂവെന്നും അറിയിക്കുകയുണ്ടായി. ഫണ്ട് റിലീസ് ചെയ്യുന്നതിന് നിയന്ത്രണങ്ങൾ ഉണ്ടെന്നും ഒരു സാമ്പത്തിക വർഷത്തിലെ ആദ്യത്തെ മൂന്ന് കാർട്ടറുകളിലായി 30% ഫണ്ട് വിനിയോഗിച്ചിരിക്കണമെന്നും ജനുവരി, ഫെബ്രുവരി മാസങ്ങളിൽ ഫണ്ടിന്റെ 10% മാത്രമേ ഉണ്ടാകാവൂ എന്നും സ്പെഷ്യൽ സെക്രട്ടറി സമിതിയെ അറിയിച്ചു. സമിതിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ വിഷയം വിശദമായി പരശോധിക്കുകയുണ്ടായിയെന്നും ധനകാര്യ വകുപ്പിന്റെ ഭാഗത്ത് യാതൊരു വീഴ്ചയും ഉണ്ടായിട്ടില്ലെന്നും ധനകാര്യവകുപ്പ് സ്പെഷ്യൽ സെക്രട്ടറി സമിതിയെ അറിയിക്കുകയുണ്ടായി.

എന്നാൽ പ്രസ്തുത വിഷയം സംബന്ധിച്ച ഫയലുകൾ 2008 മാർച്ച് 28, 29, 30 എന്നീ തീയതികളിൽ കൊടുക്കുകയുണ്ടായെന്നും അടുത്ത സാമ്പത്തികവർഷത്തേക്ക് കൊണ്ടുവരാൻ പറഞ്ഞ് നിരസിക്കുകയുണ്ടായിയെന്നും സഹകരണവകുപ്പ് സെക്രട്ടറി സമിതിയെ അറിയിക്കുകയുണ്ടായി.

വർക്കിംഗ് ഗ്രൂപ്പ് ഭരണാനുമതി കൊടുത്താൽ ആ വർഷം തന്നെ വർക്ക് പൂർത്തിയാക്കാൻ കഴിയില്ലെന്ന് അതിനകത്തെ ഒരംഗത്തിന് ബോധ്യപ്പെട്ടാൽ അത് അടുത്ത വർഷത്തേക്ക് മാറ്റി വയ്ക്കാൻ പറയുന്നത് നിയമപരമായി തടസ്സമല്ലെന്നും, എന്നാൽ നിശ്ചിത സമയത്തിനുള്ളിൽ പദ്ധതി പൂർത്തിയാക്കാൻ സാധിച്ചില്ലെങ്കിൽ അടിയന്തിര വിഷയമാണെന്നു പറഞ്ഞ് ഫിനാൻസ് സെക്രട്ടറിയുടെ ശ്രദ്ധയിൽ കൊണ്ടുവരണമായിരുന്നുവെന്നും ധനകാര്യവകുപ്പ് ഉദ്യോഗസ്ഥൻ സമിതിയെ അറിയിക്കുകയുണ്ടായി. കൂടാതെ ധനകാര്യവകുപ്പിനു ഇക്കാര്യത്തിൽ ഒരു വീഴ്ചയും ഉണ്ടായിട്ടില്ലെന്നും അറിയിക്കുകയുണ്ടായി.

സഹകരണ സംഘങ്ങളിൽനിന്ന് പ്രൊപ്പോസൽ കിട്ടിയാൽ മാത്രമേ പ്രോജക്ടുകൾ തയ്യാറാക്കാനാകൂയെന്നും സഹകരണ സംഘങ്ങളെ ബോധവൽക്കരിച്ച് അവരിൽനിന്ന് പ്രൊപ്പോസൽ വാങ്ങാൻ സമയമെടുക്കുമെന്നും സഹകരണവകുപ്പ് സെക്രട്ടറി അറിയിക്കുകയുണ്ടായി.

പ്രസ്തുത വിഷയം ധനകാര്യ സെക്രട്ടറിയുടെ ശ്രദ്ധയിൽപ്പെടുത്താമെന്ന് ധനകാര്യവകുപ്പ് ഉദ്യോഗസ്ഥൻ സമിതിയെ അറിയിക്കുകയുണ്ടായി.

ധനകാര്യവകുപ്പിൽനിന്നും ലഭ്യമാക്കിയ പ്രസ്തുത മറുപടിയിലെ "ഇപ്രകാരം ഭരണാനുമതി നൽകുന്നതിലും ധനകാര്യ വകുപ്പിലേക്ക് ഫയൽ അയയ്ക്കുന്നതിലും കാലതാമസം വരുത്തുകവഴി സഹകരണ വകുപ്പും സഹകരണ സംഘം രജിസ്ട്രാറും ഗുരുതരമായ വീഴ്ച ഇക്കാര്യത്തിൽ വരുത്തുകയുണ്ടായി", "ബഡ്ജറ്റ് ശീർഷകങ്ങളിലെ ബാലൻസ് തുക പരിശോധിക്കാതെ സഹകരണ സംഘങ്ങളുടെ പദ്ധതികൾ സഹകരണ സംഘം രജിസ്ട്രാറും സഹകരണ വകുപ്പ് സെക്രട്ടറിയും ഫയലുകൾ ശുപാർശ ചെയ്യുന്നതുകൊണ്ടാണ് ഫണ്ട് റിലീസ് ചെയ്യാൻ 2012-13-ൽ കഴിയാതെ പോയത്" എന്നീ ഭാഗങ്ങൾ ഒഴിവാക്കണമെന്ന് ധനകാര്യവകുപ്പിനോട് ആവശ്യപ്പെടാനും ബാക്കിഭാഗം അംഗീകരിക്കാനും സമിതി തീരുമാനിച്ചു.

ഖണ്ഡിക 17-നുള്ള മറുപടി സമിതി അംഗീകരിച്ചു.

(ഫയൽ നമ്പർ 2743/സബ്.സി.ജി1/13/ലെജി.).

2011-12 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ 17-ാം ഖണ്ഡികയിന്മേൽ ഭക്ഷ്യപൊതുവിതരണ വകുപ്പു ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റ് സമിതി അംഗീകരിച്ചു.

(ഫയൽ നമ്പർ 3315/സബ്.സി.ജി1/2012/ലെജി.).

2013-14 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ 36-ാം ഖണ്ഡികയിലെ ശുപാർശയിന്മേൽ ഭക്ഷ്യപൊതുവിതരണ വകുപ്പ് ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റ് സമിതി അംഗീകരിച്ചു. അന്നപൂർണ്ണ ഭക്ഷണസുരക്ഷാ പദ്ധതിയുടെ അർഹതാമാനദണ്ഡത്തിൽ മാറ്റം വരുത്തണമെന്ന് കേന്ദ്രസർക്കാരിനോട് വീണ്ടും ആവശ്യപ്പെടുവാൻ സമിതി നിർദ്ദേശിച്ചു.

(ഫയൽ നമ്പർ 2743/സബ്.സി.ജി1/2013/ലെജി.).

സബ്ജക്ട് കമ്മിറ്റി VII-ന്റെ 2008-09-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ 90, 91 എന്നീ ഖണ്ഡികകളിലെ ശുപാർശകളിന്മേൽ ഭക്ഷ്യപൊതുവിതരണ വകുപ്പ് ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റുകൾ സമിതി അംഗീകരിച്ചു.

സമിതിയോഗം രാവിലെ 11.45-ന് പിരിഞ്ഞു.

## 2014 ജനുവരി 27-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XI, 2014 ജനുവരി 27-ാം തീയതി, തിങ്കളാഴ്ച, വൈകുന്നേരം 5.00 മണിക്ക് നിയമസഭാ സമുച്ചയത്തിലെ 5 'എ' കോൺഫറൻസ് ഹാളിൽ സമിതി ചെയർമാനും ബഹു. ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രിയുമായ ശ്രീ. അനൂപ് ജേക്കബിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. സമിതിയിലെ എക്സ്-ഒഫീഷ്യോ അംഗവും സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രിയുമായ ശ്രീ. സി. എൻ. ബാലകൃഷ്ണനും താഴെപ്പറയുന്ന അംഗങ്ങളും തദവസരത്തിൽ സന്നിഹിതരായിരുന്നു:

അംഗങ്ങൾ:

1. ശ്രീമതി ഗീതാ ഗോപി, എം.എൽ.എ.
2. ശ്രീ. ലൂഡി ലൂയിസ്, എം.എൽ.എ.
3. ശ്രീ. കെ. കെ. നാരായണൻ, എം.എൽ.എ.
4. ശ്രീ. ആർ. സെൽവരാജ്, എം.എൽ.എ.
5. ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ, എം. എൽ. എ.
6. ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ, എം. എൽ. എ.
7. ശ്രീ. ജി. സുധാകരൻ, എം. എൽ. എ.

നിയമസഭാ സെക്രട്ടേറിയറ്റ്:

1. ശ്രീമതി എസ്. ജയന്തി, ജോയിന്റ് സെക്രട്ടറി.
2. ശ്രീ. ആർ. സജീവൻ, ഡെപ്യൂട്ടി സെക്രട്ടറി.
3. ശ്രീ. സഖറിയ പി. സാമുവൽ, അണ്ടർ സെക്രട്ടറി.

ഹാജരായ മറ്റുദ്യോഗസ്ഥർ:

1. ഡോ. വി. എം. ഗോപാല മേനോൻ, സെക്രട്ടറി, സഹകരണ വകുപ്പ്
2. ശ്രീ. കെ. ജി. ഭട്ട്, രജിസ്ട്രാർ, കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ്
3. ശ്രീമതി സി. രമണി, സ്പെഷ്യൽ സെക്രട്ടറി, നിയമ വകുപ്പ്
4. ശ്രീ. സി. കെ. രാജശേഖര പണിക്കർ, അഡീഷണൽ സെക്രട്ടറി, നിയമ വകുപ്പ്
5. ശ്രീ. പി. ജി. ബെന്നി, ജോയിന്റ് സെക്രട്ടറി, നിയമ വകുപ്പ്
6. ശ്രീ. ഷാജി കുമാർ, എൽ., അണ്ടർ സെക്രട്ടറി, നിയമവകുപ്പ്.

സമിതി 2013-ലെ കേരള സഹകരണ സംഘം (മൂന്നാം ഭേദഗതി) ബിൽ പരിഗണിക്കുകയും താഴെപ്പറയുന്ന ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു.

*Preamble*

In the enacting formula, for the words 'sixty–fourth', the words "sixty–fifth" shall be substituted.

*Clause 1*

In the short title, for the words and figure 'The Kerala Co-operative Societies (Third Amendment) Act, 2013', the words and figure "The Kerala Co-operative Societies (Amendment) Act, 2014" shall be substituted.

*Clause 3*

In clause 3 for the words 'after the third proviso', the words "after the existing proviso" shall be substituted.

താഴെപ്പറയുന്ന സമിതിയംഗങ്ങൾ പ്രസ്തുത ബില്ലിന്മേൽ വിയോജനക്കുറിപ്പ് രേഖപ്പെടുത്തുകയുണ്ടായി:

1. ശ്രീ. ജി. സുധാകരൻ, എം.എൽ.എ.
2. ശ്രീ. കെ. കെ. നാരായണൻ, എം.എൽ.എ.
3. ശ്രീ. കോലിയക്കോട് എൻ.കൃഷ്ണൻ നായർ, എം.എൽ.എ.
4. ശ്രീമതി ഗീതാ ഗോപി, എം.എൽ.എ.

വൈകുന്നേരം 5.20-ന് സമിതി യോഗം പിരിഞ്ഞു.

## 2014 ഫെബ്രുവരി 20-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XI, 2014 ഫെബ്രുവരി മാസം 20-ാം തീയതി വ്യാഴാഴ്ച രാവിലെ 10.30 മണിക്ക് നിയമസഭാ സമുച്ചയത്തിലെ 4 എ കോൺഫറൻസ് ഹാളിൽ സമിതി ചെയർമാനും ബഹു. ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രിയുമായ ശ്രീ. അനൂപ് ജേക്കബിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. താഴെപ്പറയുന്ന അംഗങ്ങളും തദവസരത്തിൽ സന്നിഹിതരായിരുന്നു:

അംഗങ്ങൾ:

1. ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻനായർ, എം. എൽ. എ.
2. ശ്രീ. ലൂഡി ലൂയിസ്, എം. എൽ. എ.
3. ശ്രീ. കെ. കെ. നാരായണൻ, എം. എൽ. എ.

4. ശ്രീ. ആർ. സെൽവരാജ്, എം. എൽ. എ.

5. ശ്രീ. ജി. സുധാകരൻ, എം. എൽ. എ.

നിയമസഭാ സെക്രട്ടേറിയറ്റ്:

1. ശ്രീമതി എസ്. ജയന്തി, ജോയിന്റ് സെക്രട്ടറി

2. ശ്രീമതി എസ്. ഷാഹിന, ഡെപ്യൂട്ടി സെക്രട്ടറി

3. ശ്രീ. സഖറിയ പി. സാമുവൽ, അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ:

1. ശ്രീ. സുമൻ ബില്ല, സെക്രട്ടറി, ഭക്ഷ്യപൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പ്

2. ശ്രീ. എ. ടി. ജെയിംസ്, ഡയറക്ടർ, സിവിൽ സപ്ലൈസ്

3. ശ്രീ. എൻ. മധുസൂദനൻ ആശാരി, അഡീഷണൽ സെക്രട്ടറി, ഭക്ഷ്യ പൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പ്

4. ശ്രീമതി മറിയം ലോറൻസ്, അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്

5. ശ്രീമതി പി. ജയലക്ഷ്മി, ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ്

6. ഡോ. മുകുന്ദൻ, ഡയറക്ടർ, സി. എഫ്. ആർ. ഡി.

7. ശ്രീ. എസ്. ശിവകുമാരൻ നായർ, അസിസ്റ്റന്റ് കമ്മീഷണർ (ഹെഡ്ക്വാർട്ടേഴ്സ്) ലീഗൽ മെട്രോളജി വകുപ്പ്

8. ശ്രീമതി പി. മേരിക്കുട്ടി, കൺട്രോളർ, ലീഗൽ മെട്രോളജി വകുപ്പ്

9. ശ്രീമതി സൂസമ്മ മത്തായി, ഡെപ്യൂട്ടി സെക്രട്ടറി, ഭക്ഷ്യപൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പ്

10. ശ്രീ. ജേക്കബ് ജോസഫ്, ജനറൽ മാനേജർ, സപ്ലൈകോ.

2014-15 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധനയുടെ ഭാഗമായി ധനാഭ്യർത്ഥന നമ്പർ XXX (ഭക്ഷ്യം), XXVIII (പലവക സാമ്പത്തിക സർവ്വീസുകൾ) എന്നിവയിൽ ഉൾപ്പെടുന്ന കണക്കിനങ്ങൾ സമിതി പരിശോധിക്കുകയും യോഗത്തിൽ ഹാജരായിരുന്ന ഉദ്യോഗസ്ഥരിൽനിന്ന് വിവരങ്ങൾ ആരായുകയും സമിതിയുടെ നിർദ്ദേശങ്ങളും ശുപാർശകളും റിപ്പോർട്ടിൽ ഉൾപ്പെടുത്തുവാൻ തീരുമാനിക്കുകയും ചെയ്തു. കൂടാതെ കേരള ലീഗൽ മെട്രോളജി സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾസ് ഭേദഗതിയിലെ അപാകത പരിഹരിക്കുന്നത് സംബന്ധിച്ച 27-5-2013-ലെ സമിതിയോഗ ശുപാർശയിന്മേൽ സ്വീകരിച്ച തുടർനടപടി സംബന്ധിച്ച് ചർച്ച ചെയ്യുകയും കേരള കൗൺസിൽ ഫോർ ഫുഡ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനം സംബന്ധിച്ച പഠന റിപ്പോർട്ടിന്റെ കരട് പരിഗണിക്കുകയും ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു.

## ധനാഭ്യർത്ഥന XXX—ഭക്ഷ്യം

## ഭക്ഷ്യപൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പ്

റേഷൻ അരി സംസ്ഥാന സർക്കാർ സബ്സിഡി നൽകി വിതരണം ചെയ്യുമ്പോൾ ഉണ്ടാകുന്ന ചെലവ് വഹിക്കുന്നതിനും മൊത്ത/ചില്ലറ വ്യാപാരികൾക്ക് കമ്മീഷൻ നൽകുന്നതിനുമായി തുക വകയിരുത്തിയിരിക്കുന്ന 'റേഷൻ അരിയുടെയും ഗോതമ്പിന്റെയും വിലയിലുണ്ടായ അന്തരം ഫുഡ് കോർപ്പറേഷന് മടക്കിക്കൊടുക്കൽ' എന്ന ശീർഷകത്തിൽനിന്നും സബ്സിഡി നൽകുന്ന തുക സംസ്ഥാന സർക്കാർ എഫ്.സി.ഐ.യ്ക്ക് നൽകുകയും എഫ്.സി.ഐ. സബ്സിഡി നിരക്കിൽ അരി നൽകുകയുമാണ് ചെയ്യുന്നതെന്നും കിലോഗ്രാമിന് 2 രൂപ നിരക്കിൽ 25 കിലോ ഭക്ഷ്യധാന്യം വിതരണം ചെയ്യുന്ന പദ്ധതി ചില നിബന്ധനകൾക്ക് വിധേയമായി എല്ലാ കാർഡുടമകൾക്കും ബാധകമാക്കുന്നതിനും സംസ്ഥാനത്തെ എല്ലാ ബി. പി. എൽ. കുടുംബങ്ങൾക്കും 2011 സെപ്റ്റംബർ മാസംമുതൽ കിലോഗ്രാമിന് 1 രൂപ നിരക്കിൽ 25 കിലോ ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്യുന്നതിനും സർക്കാർ ഉത്തരവായിട്ടുണ്ടെന്നും കൂടാതെ മുൻവർഷത്തിലെ കുടിശ്ശിക നൽകാനുണ്ടെന്നും ഉദ്യോഗസ്ഥർ അറിയിച്ചു. ഈ സാഹചര്യത്തിൽ 2014-15 സാമ്പത്തിക വർഷം ഭക്ഷ്യ സബ്സിഡി നൽകുന്നതിനാവശ്യമായ 663.23 കോടി രൂപയും റേഷൻ മൊത്ത/ചില്ലറ വ്യാപാരികളുടെ കമ്മീഷൻ നൽകുന്നതിനുള്ള 75.87 കോടി രൂപയും 2013-14 സാമ്പത്തികവർഷം വ്യാപാരികൾക്ക് നൽകാനുള്ള പ്രതീക്ഷിത കുടിശ്ശികയായ 15.26 കോടി രൂപയും ഉൾപ്പെടെ ആകെ 754.36 കോടി രൂപ ഈ സാമ്പത്തിക വർഷം ആവശ്യമുള്ളതിനാൽ ബഡ്ജറ്റ് വിഹിതത്തിന് പുറമെ 154.36 കോടി രൂപകൂടി അധികമായി വകയിരുത്തണമെന്ന് ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

നെല്ലുൽപ്പാദനം മെച്ചപ്പെട്ടതിനാലും നെല്ലിന്റെ സംഭരണ വില മികച്ചതായതിനാലും 2013-14 സാമ്പത്തിക വർഷത്തിന്റെ സെപ്റ്റംബറിൽ ആരംഭിക്കുന്ന നെല്ല് സംഭരണത്തിന്റെ രണ്ടാം പാദത്തിൽ ഏകദേശം 4 ലക്ഷം മെട്രിക് ടൺ നെല്ലും 2014-15 സാമ്പത്തികവർഷത്തിൽ ഏകദേശം 5.5 ലക്ഷം മെട്രിക് ടൺ നെല്ലും സംഭരിക്കുമെന്ന് പ്രതീക്ഷിക്കുന്നതായും നെല്ലിന്റെ സംഭരണ വിലയായ കിലോഗ്രാമിന് 18 രൂപയിൽ 4.50 രൂപ സംസ്ഥാന വിഹിതമായി നൽകിയാണ് നെല്ല് സംഭരണം നടത്തുന്നതെന്നും ഇതിനായി 427.50 കോടി രൂപ ആവശ്യമാണെന്നും ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് സെക്രട്ടറി അറിയിച്ചു. 2013-14 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതത്തിൽ ലഭിക്കുവാനുണ്ടായിരുന്ന 30 കോടി രൂപകൂടി ലഭിച്ച സാഹചര്യത്തിൽ ഈ സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റ് വിഹിതത്തിനു പുറമെ 'കേരള സംസ്ഥാന സിവിൽ സപ്ലൈസ് കോർപ്പറേഷനും മറ്റ് ഏജൻസികളും വഴി നെല്ല് സംഭരിക്കൽ' എന്ന ശീർഷകത്തിൽ 217.50 കോടി രൂപ അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

തുടർന്ന് സമിതി നെല്ല് സംഭരണം സംബന്ധിച്ച് ചർച്ച ചെയ്തു. എല്ലാ ജില്ലകളിലും നെല്ല് സംഭരണം നടക്കുന്നുണ്ടെങ്കിലും ഇതുമായി ബന്ധപ്പെട്ട് കർഷകർ സംതൃപ്തരല്ലെന്നും യഥാസമയം നെല്ല് സംഭരിക്കുകയോ സംഭരണ വില നൽകുകയോ സംഭരിക്കുന്ന നെല്ല് യഥാസമയം കൊണ്ടുപോകുകയോ ചെയ്യുന്നില്ലെന്ന ആക്ഷേപമുണ്ടെന്നും സമിതി അഭിപ്രായപ്പെട്ടു. ആയതിനാൽ നെൽ സംഭരണം ശക്തിപ്പെടുത്തുന്നതിനായി കർഷകരിൽനിന്നും യഥാസമയം നെല്ല് സംഭരിക്കുന്നതിനും കൃത്യമായി സംഭരണ വില നൽകുന്നതിനും സംഭരിച്ച നെല്ല് യഥാസമയം കൊണ്ടുപോകുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിച്ചു. ആയതിന് നടപടി സ്വീകരിക്കാമെന്ന് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് സെക്രട്ടറി ഉറപ്പു നൽകി.

അന്ത്യോദയ അന്നയോജന പദ്ധതി പ്രകാരം ലഭ്യമാകുന്ന ഭക്ഷ്യധാന്യങ്ങളുടെ വിതരണത്തിനുള്ള കടത്തുകൂലി, കൈകാര്യച്ചെലവ്, വിൽപ്പന നികുതി മുതലായവ വഹിക്കുന്നതിനാണ് 'അന്ത്യോദയ അന്നയോജന പദ്ധതി നടപ്പിലാക്കുന്നതിനുവേണ്ട ഭക്ഷ്യധാന്യങ്ങൾ വിതരണത്തിനെത്തിക്കുന്നതിനുള്ള ട്രാൻസ്പോർട്ടേഷൻ ചെലവും മറ്റ് ചെലവുകളും' എന്ന ശീർഷകത്തിൽ തുക വകയിരുത്തിയിരിക്കുന്നത്. റേഷൻ ചില്ലറ വ്യാപാരികളുടെ കമ്മീഷൻ 2012 ഒക്ടോബർ മുതൽ ക്വിന്റലിന് പരമാവധി 60 രൂപയായും റേഷൻ മൊത്ത വ്യാപാരികളുടെ കമ്മീഷൻ 1-11-2013 മുതൽ ക്വിന്റലിന് പരമാവധി 41.40 രൂപയായും വർദ്ധിപ്പിച്ചിട്ടുള്ളതിനാലും മുൻവർഷത്തെ കുടിശ്ശിക അടിയന്തരമായി നൽകേണ്ടതിനാലും ബഡ്ജറ്റ് വിഹിതമായി അനുവദിച്ചിട്ടുള്ള 10 കോടി രൂപ അപര്യാപ്തമാണെന്ന ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു. ആയതിനാൽ ബഡ്ജറ്റ് വിഹിതത്തിനുപുറമെ 28.1021 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ പ്രവർത്തനങ്ങൾക്കും കൂടാതെ അവശ്യ വസ്തുക്കളുടെ വില നിയന്ത്രണം നടത്തുന്നതിനായി വിപണി ഇടപെടൽ പദ്ധതി, ഓണക്കാലത്തെ ബി. പി. എൽ. കിറ്റ് വിതരണം എന്നിവയ്ക്കായും കൂടുതൽ തുക ആവശ്യമാണെന്നും അതോടൊപ്പം കുറഞ്ഞ വിലയ്ക്ക് അവശ്യസാധനങ്ങൾ വിൽക്കുന്നതുമൂലം സിവിൽ സപ്ലൈസ് കോർപ്പറേഷന് അധിക ബാദ്ധ്യതയുണ്ടെന്നും വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു. ആയതിനാൽ പ്രസ്തുത ആവശ്യങ്ങൾക്കായി 'കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ ലിമിറ്റഡിലേക്ക് മാർക്കറ്റ് ഇന്റർവെൻഷൻ പ്രവർത്തനങ്ങൾക്കുള്ള ഗ്രാന്റ്'' എന്ന ശീർഷകത്തിൽ ബഡ്ജറ്റ് വിഹിതമായ 65 കോടി രൂപയ്ക്ക് പുറമെ 327 കോടി രൂപകൂടി അധികമായി വകയിരുത്തണമെന്ന് ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

അത്യാവശ്യ സാധനങ്ങൾ കുറഞ്ഞ വിലയ്ക്ക് ജനങ്ങളിലെത്തിക്കുക എന്ന ലക്ഷ്യത്തോടെ സിവിൽ സപ്ലൈസ് കോർപ്പറേഷൻ നടത്തുന്ന മാർക്കറ്റ് ഇന്റർവെൻഷന് പ്രതിമാസം 31 കോടി രൂപ നിരക്കിൽ ഒരു വർഷം 372 കോടി രൂപ

ആവശ്യമായി വരുന്നുവെന്നും സിവിൽ സപ്ലൈസ് കോർപ്പറേഷൻ 40% വരെ വിലക്കുറവിൽ അവശ്യസാധനങ്ങൾ വില്ക്കുന്നതുമൂലം വളരെയധികം സാമ്പത്തിക ബാദ്ധ്യത ഉണ്ടാകുന്നുവെന്നും ഈ സാമ്പത്തികബാധ്യത നികത്തുന്നത് ബാങ്കുകളിൽ നിന്ന് എടുക്കുന്ന ലോൺ മുഖേനയാണെന്നും സെക്രട്ടറി തുടർന്നറിയിച്ചു. സിവിൽ സപ്ലൈസ് കോർപ്പറേഷൻ നേരിടുന്ന സാമ്പത്തിക ബാദ്ധ്യത പരിഹരിക്കുന്നതിനാവശ്യമായ നടപടി അടിയന്തരമായി സ്വീകരിക്കണമെന്ന് ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

ദേശീയ ഉപഭോക്തൃ ദിനാചരണത്തോടനുബന്ധിച്ചുള്ള വിവിധ പരിപാടികൾ സംഘടിപ്പിക്കുന്നതിനും ഇതു സംബന്ധിച്ച് പൊതുജനങ്ങളിൽ അവബോധം വളർത്തുന്നതിനായി ലഘു ലേഖകൾ വിതരണം ചെയ്യുന്നതിനും ലോകഭക്ഷ്യദിനാചരണത്തിനുള്ള ചെലവുകൾക്കും വേണ്ടി `ഉപഭോക്തൃദിനാഘോഷം' എന്ന ശീർഷകത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള 3 ലക്ഷം രൂപ അപര്യാപ്തമായതിനാൽ ഒരു ലക്ഷം രൂപയും റേഷൻ കാർഡ് അച്ചടിച്ച് നൽകിയ വകയിൽ സി-ഡിറ്റിനും കെൽട്രോണിനും 2.34 കോടി രൂപ കുടിശ്ശികയുള്ളതിനാലും ഈ വർഷം ദേശീയ ഭക്ഷ്യ സുരക്ഷാനിയമം നടപ്പിലാക്കുന്നതിനായി റേഷൻ കാർഡുകൾ പുതുക്കി നൽകേണ്ടതിനാലും `റേഷൻ കാർഡ് പുതുക്കൽ' എന്ന ശീർഷകത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള 50 ലക്ഷം രൂപയ്ക്ക് പുറമേ 8.4833 കോടി രൂപയും അധികമായി വകയിരുത്തണമെന്ന് ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

കേരളത്തിലെ നാടൻ ഭക്ഷ്യ വസ്തുക്കളുടെ തനിമ നിലനിർത്തിക്കൊണ്ട് അവയുടെ നിലവാരം അന്താരാഷ്ട്ര മാർക്കറ്റിലെ ഭക്ഷ്യവസ്തുക്കളുമായി കിടപിടിക്കുന്നതാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെ പത്തനംതിട്ട ജില്ലയിലെ കോന്നിയിൽ പ്രവർത്തിക്കുന്ന കൗൺസിൽ ഫോർ ഫുഡ് റിസർച്ച് ആന്റ് ഡവലപ്പ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനം വിപുലീകരിക്കുന്നതിനും ഭക്ഷ്യപാർക്ക്, ഭക്ഷ്യ സുരക്ഷാ സർവ്വേ, മിനി ഫുഡ് ബിസിനസ്സ് ഇൻക്യുബേഷൻ സെന്റർ, ഔഷധ ഗുണ പരിശോധനാ ലബോറട്ടറി, വെജിറ്റബിൾ/ഫ്രൂട്ട്സ് ഡീ-ഹൈഡ്രേറ്റിംഗ് യൂണിറ്റ് എന്നിവ ആരംഭിക്കുന്നതിനുമായി 'കൗൺസിൽ ഫോർ ഫുഡ് റിസർച്ച് ആന്റ് ഡെവലപ്മെന്റ്'' എന്ന ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള 5 കോടി രൂപ ഡ്രഗ് ടെസ്റ്റിംഗ് ലാബ് ഉപകരണങ്ങൾ വാങ്ങുന്നതിനും ഫുഡ് പാർക്കിന്റെ അടിസ്ഥാന സൗകര്യങ്ങൾ, വെജിറ്റബിൾ/ഫ്രൂട്ട്സ് ഡീ-ഹൈഡ്രേറ്റിംഗ് യൂണിറ്റിന്റെ അടിസ്ഥാന സൗകര്യങ്ങൾ എന്നിവ വിപുലീകരിക്കുന്നതിനും അപര്യാപ്തമായതിനാൽ ബഡ്ജറ്റ് വിഹിതത്തിനു പുറമേ 9 കോടി രൂപ കൂടി അധികമായി വകയിരുത്തണമെന്ന് ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

ഭക്ഷ്യസാധനങ്ങളുടെ വിതരണ ശൃംഖല തുടക്കം മുതൽ അവസാനംവരെ കമ്പ്യൂട്ടർവൽക്കരിക്കുക സപ്ലൈ ചെയിൻ മാനേജ്മെന്റ് സംവിധാനം നടപ്പിലാക്കുക, ന്യായവില ഷോപ്പുകളെ ആധുനികവൽക്കരിക്കുക, റേഷൻ കാർഡുകളിലെ വിവരങ്ങൾ ഡിജിറ്റൈസ് ചെയ്യുക തുടങ്ങിയവ ലക്ഷ്യമിടുന്ന പദ്ധതിക്കായി 20 കോടി രൂപ

മാത്രമാണ് 'കമ്പ്യൂട്ടർവൽക്കരണവും പൊതുവിതരണ സമ്പ്രദായം ശക്തിപ്പെടുത്തലും നവീകരിക്കലും' എന്ന ശീർഷകത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളതെന്ന് കേന്ദ്ര ഗവൺമെന്റിൽ നിന്നും ഫെയ്സ് 1 ആയി 25 കോടി രൂപ ലഭിക്കുകയും തിരുവനന്തപുരത്തെ 6 കടകളിൽ ഇതുമായി ബന്ധപ്പെട്ട പൈലറ്റ് പ്രോജക്ട് ആരംഭിക്കുകയും ചെയ്തിട്ടുണ്ടെന്നും ഹാർഡ്‌വെയർ വാങ്ങുവാൻ കൂടുതൽ തുക ആവശ്യമാണെന്നും ഭക്ഷ്യപൊതുവിതരണ വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു. പ്രസ്തുത പദ്ധതികൾ 18 മാസംകൊണ്ട് പൂർത്തീകരിക്കേണ്ടതും വളരെയധികം ചെലവു പ്രതീക്ഷിക്കുന്നതുമായ End to End Computerisation പദ്ധതി പ്രവർത്തനങ്ങൾക്കും ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണെന്ന് വിലയിരുത്തിയ സമിതി 40 കോടി രൂപകൂടി അധികമായി വകയിരുത്തണമെന്ന് ശുപാർശ ചെയ്യുവാൻ തീരുമാനിച്ചു.

## ധനാഭ്യർത്ഥന നമ്പർ XXVIII—പലവക സാമ്പത്തിക സർവ്വീസുകൾ ലീഗൽ മെട്രോളജി വകുപ്പ്

2013-14 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ പല ബില്ലുകളും മാറി നൽകിയിട്ടില്ലായെന്ന് ഭക്ഷ്യപൊതുവിതരണ വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു. ആയതിനാൽ 2014-15-ൽ 'അളവുകളുടെയും തൂക്കങ്ങളുടെയും ക്രമീകരണം-മെട്രിക് സമ്പ്രദായം നടപ്പാക്കൽ-ഓഫീസ് ചെലവുകൾ' എന്ന ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള 18 ലക്ഷം രൂപയ്ക്ക് പുറമേ 10 ലക്ഷം രൂപയും വാടക കുടിശ്ശിക ഇനത്തിൽ ഹൗസിംഗ് ബോർഡിന് 24 ലക്ഷം രൂപയും തിരുവനന്തപുരം ഡെപ്യൂട്ടി കൺട്രോൾ ഓഫീസിന് 5 ലക്ഷം രൂപയും നൽകാനുള്ള തിനാൽ 2014-15-ലെ 'അളവുകളുടെയും തൂക്കങ്ങളുടെയും ക്രമീകരണം-മെട്രിക് സമ്പ്രദായം നടപ്പാക്കൽ-വാടക, കരം, നികുതി' എന്ന ശീർഷകത്തിൽ ബഡ്ജറ്റ് വിഹിതത്തിന് പുറമേ 30 ലക്ഷം രൂപകൂടി അധികമായി വകയിരുത്തണമെന്ന് ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

തുടർന്ന് 2011-ലെ ലീഗൽ മെട്രോളജി (ജനറൽ) റൂൾസ് പ്രകാരം ലീഗൽ മെട്രോളജി വകുപ്പിലെ നിർവ്വഹണ ഉദ്യോഗസ്ഥരുടെ യോഗ്യത, നിയമന രീതി എന്നിവ സംബന്ധിച്ച Kerala Legal Metrology Services Special Rules 2012, Kerala Legal Metrology Subordinate Services Special Rules 2012 എന്നീ ചട്ടങ്ങളിലെ അപാകതകൾ സംബന്ധിച്ച് സമിതി ചർച്ച ചെയ്യുകയുണ്ടായി. ലീഗൽ മെട്രോളജി സബോർഡിനേറ്റ് സർവ്വീസിൽ ഇൻസ്പെക്ടർ ഓഫ് ലീഗൽ മെട്രോളജി തസ്തികയിലേക്ക് പ്രൊമോഷൻ നൽകുന്ന അവസരത്തിൽ ടെക്നിക്കൽ അസിസ്റ്റന്റ്, എൽ. ഡി. സി., യു. ഡി. സി. എന്നിവരിൽ യോഗ്യത നേടിയവരുടെ അഭാവത്തിൽ മൂന്നുവർഷം സേവനം പൂർത്തിയാക്കിയതും യോഗ്യതയുള്ളവരുമായ ഇൻസ്പെക്ടിംഗ് അസിസ്റ്റൻസിനെക്കൂടി ഫീഡർ കാറ്റഗറിയിൽ ഉൾപ്പെടുത്തുവാൻ സമിതി നിർദ്ദേശിച്ചു.

നിലവിൽ ക്ലാസ്സ് IV തസ്തികയിൽ നിന്നുമാത്രമാണ് ഇൻസ്പെക്ടിംഗ് അസിസ്റ്റന്റായി പ്രൊമോഷൻ നൽകിയിരുന്നതെന്നും എന്നാൽ പുതിയ നിർദ്ദേശമനുസരിച്ച് നിയമനത്തിൽ 50% പ്രൊമോഷൻ വഴിയും 50% പി.എസ്.സി. മുഖേനയുമാണെന്നും ഇത് സർവ്വീസിലിരിക്കുന്ന യോഗ്യതയുള്ള ക്ലാസ്സ് IV ജീവനക്കാരുടെ പ്രൊമോഷനെ ബാധിക്കുന്നതായും ആയതിനാൽ 1:1 എന്ന നിയമന അനുപാതത്തിന് പകരം 4:1 എന്ന നിയമന അനുപാതം സ്വീകരിക്കണമെന്നുമാണ് ക്ലാസ്സ് IV ജീവനക്കാരുടെ ആവശ്യമെന്നും ലീഗൽ മെട്രോളജി വകുപ്പ് കൺട്രോളർ സമിതിയെ അറിയിക്കുകയുണ്ടായി. ആയതിനാൽ ഇൻസ്പെക്ടിംഗ് അസിസ്റ്റന്റ് തസ്തികയിലേക്ക് ക്ലാസ്സ് IV ജീവനക്കാർക്ക് ബൈ ട്രാൻസ്ഫർ മുഖേന പ്രൊമോഷൻ നൽകുന്നതിനുള്ള അനുപാതം സംബന്ധിച്ച് യോഗ്യതയുള്ളവരുടെ എണ്ണവും വേക്കൻസിയും കണക്കാക്കി സമിതിക്ക് തീരുമാനം എടുക്കുന്നതിനായി യോഗ്യതയുള്ള ക്ലാസ്സ് IV ജീവനക്കാരുടെ എണ്ണം, നിലവിലുള്ള ഒഴിവുകളുടെ എണ്ണം, ക്ലാസ്സ് IV ജീവനക്കാർക്ക് പൂർണ്ണമായും പ്രൊമോഷൻ ലഭിക്കുന്നവിധത്തിലുള്ള പുതുക്കിയ അനുപാതം എന്നിവ സംബന്ധിച്ച റിപ്പോർട്ട് അടിയന്തരമായി ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

തുടർന്ന് സമിതി കേരള കൗൺസിൽ ഫോർ ഫുഡ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനം സംബന്ധിച്ച കരട് റിപ്പോർട്ട് പരിഗണിക്കുകയും താഴെപ്പറയുന്ന ഭേദഗതികളോടുകൂടി അംഗീകരിക്കുകയും ചെയ്തു:

രണ്ടാം നമ്പർ ശുപാർശയിലെ 7-ാമത്തെ വരിയിലെ 'റീജിയണൽ സെന്ററുകൾ' എന്ന വാക്കിന് പകരം 'സാമ്പിൾ കളക്ഷൻ സെന്ററുകൾ' എന്ന വാക്ക് ചേർക്കുവാൻ തീരുമാനിച്ചു.

6-ാം നമ്പർ ശുപാർശയിലെ രണ്ടാമത്തെ വരിയിൽ 'ഉൽപ്പന്നങ്ങൾ' എന്ന വാക്കിന് ശേഷം 'ശബരി ബ്രാന്റഡ് ഉൽപ്പന്നങ്ങളിൽ ഉൾപ്പെടുത്തി' എന്ന് ചേർക്കുന്നതിന് തീരുമാനിച്ചു.

7-ാം നമ്പർ ശുപാർശയിലെ 7-ാമത്തെ വരിയിൽ 'ആരംഭിക്കണമെന്നും' എന്ന വാക്കിനുശേഷം 'ഭാവിയിൽ ആവശ്യാനുസരണമുള്ള കോഴ്സുകൾ ഉൾപ്പെടുത്തണമെന്നും' എന്ന് ചേർക്കുന്നതിന് തീരുമാനിച്ചു.

8-ാം നമ്പർ ശുപാർശയിലെ 4-ാമത്തെ വരിയിൽ 'പീരീഡായി കണക്കാക്കി' എന്ന വാക്കിനുശേഷവും 6-ാമത്തെ വരിയിൽ പ്രതിമാസം എന്ന വാക്കിനുശേഷവും 'ഏറ്റവും കുറഞ്ഞത്' എന്ന് ചേർക്കുവാൻ തീരുമാനിച്ചു.

സമിതിയുടെ അടുത്ത യോഗങ്ങൾ 4-3-2014, 10-3-2014 എന്നീ തീയതികളിൽ ചേരുവാൻ തീരുമാനിച്ചു.

സമിതി രാവിലെ 11.35-ന് യോഗം പിരിഞ്ഞു.

## 2014 മാർച്ച് 4-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XI, 2014 മാർച്ച് 4-ാം തീയതി ചൊവ്വാഴ്ച രാവിലെ 11.00 മണിക്ക് നിയമസഭാ സമുച്ചയത്തിലെ 3 എ കോൺഫറൻസ് ഹാളിൽ സമിതി എക്സ്-ഒഫീഷ്യോ അംഗം ബഹു. സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി ശ്രീ. സി. എൻ. ബാലകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു:

1. ശ്രീമതി ഗീതാ ഗോപി, എം. എൽ. എ.
2. ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ, എം. എൽ. എ.
3. ശ്രീ. കെ. കെ. നാരായണൻ, എം. എൽ. എ.
4. ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ, എം. എൽ. എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>

1. ശ്രീമതി എസ്. ജയന്തി, ജോയിന്റ് സെക്രട്ടറി
2. ശ്രീമതി എസ്. ഷാഹിന, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. സഖറിയ പി. സാമുവൽ, അണ്ടർ സെക്രട്ടറി.

<u>ഹാജരായ ഉദ്യോഗസ്ഥർ</u>

1. ശ്രീ. വി. എം. ഗോപാല മേനോൻ, സെക്രട്ടറി, സഹകരണ വകുപ്പ്
2. ശ്രീ. കെ. ജി. ഭട്ട്, രജിസ്ട്രാർ, സഹകരണ വകുപ്പ്
3. ശ്രീ. കെ. ബാബു, അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്
4. ശ്രീമതി വി. സി. മേരിക്കുഞ്ഞ്, അഡീഷണൽ സെക്രട്ടറി, സഹകരണ വകുപ്പ്
5. ശ്രീമതി ജയലക്ഷ്മി, പി., ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ്
6. ശ്രീ. വി. സനൽ കുമാർ, ഡയറക്ടർ, സഹകരണ (ഓഡിറ്റ്) വകുപ്പ്
7. ശ്രീ. കെ. വി. സുരേഷ്, ജോയിന്റ് ഡയറക്ടർ, സഹകരണ (ഓഡിറ്റ്) വകുപ്പ്
8. ഡോ. എസ്. രവീന്ദ്രൻ, ഡയറക്ടർ, കേപ്പ്
9. ശ്രീമതി പി. വാസന്തി, ഡെപ്യൂട്ടി സെക്രട്ടറി, സഹകരണ വകുപ്പ്
10. ശ്രീമതി ജെസിമോൾ ജോസഫ്, അഡീഷണൽ രജിസ്ട്രാർ ഓഫ് കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ്

11. ശ്രീ. ഇ. വിജയൻ, അഡീഷണൽ രജിസ്ട്രാർ ഓഫ് കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ്

12. ശ്രീ. വി. സനിൽ കുമാർ, അഡീഷണൽ രജിസ്ട്രാർ ഓഫ് കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് (കൺസ്യൂമർ)

13. ശ്രീ. കെ. വി. സുരേഷ് ബാബു, അഡീഷണൽ രജിസ്ട്രാർ ഓഫ് കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ്

14. ശ്രീമതി ശ്രീലത, പി. എസ്., ജോയിന്റ് രജിസ്ട്രാർ (മാർക്കറ്റിംഗ്)

15. ശ്രീമതി ബി. ഇന്ദിര, ജോയിന്റ് രജിസ്ട്രാർ (എസ്. സി./എസ്. ടി.)

16. ശ്രീമതി സോജ പ്രകാശം, അസിസ്റ്റന്റ് രജിസ്ട്രാർ (പ്ലാനിംഗ്) ഓഫീസ് ഓഫ് ദി രജിസ്ട്രാർ ഓഫ് കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ്.

പ്രൊഫഷണൽ എഡ്യൂക്കേഷന് വേണ്ടിയുള്ള സഹകരണ അക്കാഡമി നേരിടുന്ന സാമ്പത്തിക പ്രതിസന്ധി സംബന്ധിച്ചും അത് പരിഹരിക്കുന്നതിനായുള്ള നടപടികൾ സംബന്ധിച്ചും സമിതി വിശദമായ ചർച്ച നടത്തുകയുണ്ടായി. ബാങ്കിംഗിതര പ്രവർത്തനങ്ങൾ നടത്തരുതെന്ന് റിസർവ് ബാങ്കിന്റെ നിർദ്ദേശമുള്ളതിനാൽ സംസ്ഥാന സഹകരണ ബാങ്കിന് നേരിട്ട് സീമാറ്റിനെ സഹായിക്കാൻ കഴിയാത്തതിനാൽ ആയതിനായി കേപ്പിനെ ചുമതലപ്പെടുത്തുന്ന കാര്യം ആലോചിക്കാമെന്ന് സമിതി ചെയർമാൻ അറിയിച്ചു. തുടർന്ന്, സമിതി 2014-15 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധനയുടെ ഭാഗമായി ധനാഭ്യർത്ഥന നമ്പർ XXVII (സഹകരണം) എന്നതിൽ ഉൾപ്പെടുന്ന കണക്കിനങ്ങൾ പരിഗണിക്കുകയും യോഗത്തിൽ ഹാജരായിരുന്ന ഉദ്യോഗസ്ഥരിൽ നിന്ന് വിവരങ്ങൾ ആരായുകയും സമിതിയുടെ നിർദ്ദേശങ്ങളും ശുപാർശകളും റിപ്പോർട്ടിൽ ഉൾപ്പെടുത്തുന്നതിന് തീരുമാനിക്കുകയും ചെയ്തു.

## ധനാഭ്യർത്ഥന നമ്പർ XXVII—സഹകരണം

സഹകരണ വകുപ്പിന് ആസ്ഥാനമന്ദിരം സ്ഥാപിക്കുന്നതിനായി സ്ഥലം ലഭിക്കുകയും കെട്ടിടം പണിയുന്നതിനുള്ള പ്രാരംഭനടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ടെന്നും കെട്ടിട നിർമ്മാണത്തിനായി 20 കോടി രൂപ ആവശ്യമാണെന്നും എന്നാൽ ബഡ്ജറ്റിൽ 'സഹകരണ ആസ്ഥാനവും മറ്റ് സ്ഥാപനങ്ങളും' എന്ന ശീർഷകത്തിൽ 3 കോടി രൂപ മാത്രമേ അനുവദിച്ചിട്ടുള്ളൂ എന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സമിതിയെ അറിയിച്ചു. ആയതിനാൽ ബഡ്ജറ്റ് വിഹിതത്തിന് പുറമേ 17 കോടി രൂപകൂടി വകയിരുത്തണമെന്ന് ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

ആശുപത്രി സഹകരണ സംഘങ്ങൾ, ലേബർ കോൺട്രാക്ട് സഹകരണ സംഘങ്ങൾ, കൺസ്യൂമർ സഹകരണ സംഘങ്ങൾ, പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾ മുതലായവയ്ക്ക് ധനസഹായം നൽകുന്നതിനുള്ള പദ്ധതിക്കായി 2014-15 സാമ്പത്തിക വർഷത്തേക്ക് 11.25 കോടി രൂപയാണ് ആകെ അനുവദിച്ചിട്ടുള്ളത്

എന്നും ഈ തുക കഴിഞ്ഞ സാമ്പത്തികവർഷത്തെ ബഡ്ജറ്റ് വിഹിതത്തെക്കാൾ വളരെ കുറവാണെന്നും ഭക്ഷ്യപൊതുവിതരണ വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു. എൻ. സി. ഡി. സി. ധനസഹായം ലഭിച്ചതും വിവിധ ഘട്ടങ്ങളിലായി പൂർത്തീകരിച്ചു വരുന്നതുമായ പ്രോജക്ടുകൾക്ക് രണ്ടാം ഗഡു ധനസഹായം അനുവദിക്കുന്നതിനും 2014-15 സാമ്പത്തിക വർഷത്തിൽ പുതുതായി സംഘങ്ങൾക്ക് ധനസഹായം അനുവദിക്കുന്നതിനും പ്രസ്തുത തുക അപര്യാപ്തമായതിനാൽ 'പ്രാഥമിക കാർഷിക ക്രെഡിറ്റ് സംഘങ്ങൾ, പ്രാഥമിക സംഘങ്ങൾ, മൊത്തവില സ്റ്റോറുകൾ, ഫെഡറേഷനുകൾ തുടങ്ങിയവയ്ക്കുള്ള സഹായം (എൻ. സി. ഡി. സി. പദ്ധതി)' എന്ന ശീർഷകത്തിൽ 27.75 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2011-12 സാമ്പത്തികവർഷം മുതൽ കൃത്യമായി കാർഷിക വായ്പ തിരിച്ചടയ്ക്കുന്നവർക്ക് പലിശ സബ്സിഡി നൽകുന്നതിനായി 32 കോടി രൂപ വകയിരുത്തുന്നതാണെന്ന് പ്രഖ്യാപിച്ചിരുന്നുവെങ്കിലും 'സഹകരണ സ്ഥാപനങ്ങളിൽനിന്നും എടുക്കുന്ന വായ്പയുടെ കൃത്യമായ തിരിച്ചടവിന് നൽകുന്ന ഉത്തേജന പലിശയിളവ് പദ്ധതി' എന്ന ശീർഷകത്തിൽ 5 കോടി രൂപ മാത്രമാണ് അനുവദിച്ചിട്ടുള്ളത്. തുടർ പദ്ധതി ആയതിനാൽ ഈയിനത്തിൽ ബഡ്ജറ്റ് വിഹിതത്തിന് പുറമേ 27 കോടി രൂപകൂടി വകയിരുത്തണമെന്ന് ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

പ്രൊഫഷണൽ വിദ്യാഭ്യാസ സഹകരണ അക്കാഡമിക്ക് കീഴിലുള്ള സ്ഥാപനങ്ങളുടെ പശ്ചാത്തലസൗകര്യ വികസനത്തിനാണ് 'പ്രൊഫഷണൽ എഡ്യൂക്കേഷന് വേണ്ടിയുള്ള സഹകരണ അക്കാഡമിക്കുള്ള ധനസഹായം' എന്ന ശീർഷകത്തിൽ 2.825 കോടി രൂപ വകയിരുത്തിയിട്ടുള്ളത്. കേപ്പിന് ധനസഹായം നൽകുന്നതിനായി സഹകരണ സ്ഥാപനങ്ങൾ ട്രഷറി ഫിക്സഡ് ഡെപ്പോസിറ്റ് പദ്ധതിപ്രകാരം നിക്ഷേപം നടത്തുന്നതിനും പ്രസ്തുത നിക്ഷേപത്തുകയുടെ 25% ഗ്രാന്റായി സർക്കാർ കേപ്പിന് നൽകുന്നതിനും വ്യവസ്ഥയുള്ളതായി സഹകരണ വകുപ്പ് ഉദ്യോഗസ്ഥർ സമിതിയെ അറിയിച്ചു. ഈയിനത്തിൽ കേപ്പിന് ബാക്കി നൽകാനുണ്ടായിരുന്ന 35.52 കോടിരൂപയിൽ 2014-15-ൽ വകയിരുത്തിയിട്ടുള്ള 2.825 കോടി രൂപയ്ക്ക് പുറമേ 32.69 കോടി രൂപകൂടി അധികമായി വകയിരുത്തേണ്ടതാണെന്ന് ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

കാർഷികോൽപ്പന്നങ്ങൾ കർഷകർക്കും ഉപഭോക്താക്കൾക്കും പ്രയോജനപ്രദമാകും വിധം വിപണനം നടത്തുന്നതിന് വികസന ബ്ലോക്കുകൾതോറും കാർഷിക സഹകരണ സംഘങ്ങൾ രൂപീകരിക്കുമെന്നും ഇത്തരം സംഘങ്ങൾക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും കാർഷികോൽപ്പന്നങ്ങൾ സമാഹരിക്കുന്നതിനും അവ ഗുണമേൻമ നഷ്ടപ്പെടാതെ സമയബന്ധിതമായി വിപണിയിലെത്തിച്ച് വിപണനം നടത്തുന്നതിനും അഞ്ച് ലക്ഷം രൂപ വരെ 3 വർഷത്തേക്ക് പലിശരഹിത വായ്പ നൽകുമെന്നു 2014-15 സാമ്പത്തികവർഷത്തെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്നുവെങ്കിലും ആയതിലേക്ക് തുകയൊന്നും വകയിരുത്തിയിട്ടില്ലെന്ന് സമിതി മനസ്സിലാക്കി. ആയതിനാൽ പ്രസ്തുത

ബഡ്ജറ്റ് പ്രഖ്യാപനം നടപ്പിലാക്കുന്നതിനായി ആയതിലേക്ക് പുതിയ ശീർഷകം നൽകി 10 കോടി രൂപ വകയിരുത്തണമെന്ന് ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

22-10-2013-ലെ 671/2013/സഹ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം മാർക്കറ്റ് ഫെഡിന് 35 കോടി രൂപ 2014-15 സാമ്പത്തികവർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തി അനുവദിക്കുന്നതിന് തീരുമാനിച്ചിരിക്കുന്ന സാഹചര്യത്തിൽ പ്രസ്തുത തുകയായ 35 കോടി രൂപ നടപ്പുസാമ്പത്തികവർഷം പുതിയ ശീർഷകത്തിൽ അനുവദിക്കണമെന്ന് ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

11-3-2014-ന് ചേരുവാൻ നിശ്ചയിച്ചിരുന്ന സമിതിയുടെ അടുത്ത യോഗം 13-3-2014-ലേക്ക് മാറ്റിവയ്ക്കുവാൻ സമിതി തീരുമാനിച്ചു.

സമിതി രാവിലെ 11.45-ന് യോഗം പിരിഞ്ഞു.